2015 ഒക്ടോബർ 10
വാല്യം 08
ലക്കം 19

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

## ശാരോൻ ജനറൽ കൺവൻഷൻ ഡിസംബർ 1 മുതൽ

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ ഡിസംബർ 1 ചൊവ്വ മുതൽ 6 ഞായർ വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ നടക്കും. സഭാ പ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ സുപ്രസിദ്ധ പ്രസംഗകർ ദൈവവചനം ശുശ്രൂഷിക്കും. 'ക്രൂശിന്റെ ശക്തിയും സന്ദേശവും' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. പാസ്റ്റേഴ്സ് സെമിനാർ, ധ്യാനയോഗം, മിഷൻ സമ്മേളനം, ബൈബിൾ ക്ലാസ്, വനിതാ സമ്മേളനം, സി.ഇ.എം.- സൺഡേ സ്കൂൾ സംയുക്ത സമ്മേളനം തുടങ്ങിയവ കൺവൻഷനോടനുബന്ധിച്ചു നടക്കും. ഞായറാഴ്ച സംയുക്ത സഭായോഗത്തോടെ ജനറൽ കൺവൻഷൻ സമാപിക്കും.

കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി പാസ്റ്റർമാരായ വർഗീസ് ജോഷ്വാ, കെ. ജോണിക്കുട്ടി (പ്രയർ), ഏബ്രഹാം മന്ദമരുതി, പി.എ. ചാക്കോച്ചൻ (പബ്ലിസിറ്റി), ബ്രദേഴ്സ് കെ.ഇ. ജോർജ്, കെ.കെ. തോമസ് (ഫൈനാൻസ്), പാസ്റ്റർമാരായ ജോൺസൺ കെ. ശമുവേൽ, സാം ഫിലിപ്പ് (ഫുഡ്), ബ്രദർ ഏബ്രഹാം ഉമ്മൻ, പാസ്റ്റർ ബോസ് എം. കുരുവിള (അറേഞ്ച്മെന്റ്സ്), പാസ്റ്റേഴ്സ് ജോസഫ് സഖറിയ, കെ.എം. പീറ്റർ (വോളന്റിയേഴ്സ്), ജേക്കബ് ജോർജ്. കെ., ജോണി.കെ (അക്കോമഡേഷൻ), സോവി മാത്യു (മ്യൂസിക്), ബ്രദേഴ്സ് കെ.ഇ. ജോർജ്, കുഞ്ഞച്ചൻ വർഗീസ് (ട്രാൻസ്പോർട്ടേഷൻ) എന്നിവരടങ്ങുന്ന വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

## പാസ്റ്റർ വി. റ്റി. ഏബ്രഹാം സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് സൂപ്രണ്ട്


പാസ്റ്റർ വി. റ്റി. ഏബ്രഹാം


ഡോ. ഐസക് വി. മാത്യൂ


പാസ്റ്റർ അബ്ദുൾ കരീം


ഡോ. പി. എസ്. ഫിലിപ്പ്

**കണ്ണൂർ:** സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടായി പാസ്റ്റർ വി. റ്റി. ഏബ്രഹാം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ഡോ. ഐസക് വി. മാത്യൂ (ജനറൽ സെക്രട്ടറി), പാസ്റ്റർ അബ്ദുൾ കരീം (ജനറൽ ട്രഷറാർ), പാസ്റ്റർ സ്റ്റീവ് ജയരാജ് (അസി. സൂപ്രണ്ട്), പാസ്റ്റർ ജി. പീറ്റർ (കമ്മറ്റി അംഗം) എന്നിവരാണ് പുതിയ ഭാരവാഹികൾ.

സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് പ്രതിനിധിയായി ഏ.ജി. ഐ. യിലേക്ക് മലയാളം ഡിസ്ട്രിക്ട് മുൻസൂപ്രണ്ടും പുനലൂർ ബഥേൽ ബൈബിൾ കോളജ് മുൻ പ്രിൻസിപ്പാളുമായ ഡോ. പി. എസ്. ഫിലിപ്പിനെ തെരഞ്ഞെടുത്തു.

ജനറൽ സൂപ്രണ്ടായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ വി. റ്റി. ഏബ്രഹാം മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ടാണ്. മികച്ച സംഘാടകനും പ്രസംഗകനുമായ ഇദ്ദേഹം മൂന്നാം തവണയാണ് ഈ സ്ഥാനത്തേക്ക് എത്തുന്നത്.

മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാ, തമിഴ്നാട്, കേരളം, ഗോവ എന്നീ സംസ്ഥാനങ്ങളാണ് സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് പരിധിയിൽ ഉള്ളത്. ഡോ. ഐസക് വി. മാത്യു മലയാളം ഡിസ്ട്രിക്ട് മുൻ അസി. സൂപ്രണ്ടും പാസ്റ്റർ അബ്ദുൾ കരീം കർണ്ണാടക മുൻ സൂപ്രണ്ടുമാണ്.

## 'ആഗ്നസ് ഓഫ് ഗോഡ്' നാടകത്തിനെതിരെ കത്തോലിക്കാ സഭ



● പ്രകാശ്.പി.കോശി

കത്തോലിക്കാ സഭയിലെ കന്യാസ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നു എന്ന പരാതി ഉയർന്ന വിവാദ നാടകമായ ആഗ്നസ് ഓഫ് ഗോഡിനെതിരെ മുംബൈ നഗരത്തിൽ സഭയുടെ ശക്തമായ എതിർപ്പ് ഏറുന്നു. ഒക്ടോബർ നാലിന് മുംബൈയിലെ സോഫിയാ ബാബ ഓഡിറ്റോറിയത്തിൽ അരങ്ങേറാനിരുന്ന നാടകം അവസാന നിമിഷത്തിൽ ശക്തമായ പ്രതിഷേധം കാരണം റദ്ദാക്കി.

പ്രമുഖ കത്തോലിക്ക ഗ്രൂപ്പുകളും സഭാ നേതൃത്വവും ഈ നാടകത്തിനെതിരെ രംഗത്ത് വന്നിട്ടുണ്ട്. കാത്തലിക് ബിഷപ്പ് കോൺഫറൻസിന്റെ അധ്യക്ഷൻ കർദിനാൾ ബസേലിയോസ് ക്ലിമീസ് ഈ നാടകം ഇന്ത്യയിൽ നിരോധിക്കണം എന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. രാജ്യത്തെ ലക്ഷകണക്കിന് ക്രൈസ്തവരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്നു എന്നതാണ് കാരണം. ക്രൈസ്തവ വിശ്വാസത്തെ വളച്ചൊടിക്കുകയും, ആയിരകണക്കിന് വൈദികരെ മോശമായി ചിത്രീകരിക്കുകയും ചെയ്യുന്ന നാടകം അടിയന്തരമായി നിരോധിക്കണം എന്ന് കർദിനാൾ ക്ലിമീസ് കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗിനയച്ച കത്തിൽ ആവശ്യപ്പെടുന്നു. 1982-ൽ പ്രമുഖ ഇംഗ്ലീഷ് നാടക എഴുത്തുകാരൻ John Pielmeier ആണ് ഇത് അവതരിപ്പിച്ചത്. കത്തോലിക്കാ സഭയിലെ കന്യാസ്ത്രീ ആഗ്നസ് ഗർഭവതിയായി ഒരു ആൺകുഞ്ഞിനെ പ്രസവിക്കുന്നതാണ് നാടകത്തിന്റെ പ്രമേയം. എന്നാൽ സിസ്റ്റർ ആഗ്നസ് താൻ ഒരു കന്യകയാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഡോക്ടർമാരും സൈക്യാട്രിസ്റ്റും സിസ്റ്ററിനെ പരിശോധിച്ച് അവർക്ക് മാനസിക രോഗം ആണെന്ന് പ്രഖ്യാപിക്കുന്നു.

08

## വൈ.പി.ഇ.കേരള സ്റ്റേറ്റ് ക്യാമ്പ് മാവേലിക്കരയിൽ


പാസ്റ്റർ വൈ. റെജി


ബ്രദർ അജി കുളങ്ങര

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് യുവജന വിഭാഗമായ വൈ.പി.ഇ. യുടെ സംസ്ഥാന ക്യാമ്പ് 2015 ഡിസംബർ 21, 22, 23 തീയതികളിൽ മാവേലിക്കര ഐ. ഇ. എം ക്യാമ്പ് സെന്ററിൽ വച്ച് നടത്തപ്പെടും. സംസ്ഥാന സെക്രട്ടറി അജി കുളങ്ങരയുടെ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ വൈ. റെജി ക്യാമ്പ് ഉത്ഘാടനം ചെയ്യും. പ്രഗത്ഭരായ കർതൃദാസന്മാർ ക്ലാസ്സുകൾ നയിക്കും കൂടാതെ കൗൺസിലിംഗ് ക്ലാസ്സുകൾ, വചന പഠനം, മിഷൻ ചലഞ്ച്, പപ്പറ്റ് ഷോ, ഗെയിമുകൾ, കുട്ടികളുടെ വിവിധ പ്രോഗ്രാമുകൾ എന്നിവ ഉൾപ്പെടുത്തി വളരെ വ്യത്യസ്തമായ നിലയിൽ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു.

### വൈ. പി. ഇ താലന്തു പരിശോധന മുളക്കുഴയിൽ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് യുവജന വിഭാഗമായ വൈ. പി. ഇയുടെ സംസ്ഥാനതല താലന്തു പരിശോധന മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നവംബർ 10ന് രാവിലെ 9 മണിക്ക് വൈ. പി. ഇ സ്റ്റേറ്റ് സെക്രട്ടറി അജി കുളങ്ങരയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വൈ. പി. ഇ പ്രസിഡന്റ് പാസ്റ്റർ വൈ. റെജി പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്യും. സോണൽ തലങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. ഒക്ടോബർ 30-തിനകം സോണൽ കോർഡിനേറ്റർ മുഖാന്തിരം വിജയികളായവരുടെ ലിസ്റ്റ് സ്റ്റേറ്റ് ഓഫിസിൽ എത്തിക്കേണ്ടതാണ്.

### സാക്ഷി



ശുശ്രൂഷയുടെ പേരിൽ ന്യൂജൻകാർ നടത്തുന്നത് കോപ്രായങ്ങളല്ലേ?

*എല്ലാം ബാധയുടെ പ്രശ്നമാണ്*

## സ്കൂൾ ഓഫ് ജേണലിസം ഉദ്ഘാടനം ചെയ്തു

**കുമ്പനാട്:** ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യയുടെ ചുമതലയിൽ ആരംഭിക്കുന്ന സ്കൂൾ ഓഫ് ജേണലിസത്തിന്റെ ഉദ്ഘാടനം നടന്നു. കുമ്പനാട് ചർച്ച് ഓഫ് ഗോഡ് ബഥേൽ ഹാളിൽ പ്രസിഡന്റ് പാസ്റ്റർ പി. ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് ഉദ്ഘാടനം നിർവ്വഹിച്ചു. മനോരമ മുൻ സീനിയർ അസിസ്റ്റന്റ് എഡിറ്റർ ഡോ. പോൾ മണലിൽ മുഖ്യപ്രഭാഷണം നടത്തി. ഐ. പി. സി. മുൻ ജനറൽ പ്രസിഡന്റും പവ്വർ വിഷൻ ചെയർമാനുമായ പാസ്റ്റർ കെ. സി. ജോൺ അനുഗ്രഹപ്രഭാഷണം നിർവ്വഹിച്ചു. ചർച്ച് ഓഫ് ഗോഡ് മുൻ ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ലോഗോ പ്രകാശനം നടത്തി. പാസ്റ്റർ ജെയ്സ് പാണ്ടനാട് സ്വാഗതവും പാസ്റ്റർ സണ്ണി വർക്കി കൃതജ്ഞതയും അറിയിച്ചു. റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനറൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു വിശദീകരിച്ചു. ഫെലോഷിപ്പ് ചുമതലക്കാരെ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ. ജോസഫ് പരിചയപ്പെടുത്തി. പാസ്റ്റർ രാജു ആനിക്കാട്, ബ്രദർ സുധി ഏബ്രഹാം (പി. വൈ. പി. എ. പ്രസിഡന്റ്), പാസ്റ്റർ ജോൺസൺ ദാനിയേൽ (എഡ്യൂക്കേഷൻ ഡയറക്ടർ), പാസ്റ്റർ വൈ. ജോസ് (പ്രെയർ സെൽ ഡയറക്ടർ), പാസ്റ്റർ സണ്ണി പി. ജോയി (യൂത്ത് ഡയറക്ടർ) പാസ്റ്റേഴ്സ് പി. പി. കുര്യൻ, കെ. ഒ. ഉമ്മൻ, പി. എൻ. ഫിലിപ്പ്,



സ്കൂൾ ഓഫ് ജേണലിസം പാസ്റ്റർ പി. ജെ. ജെയിംസ് ഉദ്ഘാടനം ചെയ്യുന്നു

09

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# ദുരുപദേശകർക്കെതിരെ ഒന്നിക്കണം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പെന്തെക്കോസ്ത് വിശ്വാസം എന്നത് കലർപ്പില്ലാത്ത ദൈവവചന ഉപദേശത്തിൽ അധിഷ്ഠിതമാണ്. അതിൽ കലർപ്പ് ചേർക്കുന്നത് ഒരിക്കലും അംഗീകരിക്കുവാൻ കഴിയുകയില്ല. എന്നാൽ ഇന്ന് ദുരുപദേശകരും ദുരുപദേശ ഖണ്ഡകരും തമ്മിൽ നവമാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകൾ മര്യാദയുടെ അതിർ കടക്കുന്നുവോ എന്ന് തോന്നിപ്പോകുന്നു. നമ്മുടെ വിശ്വാസത്തെക്കുറിച്ച് ചോദിക്കുന്നവരോട് പ്രതിവാദം പറയുവാൻ നമ്മൾ ഒരുക്കമുള്ളവരായിരിക്കണമെന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. ദുരുപദേശത്തെക്കുറിച്ച് പറയുന്നതിനു മുമ്പ് ശരിയായ ഉപദേശത്തെക്കുറിച്ച് ജനത്തെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ദുരുപദേശകർ എന്ന പേരിൽ സകലരെയും അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. വാളും പരിചയുമായി യുദ്ധം ചെയ്യുന്നതുപോലെ പോരടിക്കേണ്ട ഒന്നല്ല ഇത്. ആദിമ സഭയിൽ തന്നെ ദുരുപദേശകർ സഭയിൽ പ്രവേശിച്ചിരുന്നു എന്ന് നമുക്ക് കാണാൻ കഴിയുന്നുണ്ട്. യേശുക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്ന ആളുകൾ രംഗപ്രവേശനം ചെയ്തപ്പോൾ അതിനെതിരെ ശക്തമായി അന്നത്തെ സഭയുടെ നേതൃത്വം രംഗത്തുണ്ടായിരുന്നു. ശരിയായ ഉപദേശത്തിൽ സഭയെ നയിക്കുവാൻ ബദ്ധശ്രദ്ധാലുക്കളായിരുന്നു അന്നത്തെ ആത്മീയ നേതൃത്വം. ദുഃഖകരമെന്ന് പറയട്ടെ വിവിധ കാലങ്ങളിൽ വേഷപകർച്ചയോടെ ദുരുപദേശങ്ങളും ദുഷ്പ്രവണതകളും പെന്തെക്കോസ്ത് സമൂഹത്തിൽ ചേക്കേറിയപ്പോൾ ഇവിടുത്തെ സഭാനേതൃത്വം ഉറങ്ങുകയായിരുന്നു അല്ലെങ്കിൽ ഉറക്കം നടിക്കുകയായിരുന്നു. അധികാര കസേരയ്ക്കുവേണ്ടി കളികൾ നടത്തുന്നതിനിടയ്ക്ക് ഇത്തരം കാര്യങ്ങൾക്ക് നമ്മുടെ നേതാക്കന്മാർക്ക് സമയമില്ല എന്നതാണ് യാഥാർത്ഥ്യം. ശരിയായ പഠനമോ വേദപുസ്തക സംബന്ധമായ അറിവോ നമ്മുടെ പല നേതാക്കന്മാർക്കും ഇല്ലാ എന്നുള്ളതാണ് വസ്തുത. രാഷ്ട്രീയ കളികളിലൂടെ വിജയിച്ച് അധികാര കസേരയിൽ എത്തുന്നതുകൊണ്ട് മാത്രം ഇവർ നേതാക്കന്മാരായി വിലസുന്നു. ആദിമ സഭയുടെ ചരിത്രം പഠിക്കുമ്പോൾ അപ്പൊസ്തലന്മാർ വചന ധ്യാനത്തിലും പ്രാർത്ഥനയിലും ഉറ്റിരിക്കുകയായിരുന്നു. മേശയിലെ ശുശ്രൂഷ (ഭൗതീക കാര്യങ്ങൾ) ചെയ്യുവാൻ പ്രാപ്തരായ സഹോദരന്മാരെ ഭരമേൽപ്പിക്കുകയായിരുന്നു. ആത്മീയ ശുശ്രൂഷയും സഭയിലെ ഭരണപരമായ മറ്റുകാര്യങ്ങളും രണ്ടായി കാണണം. എന്നാൽ ഇന്ന് ഇതെല്ലാം ശുശ്രൂഷയുടെ മറവിൽ ഒരുകൂട്ടർ കൈയടക്കിയിരിക്കുന്നു. അതുകൊണ്ട് തന്നെ സഭയിൽ ഇന്ന് എല്ലാം തല തിരിഞ്ഞ നിലയിലാണ്.

കാലാകാലങ്ങളിൽ ദുരുപദേശത്തെ സംബന്ധിച്ച് ശുശ്രൂഷകരെയും വിശ്വാസികളെയും ബോധവൽക്കരിക്കുവാൻ നേതൃത്വത്തിന് കഴിയുന്നില്ല. അതുകൊണ്ട് തന്നെ വാൾ എടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന നിലയിൽ സമൂഹത്തിനു മുമ്പിൽ പെന്തെക്കോസ്തിന് അവമതി വരുത്തി വിലസുകയാണ്. ഇക്കൂട്ടർക്ക് വേദി ഒരുക്കിക്കൊടുത്തും ഇവരുടെ വേദികളിൽ കടന്നുപോയി ശുശ്രൂഷിച്ചും നമ്മുടെ നേതാക്കളും ശുശ്രൂഷകരും ഇരട്ടത്താപ്പ് നയം പുലർത്തുകയാണ്.

ദുരുപദേശ ഖണ്ഡനം പലപ്പോഴും അതിന്റെ അതിർ ഭേദിച്ച് പോകുന്നുവോ എന്ന് തോന്നിപ്പോകുന്നു. ദുരുപദേശത്തിന്റെ പേരിൽ സകലരെയും അടച്ചാക്ഷേപിക്കുവാൻ പാടില്ല.

ദുരുപദേശം സാധാരണ വിശ്വാസികളെയും ശുശ്രൂഷകരെയും വല്ലാതെ വലച്ചിരിക്കുന്നു. ഇതിന് പരിഹാരം വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. സഭാനേതൃത്വങ്ങൾ ഈ നിസംഗത വെടിഞ്ഞ് ഉണരുവാൻ കാലമായി. ദുരുപദേശത്തിനെതിരെയുള്ള പോരാട്ടത്തിൽ ശരിയായ പങ്കുവഹിക്കേണ്ടത് സഭാനേതൃത്വങ്ങൾ തന്നെയാണ്. കൂട്ടായ ശ്രമത്തിലൂടെ ദൈവവചനത്തിനു വിരുദ്ധമായ നവപ്രവണതകളെ അകറ്റി നിർത്തുവാൻ കഴിയും. ഇവിടെ ആവശ്യം ആർജ്ജവമുള്ള നേതൃത്വമാണ്. ജനം തെറ്റായ വഴിയിലൂടെ നടക്കുന്നു എന്നു കണ്ട് അവരെക്കുറിച്ച് ആത്മഭാരത്തോടെയും എരിവോടെയും ശരിയായ ദിശയിൽ നടത്തുവാൻ കഴിയുന്ന നേതൃത്വമാണ് ഇന്നിന്റെ ആവശ്യം.

07 സൂപ്പർമൂണും ലോകാ....

ന്നു. അതിന് ഉദാഹരണമാണ് ചൈനയിൽ നടന്നത്. 2012 ഡിസംബർ 21 ന് വന്ന ഒരു വാർത്തയിൽ വായിച്ചത് ഇങ്ങനെ, പ്രവചന പ്രചാരണം നടത്തിയ ആയിരം പേരെ ചൈന അറസ്റ്റ് ചെയ്തു. 2012 ഡിസംബർ 21 ന് ലോകവസാനം പ്രവചിച്ച് നോട്ടീസ് അടിച്ചും മൈക്ക് ഉപയോഗിച്ചും പ്രചാരണം നടത്തിയ യാഥാസ്തിക ക്രിസ്ത്യൻ പ്രവർത്തകരെ ജനത്തിന്റെ ഇടയിൽ ഭീതി പരത്തിയതിനാണ് അറസ്റ്റ് ചെയ്തത്. ഇതിൽ വളരെ രസകരം ബൈബിളല്ല അവർ ആധാരമാക്കിയത്, മായൻ മത വിശ്വാസസമൂഹത്തിന്റെ കലണ്ടറായ മായൻ കലണ്ടറാണ്. തെക്കേ അമേരിക്കയിലെ മായൻ വിശ്വാസികളുടെ കലണ്ടർ അനുസരിച്ച് 2012 ഡിസംബർ 21 ന് ലോകം അവസാനിക്കും എന്നായിരുന്നു സങ്കല്പം. മായൻ കലണ്ടറും ബൈബിളുമായി ഒരു ബന്ധവും ഇല്ലെന്ന് മനസ്സിലാക്കുമ്പോഴാണ് നാം ഞെട്ടിപ്പോകുന്നത്. ഇതിൽ നിന്നും നാം അഭിമുഖികരിക്കുന്ന അത്യന്തം ഗൗരവതരവും ചിന്തനീയവുമായ വസ്തുത നാം ഗ്രഹിക്കണം. ബൈബിളിൽ ആരാണ് എന്ന് വിശദീകരിക്കാത്ത ഒരു വ്യക്തിയാണ് അന്തിക്രിസ്തു. നമ്മുടെ കൺവൻഷൻ വേദികളിൽ ഒരു കാലത്ത് മുഴങ്ങി കേട്ടുകൊണ്ടിരുന്ന പേരായിരുന്നു സദ്ദാം ഹുസൈൻ. ഇറാക്കിന്റെ പ്രസിഡന്റായിരുന്ന സദ്ദാം ഹുസൈൻ ആണ് അന്തിക്രിസ്തു എന്നായിരുന്നു ആ വ്യാഖ്യാനം. ഇതിന് അവരെ പ്രേരിപ്പിച്ച കാര്യം ഇറാക്കിന്റെ ബാബേൽ എന്ന പഴയ പേരും സദ്ദാംഹുസൈന്റെ ഏകാധിപത്യ ശൈലിയും നെബൂക്കദ്നേസറിന്റെ പഴയ ബാബേൽ നഗരം പുനരുദ്ധരിക്കുവാനുള്ള സദ്ദാംഹുസൈന്റെ ശ്രമവും ആയിരുന്നു. സദ്ദാംഹുസൈന്റെ മരണത്തോടെ ആ പ്രവചനങ്ങൾ ഓടി മറഞ്ഞു. ബൈബിളിന്റെ പിൻബലത്തോടെ സ്വന്തം കണക്ക് കൂട്ടലുകൾ ബൈബിൾ സത്യമെന്ന പോലെ വാമൊഴികളിലും വരമൊഴിയിലും അവതരിപ്പിച്ചപ്പോൾ ബഹുജനങ്ങളുടെ മുമ്പിൽ നാം പരിഹാസ്യരായി. ഈ ലേഖകൻ ബൈബിൾ പ്രവചനങ്ങൾക്ക് എതിരല്ല. ബൈബിൾ പ്രവചനങ്ങളിൽ പൂർണ്ണമായി വിശ്വസിക്കുകയും സഭാജനങ്ങളോട് മാത്രമല്ല, നിരവധി പൊതുവേദികളിൽ പൊതുജനങ്ങളോട് ബൈബിൾ പ്രവചനങ്ങളെ ആസ്പദമാക്കി പ്രസംഗിക്കുകയും ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്ന ആളുമാണ് എന്ന് വിനയ പുരസ്സരം അറിയിക്കട്ടെ. ഈ ലേഖകൻ ബൈബിൾ പ്രവചനങ്ങൾക്ക് എതിരല്ല എന്ന് വിശദമാക്കാൻ ഇത് ചൂണ്ടി കാണിച്ചു എന്നെയുള്ളു. ബൈബിൾ പ്രവചനങ്ങൾ ആണെന്ന് ചൂണ്ടിക്കാണിച്ച് സ്വന്തം കണക്ക് കൂട്ടലുകളും സ്വന്ത ആശയങ്ങളും അവതരിപ്പിച്ച് ബൈബിളിന്റെ ദൈവനിശ്വാസ്യതയെ ചോദ്യം ചെയ്യാൻ ബൈബിളിന്റെ സ്വയപ്രഖ്യാപിത ശത്രുക്കൾക്ക് അവസരം ഉണ്ടാക്കരുതെന്നാണ് ഉദ്ദേശിച്ചത്. ഈ സൂപ്പർ മൂൺ അനുബന്ധിച്ച് മുന്നറിയിപ്പുകൾ ചില സർക്കാർ ഏജൻസികളിൽ നിന്നും ഉണ്ടായിരുന്നു എന്നത് ഒഴിച്ചാൽ ലോകാവസാനം നാസ അടക്കം നിഷേധിച്ചിരുന്നു. സർക്കാർ ഏജൻസികളുടെ മുന്നറിയിപ്പിന്റെ അടിസ്ഥാനം സൂപ്പർമൂൺ പ്രതിഭാസത്തോടൊപ്പം ബ്ലഡ് മൂണും വരുന്നതിനാൽ ചില ഭാഗങ്ങളിൽ നേരിയ ഭൂചലനങ്ങൾ ഉണ്ടാകാൻ സാധ്യത ഉണ്ടായിരുന്നു. അത് ശരിയുമായിരുന്നു. ഈ പ്രതിഭാസ സമയം ഭൂമി ചന്ദ്രന്റെ ഗുരുത്വാകർഷണ വലയത്തിനകത്താകും. ചന്ദ്രൻ ഭൂമിയോട് അടുത്ത് വരുന്ന സൂപ്പർ മൂൺ സമയങ്ങളിൽ ചന്ദ്രന്റെ ആകർഷണ ശക്തി കാരണം ഭൗമിക പാളികൾ വളരെ പെട്ടെന്ന് നീങ്ങി കയറുന്നതായി ജപ്പാനിൽ ഉണ്ടായ ഭൂകമ്പത്തിൽ കണ്ടു. ഭൂമിയുടെ അന്തർഭാഗം ദ്രാവക സ്ഥിതിയിൽ ആയതിനാൽ ചന്ദ്രൻ ഭൂമിക്ക് സമീപം വരുന്നത് ഭൗമ പാളികളെ മാത്രമല്ല ഭൂമിയുടെ ഉപരിതലത്തെയും ബാധിക്കും. വേലിയേറ്റവും വേലിയിറക്കവും പോലും ചന്ദ്രനുമായുള്ള ബന്ധത്തിലാണല്ലോ. അങ്ങനെയെങ്കിൽ സൂപ്പർ മൂൺ സമയത്ത് തിരമാലകൾ ഉയരാൻ ഉള്ള സാധ്യത കൂടുതൽ ആയിരുന്നു. ലോകം ദർശിച്ച ഏറ്റവും മാരകമായ ഭൂചലനങ്ങൾ ഉണ്ടായത് സൂപ്പർ മൂൺ കാലത്ത് ആയിരുന്നു എന്ന് ചരിത്രം വരച്ചു കാട്ടുന്നു. ഉദാഹരണങ്ങൾ:- സുമാട്ര - 1833, 2004, അലാസ്ക - 1964, ഉത്തരകാശി - 1991, ലാത്തൂർ - 1993, ചിലി - 2010, പാകിസ്ഥാൻ - 2011 ഇതെല്ലാം പൂർണ്ണ ചന്ദ്രഗ്രഹണത്തോട് ബന്ധപ്പെട്ടായിരുന്നു മാത്രമല്ല. ഈ കഴിഞ്ഞ സൂപ്പർ മൂണിനോട് അനുബന്ധിച്ച് 24 മണിക്കൂറിനകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചെറുതും വലുതുമായ 133 ഭൂകമ്പങ്ങൾ ഉണ്ടായി. റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയത് പരിഗണിക്കുമ്പോൾ നാലിനും അഞ്ചിനും മധ്യേ ആയിരുന്നു മിക്കതും.

ഇങ്ങനെയൊക്കെയാണെങ്കിലും ലോകാവസാനം സൂപ്പർ മൂണുമായി ബന്ധപ്പെട്ട് ബൈബിൾ വെളിച്ചത്തിൽ പ്രവചിപ്പാൻ സാധ്യമല്ല. മുകളിൽ ഉദ്ധരിക്കപ്പെട്ട യോവേൽ പ്രവചനം 2:31 ഇപ്പോൾ സംഭവിക്കുന്നതല്ല. (സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറുന്നത്). വെളിപ്പാട് പുസ്തകം 6:12 ൽ സൂര്യൻ കരിമ്പടം പോലെ കറുത്ത് പോകുന്നതും ചന്ദ്രൻ രക്തതുല്യമായി മാറുന്നതും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് രണ്ടും ഒരു സംഭവം ആണ് എന്ന് മനസ്സിലാക്കാം. ഇത് ഇപ്പോൾ സംഭവിക്കുന്ന കാര്യമല്ല. മഹോദ്രവ കാലഘട്ടത്തിൽ സംഭവിക്കുന്ന വസ്തുതയാണിത്. മാത്രമല്ല ഇത് സംഭവിക്കുമ്പോൾ നാം ഭൂമിയിൽ ആയിരിക്കില്ല. ക്രിസ്തുവിനോട് കൂടെ മദ്ധ്യാകാശത്തിൽ ആയിരിക്കും. ദൈവവചന സത്യങ്ങളെ അതിന്റെ വസ്തുതാപരമായി നമുക്ക് പഠിക്കാം, പഠിപ്പിക്കാം, പ്രസംഗിക്കാം തെറ്റായ വാർത്തകളും പഠിപ്പിക്കലുകളും വ്യാഖ്യാനങ്ങളും നാം ശ്രവിക്കുമ്പോൾ നാം യഥാർത്ഥ സത്യത്തിൽ നിന്നും വ്യതിചലിക്കാതിരിക്കുക. ഒന്ന് നാം ഓർക്കുക മനുഷ്യന്റെ കണക്ക് കൂട്ടലുകൾക്ക് പിശക് സംഭവിക്കും. എന്നാൽ ദൈവത്തിന്റെ കണക്ക് പുസ്തകം തെറ്റുകയില്ല. ഈ സത്യം മുകളിൽ പരാമർശിക്കപ്പെട്ട പാസ്റ്റർമാർ വേണ്ട വിധം ഗ്രഹിച്ചില്ല എന്നതാണ് അവരുടെ പരാജയം.

## സണ്ടേസ്കൂൾ സ്റ്റേറ്റ് താലന്തു പരിശോധന

**മുളക്കുഴ:** സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ നടത്തി വരുന്ന താലന്തു പരിശോധനയുടെ സംസ്ഥാനതല മത്സരം 2015 ഒക്ടോബർ 22-ാം തീയതി രാവിലെ 9 മണിക്ക് മുളക്കുഴ സീയോൻകുന്നിൽ വച്ച് നടക്കുന്നതാണ്. സോണൽ തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്കു മാത്രമേ സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളൂ. അന്നേദിവസം 3 മണിക്ക് നടക്കുന്ന പൊതുമീറ്റിംഗിൽ വിജയികൾക്ക് സമ്മാനദാനവും എസ്.എസ്.എൽ.സി / സി.ബി.എസ്.ഇ. പരീക്ഷകളിലെ വിജയികൾക്ക് അവാർഡും സ്കോളർഷിപ്പും സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജെ. ജെയിംസ് നൽകുന്നതാണ്.

എനിക്കും പറയാനുണ്ട്...

# ഐ. പി. സി.യും ഞാനും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കഴിഞ്ഞ ദിവസം ഉണ്ടായ സംഭവത്തിന്റെ ഷോക്കിൽ നിന്ന് ഞാൻ ഇനിയും മുക്തനായിട്ടില്ല. കാരണം പെന്തെക്കോസ്തിൽ ഇങ്ങനെയൊക്കെ ഉണ്ടോ എന്നതായിരുന്നു എന്നെ ഇപ്പോഴും അമ്പരിപ്പിക്കുന്നത്. എന്നാൽ ആ പ്രശ്നം പരിഹരിക്കപ്പെട്ടതിനാൽ അതിന്റെ വിശകലനത്തിലേക്ക് പോകുന്നത് ശരിയല്ലല്ലോ. എന്നാൽ എനിക്ക് രസകരമായി തോന്നിയ കാര്യം പ്രശ്നം പരിഹരിച്ചു എന്നറിഞ്ഞപ്പോൾ ചിലർക്കുണ്ടായ പ്രയാസമാണ്. അങ്ങനെ പരിഹരിക്കണ്ടായെന്ന് എന്നെ വിളിച്ചു പറഞ്ഞവർ ധാരാളം. ഒരു പ്രതിസന്ധി വരുമ്പോഴാണ് യഥാർത്ഥ സ്നേഹിതരെ നമ്മൾ തിരിച്ചറിയുന്നത്. എന്നാൽ ചില സഭാരാഷ്ട്രീയക്കാർ ഇത്തരം സാഹചര്യങ്ങളെ മുതലെടുക്കുവാൻ ശ്രമിക്കുന്നത് കാണാറുണ്ട്. ആശയങ്ങളെ ആശയങ്ങൾ കൊണ്ട് നേരിടുവാൻ ശ്രമിക്കാതെ കായികബലം കൊണ്ട് അടിച്ചമർത്തുവാൻ ശ്രമിക്കുന്നത് ഒരിക്കലും വിജയിക്കില്ല എന്നത് ചരിത്രത്തിൽ എങ്ങും കാണുവാൻ കഴിയും.

ഒരു പത്രാധിപർ എന്ന നിലയ്ക്ക് കുരുക്കിൽ ആയിപ്പോകുന്ന സന്ദർഭങ്ങൾ വളരെയാണ്. പത്രത്തിലെ സ്ഥിരം കോളങ്ങളിലും ലേഖനങ്ങളിലുമൊക്കെ ഉണ്ടാകുന്ന വിവാദങ്ങളിൽ ലേഖകർ രക്ഷപെടാറാണ് പതിവ്. ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയോ ലേഖകരെ ഒറ്റിക്കൊടുക്കുകയോ ചെയ്യാറില്ല. അത്തരം ഒരു വിവാദമാണ് പാസ്റ്റർ ബാബു ചെറിയാന്റെ വിഷയത്തിൽ മുമ്പ് ഉണ്ടായത്. എനിക്ക് ഏറ്റവും ഇഷ്ടമുള്ള പ്രസംഗകരിൽ ഒരാളാണ് പാസ്റ്റർ ബാബു ചെറിയാൻ. അദ്ദേഹം ഒരു ദുരുപദേശകനാണെന്ന് ഞാൻ ചിന്തിക്കുന്നില്ല. നന്നായി വചനം സംസാരിക്കുന്നഅദ്ദേഹം വളരെ ലളിതമായ ഭാഷയാണ് ഉപയോഗിക്കുന്നത്. ഇക്കുറി വിവാദമുണ്ടായ പ്രസംഗത്തിൽ പാപത്തെക്കുറിച്ച് അദ്ദേഹം നൽകിയ നിർവ്വചനം വചനവിരുദ്ധമാണ് എന്നതിൽ സംശയമില്ല. എന്നാൽ അദ്ദേഹം അങ്ങനെ ആ വിഷയം സ്ഥിരമായി ആവർത്തിച്ച് പ്രസംഗിക്കുന്നതായി എനിക്കറിവില്ല. അതുകൊണ്ട് തന്നെ ദുരുപദേശകൻ എന്ന ലേബൽ അദ്ദേഹത്തിന്റെമേൽ ചാർത്തിക്കൊടുക്കുന്നതിനോട് എനിക്ക് താൽപര്യമില്ല. ഈ വിഷയത്തിൽ പാസ്റ്റർ ബാബു ചെറിയാന്റെ ഒരു പ്രസ്താവന കൊണ്ട് ഈ വിവാദം അവസാനിപ്പിക്കാവുന്നതേയുള്ളൂ. ദുരുപദേശ ഖണ്ഡനം എന്നാൽ വാളും പരിചയും എടുത്തുള്ള പോരാട്ടമല്ലല്ലോ. ഫേസ്ബുക്കിലും മറ്റും നടക്കുന്ന പോരാട്ടങ്ങളിൽ പങ്കെടുക്കുവാനുള്ള സാങ്കേതിക ജ്ഞാനം ഒന്നും എനിക്കില്ല. അതുകൊണ്ട് തന്നെ ഇതിലൊന്നും ഞാൻ പങ്കാളിയുമല്ല.

ബിലീവേഴ്സ് ജേണൽ നിലപാട് എന്നും വ്യക്തതയുള്ളതാണ്. ഒരു നേതാവിനെയും അന്ധമായി പിന്തുണയ്ക്കുകയോ എതിർക്കുകയോ ചെയ്യാറില്ല. അവരുടെ നിലപാടാണ് അവരോടുള്ള ജേണലിന്റെ നിലപാടിനെ രൂപപ്പെടുത്തുന്നത്. ബിലീവേഴ്സ് ജേണൽ ഒരു ഐ. പി. സി. പത്രമായിട്ടാണ് പൊതുവേ അറിയപ്പെടുന്നത്. അതിനു കാരണം ഞാൻ ഒഴികെ എല്ലാ മുഖ്യപ്രവർത്തകരും ഐ. പി. സി. അംഗങ്ങൾ ആയതിനാലാണ്. എന്നെയും ഒരു ഐ. പി. സിക്കാരനായിട്ടാണ് പലരും അംഗീകരിച്ചിരിക്കുന്നത്. കാരണം വ്യക്തിപരമായി ബന്ധങ്ങൾ കൂടുതലും ഐ. പി. സിയിലാണ്. എന്നെ സ്നാനപ്പെടുത്തിയത് പാസ്റ്റർ കെ. സി. ജോൺ നെടുമ്പ്രം ആണ്. ഹെബ്രോൻ ബൈബിൾ കോളജിലെ (ഇപ്പോഴത്തെ ഇന്ത്യാ ബൈബിൾ കോളജ്) വിദ്യാർത്ഥിയെന്ന നിലയിൽ പാസ്റ്റർ റ്റി. എസ് ഏബ്രഹാം വത്സൺ ഏബ്രഹാം തുടങ്ങിയവർ എന്റെ ഗുരുനാഥന്മാരാണ്. മാത്രമല്ല ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരിയിലെ പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ അഭേദ്യമായ ഒരു ബന്ധം പൂർവ്വ വിദ്യാർത്ഥികളായ ഐ. പി. സി. ശുശ്രൂഷകരുമായി എനിക്കുണ്ട്. ഞങ്ങളുടെ സതീർത്ഥ്യരായ പലരും ഇന്ന് പ്രശസ്തരാണ്. ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ സഹോദരനും ചങ്ങനാശ്ശേരി സെന്റർ പാസ്റ്ററുമായ പാസ്റ്റർ റോയി പൂവക്കാല, പാസ്റ്റർ കെ. പി. കുര്യൻ, പാസ്റ്റർ രാജു മേത്ര, പാസ്റ്റർ ബി. മോനച്ചൻ, പാസ്റ്റർ ജോർജ്ജ് മോനച്ചൻ, പാസ്റ്റർ വി. പി. ജോസ്, പാസ്റ്റർ ഡൊമനിക് (ദോഹ) തുടങ്ങിയവരൊക്കെ ഒരേ കാലഘട്ടത്തിൽ ഹെബ്രോനിൽ പഠിച്ചവരാണ്.

ഐ. പി. സിയിൽ നേതാക്കന്മാർക്ക് ഒരു പഞ്ഞവും ഇല്ല. കാരണം ഇപ്പോഴുള്ളവർ മാറിയാലും പ്രഗത്ഭരും കഴിവുള്ളവരുമായ ഒരു നിര അവിടെ സജ്ജമാണ്. ഇപ്പോഴുള്ള ചെറുപ്പക്കാർ വളരെ കഴിവ് ഉള്ളവരാണെന്ന് എനിക്ക് തോന്നാറുണ്ട്.

എന്നാൽ ഐ. പി. സി. രാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ വളരെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശരിക്കും മെയ്‌വഴക്കം കാട്ടിയില്ലെങ്കിൽ ഒരു ഗ്രൂപ്പിന്റെ ആളായി ചിത്രീകരിക്കപ്പെടും. അതിരു കടന്ന രാഷ്ട്രീയമാണ് ഐ. പി. സിയിലുള്ളത്. ഐ. പി. സിയിലെ ജനാധിപത്യ സംവിധാനം ഗുണദോഷ സമ്മിശ്രമാണ്. മാധ്യമങ്ങളെ വിദഗ്ദ്ധമായി ഉപയോഗിക്കുവാൻ മിടുക്കരാണ് മിക്ക നേതാക്കളും. നേതാക്കളുടെ നിർദ്ദോഷമായി തോന്നുന്ന പല ഫോൺ സംഭാഷണങ്ങളും മാധ്യമങ്ങളെ വെട്ടിൽ ചാടിക്കാനുള്ളതായിരിക്കും. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ വളരെ ശ്രദ്ധപുലർത്തുവാൻ ശ്രമിക്കാറുണ്ട്. ഗുണമായാലും ദോഷമായാലും ഉറച്ച നിലപാടുള്ളവരെയാണ് എനിക്കിഷ്ടം. എന്നാൽ കസേരയ്ക്കുവേണ്ടി നിലപാടുകളിൽ അയവു വരുത്തുകയും ഇലക്ഷൻ വരുമ്പോൾ മാത്രം ഉപദേശ സംരക്ഷണവും അഴിമതിക്കെതിരെയുള്ള പോരാട്ടവുമായി രംഗത്തുവരുന്നവരോട് യോജിക്കാൻ കഴിയില്ല. പുട്ടിനു പീരപോലെ ഇടയ്ക്കിടെ ദളിത് പ്രേമവുമായി ചിലർ രംഗത്തിറങ്ങാറുണ്ട്. ജാതി, വർഗ്ഗീയ കാർഡുകൾ ഇറക്കി കളിക്കുവാൻ ശ്രമിക്കുന്നവർ തീക്കൊള്ളിക്കൊണ്ടാണ് തല ചൊറിയുന്നത്. ആടുകളെ തമ്മിലിടിപ്പിച്ച് ചോര കുടിക്കുവാൻ ശ്രമിക്കുന്ന കുറുക്കന്റെ അന്ത്യം എന്താണെന്നും തിരിച്ചറിയണം.

ജേണലിന് ആരോടും ശത്രുതയില്ല. മാത്രമല്ല, പണം വാങ്ങി മുഖസ്തുതി എഴുതുന്ന പത്രപ്രവർത്തനത്തോടും എന്നും എതിരാണ്. നിലപാടിൽ ഉറച്ചുനിന്നാൽ അത് ശരിയാണോ എന്ന് കാലമാണ് തെളിയിക്കുന്നത്. ഭരണകർത്താക്കൾ നല്ലതു ചെയ്താൽ അതിനെ പിന്തുണയ്ക്കണം. അഴിമതി, ദുരുപദേശം എന്നിവ നേതാക്കന്മാരുടെ ഭാഗത്തുനിന്നുണ്ടായാൽ നിലപാട് വ്യക്തമാക്കി ഉറച്ചുനിൽക്കണം. വ്യക്തി വിദ്വേഷത്തിന്റെ പേരിൽ അർഹരായവരെ തകർക്കുവാൻ ശ്രമിക്കുന്ന ഒരു പ്രവണത നമ്മുടെ സമൂഹത്തിൽ പൊതുവെ കാണുന്നത് ഒട്ടും ആശാസ്യമല്ല. ഒരു മേശക്കു ചുറ്റുമിരുന്ന് പരിഹരിക്കേണ്ട വിഷയങ്ങൾ കോടതിയിലെത്തുന്നതും ഭൂഷണമല്ല എന്നാണ് എന്റെ അഭിപ്രായം. ജനാധിപത്യ സംവിധാനം ശക്തമായതുകൊണ്ട് ഐ. പി. സിയിൽ വിശ്വാസികൾക്ക് മതിയായ പ്രാതിനിധ്യം ഭരണതലത്തിലുണ്ട്. അതുകൊണ്ടുതന്നെ കഴിവുള്ളവരും സാമ്പത്തിക ശേഷിയുള്ളവരുമൊക്കെ പ്രസ്ഥാനത്തിനുവേണ്ടി ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു. അതിനാൽ ഐ. പി. സി. എന്ന പ്രസ്ഥാനം വളർച്ച പ്രാപിക്കും. എന്നാൽ ഇപ്പോഴത്തെ അമിത രാഷ്ട്രീയ കളികൾ ഒഴിവാക്കപ്പെടണം എന്ന് എല്ലാവരെയും പോലെ ഞാനും ആഗ്രഹിക്കുന്നു.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

കത്തോലിക്ക സഭയുടെ പരമാധ്യക്ഷനും, ആധ്യാത്മീക നേതാവുമാണ് പാപ്പാ അഥവാ പോപ്പ്. ക്രൈസ്തവ സമൂഹത്തിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്ന സഭാ വിഭാഗമാണ് കത്തോലിക്കർ. ഏതാണ്ട് 120 കോടിയിലധികം വിശ്വാസികൾ ഈ സഭാ വിഭാഗത്തിനുണ്ട്. മാർപ്പാപ്പയ്ക്കു സഭയുടെ അധികാരം മാത്രമല്ല, വത്തിക്കാൻ രാഷ്ട്രത്തിന്റെ ഭരണനിർവ്വഹണ നീതിന്യായ അധികാരവും അദ്ദേഹത്തിനുണ്ട്. പാപ്പായെ തിരഞ്ഞെടുക്കുന്നത് കർദ്ദിനാളന്മാരാണ്, ഈ സമ്പ്രദായം നിലവിൽ വന്നത് ആയിരം വർഷങ്ങൾക്ക് മുമ്പാണ്. അതിനുമുമ്പ് പുരോഹിതന്മാരും ഡീക്കന്മാരും ചേർന്നായിരുന്നു തിരഞ്ഞെടുപ്പ് നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ കർദ്ദിനാളന്മാർ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുമെന്ന പ്രതിജ്ഞയോടാണ് യോഗത്തിനായി ഹാളിൽ പ്രവേശിക്കുന്നത്. സിസ്റ്റൈൻ ചാപ്പലിലെ മൈക്കിൾ ആഞ്ജലോയുടെ വിശ്വവിഖ്യാതമായ അന്ത്യവിധി എന്ന എണ്ണഛായത്തിന്റെ താഴെയാണ് മാർപാപ്പയെ തിരഞ്ഞെടുക്കുവാൻ വരുന്ന കർദ്ദിനാളന്മാരുടെ ഇരിപ്പിടം, അതിനെ താക്കോലുമായി എന്നർത്ഥമുള്ള കോൺക്ലേവ് ചേരുന്നത്, ഈ വാക്ക് ലാറ്റിൻ വാക്കാണ്, ചാപ്പലിൽ പ്രവേശിച്ചാൽ പിന്നെ കർദ്ദിനാളന്മാർക്കു പുറത്തേക്കു വരുവാൻ കഴിയുകയില്ല, തിരഞ്ഞെടുപ്പു കഴിയും വരെ കർദ്ദിനാളന്മാർ സംഗമിക്കുവാൻ വത്തിക്കാൻ കൊട്ടാരത്തിന്റെ വാതിൽ അടച്ചിരിക്കും. തിരഞ്ഞെടുപ്പ് കഴിയും വരെ ഇവരുടെ താമസം ചാപ്പലിനോടു ചേർന്നുള്ള കൊട്ടാരത്തിലായിരിക്കും. ഈ ദിവസങ്ങളിൽ മറ്റുള്ളവരുമായി യാതൊരു വിധത്തിലും സംസാരിക്കുവാനും ആശയവിനിമയം നടത്തുവാനും പാടുള്ളതല്ല. മുഴുവൻ സമയവും പ്രാർത്ഥനയിൽ മുഴുകിയിരിക്കണമെന്നും നിബന്ധനയുണ്ട്. കുർബ്ബാനയോടു കൂടി കോൺക്ലേവ് തുടങ്ങും. ഔദ്യോഗിക വസ്ത്രം ധരിച്ച് സിസ്റ്റൈൻ ചാപ്പലിൽ പ്രവേശിക്കുന്ന ഇവർക്ക് പ്രാർത്ഥനാ പുസ്തകവും പേനയും അവിടെ സൂക്ഷിച്ചിട്ടുണ്ടായിരിക്കും. 115 കർദ്ദിനാളന്മാർ സംബന്ധിക്കുന്ന കോൺക്ലേവിൽ 77 പേരോ അതിൽ അധികമോ വോട്ടുകൾ അഥവാ പിന്തുണ കിട്ടുന്നയാളാണ് മാർപാപ്പ



ആകുന്നത്. മാർപാപ്പായെ തിരഞ്ഞെടുക്കുന്നതിനു സിസ്റ്റൈൻ ചാപ്പലിൽ മുറിയിൽ കർദ്ദിനാളന്മാരുടെ കോൺക്ലേവ് നടക്കുമ്പോൾ പുറത്ത് ജനം സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ അക്ഷമരായി കാത്തിരിക്കും. കോൺക്ലേവിൽ തിരഞ്ഞെടുപ്പിൽ 2/3 ഭൂരിപക്ഷം ലഭിക്കുമ്പോൾ ചാപ്പലിന്റെ ചിമ്മിനിയിൽ നിന്നും പാപ്പായെ തിരഞ്ഞെടുത്തതിന്റെ സൂചകമായി വെളുത്ത പുക പ്രത്യക്ഷപ്പെടും. അല്ലെങ്കിൽ കറുത്ത പുക പ്രത്യക്ഷപ്പെടും. കർദ്ദിനാളന്മാർ ബാലറ്റ് പേപ്പറായി ഉപയോഗിച്ച കടലാസ് കത്തിച്ചാണ് പുകയുണ്ടാക്കുന്നത്. പുകയുടെ നിറത്തിനായി ചില രാസവസ്തുകൾ ഉപയോഗിക്കുന്നു. വെള്ള പുകയ്ക്കായി പൊട്ടാസ്യം ക്ലോറേറ്റും പെട്ടെന്നു തീപിടിക്കുവാൻ പശുവിന്റെ പാലിൽ നിന്നുള്ള മിൽക്ക് ഷുഗറും, പൈൻ മരത്തിന്റെ റെസാനും ചേർത്ത് ബാലറ്റ് പേപ്പർ കത്തിക്കുന്നു. കറുത്ത പുകവരുവാൻ പൊട്ടാസ്യം പെർ ക്ലോറേറ്റു കോൾട്ടാറിൻ നിന്നുള്ള അന്ത്രാസിനും സൾഫറും ചേർക്കുന്നു. വെളുത്ത പുക ഉയർന്നാലും പാപ്പാ ആരെന്നറിയാൻ 45 മിനിറ്റു മുതൽ 1 മണിക്കൂർ വരെ വേണ്ടിവരും. മാർപാപ്പായായി തിരഞ്ഞെടുക്കപ്പെടുന്ന ആൾ പുതിയ പേര് സ്വീകരിക്കുന്ന പതിവ് തുടങ്ങിയത് ആറാം നൂറ്റാണ്ടു മുതലാണ് പിന്നീട് ഇതൊരു സ്ഥിരം രീതിയായി മാറി.

2. ആർച്ചുബിഷപ്പ് - സഭയുടെ ഒരു പ്രവിശ്യയുടെ ഭരണാധികാരിയെ ചർച്ച് ഓഫ് ഇംഗ്ലണ്ടും റോമൻ സഭയും ആർച്ചു ബിഷപ്പ് എന്നു വിളിക്കുന്നു. പല ഡയോസിസ് ചേർന്നു വരുന്നതും ഭരണ സൗകര്യത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതും പ്രധാന ഡയോസിസിന്റെ (രൂപതയുടെ) പൊതുചുമതലയും ബിഷപ്പിനാണ്, ഈ ചുമതല വഹിക്കുന്നവരെ ആർച്ചു ബിഷപ്പെന്നോ, മെട്രാപ്പോലിറ്റൻ എന്നോ വിളിക്കാറുണ്ട്. ആർച്ചു ബിഷപ്പ് എന്നുപറഞ്ഞാൽ പ്രധാന ബിഷപ്പ് എന്നുമാത്രം അർത്ഥം, എ.ഡി. 350-ൽ റോമൻ സാമ്രാജ്യ

– തുടർച്ച–

ത്തിന്റെ ഭരണത്തിൽ നിന്നും കടമെടുത്തതാണ് എന്നു രേഖകൾ പറയുന്നു

3. ആർച്ചു ഡീക്കൻ - ബിഷപ്പിനു കീഴിൽ രേഖകൾ എഴുതി സൂക്ഷിക്കുന്ന ഭരണാധികാരിയാണ് ആർച്ചുഡീക്കൻ. സഭയുടെ ഭൗതീക വിഷയങ്ങളുടെ ചുമതലയും നിയമനടപടികൾ നടത്തുന്നതും ആർച്ചുഡീക്കനാണ്. ബിഷപ്പിന്റെ സഹായിയായതു കൊണ്ടാണ് ഇപ്രകാരം ഒരു സ്ഥാന പേര് നൽകിയിരിക്കുന്നത്.

4. ആർച്ചുപ്രീസ്റ്റ്- പുരോഹിതന്മാരിൽ പ്രധാന സ്ഥാനം വഹിക്കുന്ന ആളാണ് ആർച്ച്പ്രീസ്റ്റ്. ബിഷപ്പിന്റെ അസാന്നിദ്ധ്യത്തിൻ ആരാധനക്രമം കൈകാര്യം ചെയ്യുന്നത് പ്രീസ്റ്റാണ്, റോമൻ സഭയിലും ഓർത്തോഡോക്സ് സഭകളിലും മറ്റു പലസഭകളിലും ഈ പദവി വലിയ അംഗീകാരവും മാന്യതയുള്ള പദവിയും കൂടിയാണ്.

5. ഓക്സിലറി ബിഷപ്പ്- ആദിമ നൂറ്റാണ്ടുകളിൽ ബിഷപ്പ് എന്ന ചുമതല പ്രാദേശിക സഭയുടെ സേവനമായിരുന്നു. സഭകൾ വർദ്ധിച്ചു വന്നപ്പോൾ അവയുടെമേൽ നീരീക്ഷണം നടത്തുവാനും ഭരിക്കുവാനും മറ്റും ഓക്സിലറി ബിഷപ്പുമാരെ നിയമിക്കുകയും ചെയ്തു.

6. ബിഷപ്പ് - ഒരു പ്രാദേശിക സഭയുടെ അദ്ധ്യക്ഷനാണ് ബിഷപ്പ് അഥവാ മൂപ്പൻ സാധാരണ അദ്ധ്യക്ഷനായി തുടർന്നു. നവീകരണകാലമായപ്പോൾ ചില സഭകൾ ബിഷപ്പിനു പകരം മൂപ്പൻ എന്നു വിളിക്കുവാൻ തുടങ്ങി.

7. കാനോൻ -

08

ചോദ്യോത്തര വേദി

# ബർന്നബാസാണോ പൗലോസാണോ തെറ്റുകാരൻ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** '....പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ സ്നേഹത്തിൽ അന്യോന്യം ക്ഷമിക്കുവിൻ' (എഫെസ്യർ 4:2) എന്ന് പൗലോസ് പ്രബോധിപ്പിക്കുമ്പോൾ, ബർന്നബാസുമായി പൗലോസ് ഉഗ്രവാദമുണ്ടായി വേർപിരിഞ്ഞു എന്ന് അപ്പൊ. 15: 36,37-ൽ വായിക്കുന്നു. പൗലോസ് ആചരിക്കാഞ്ഞത് പ്രബോധിപ്പിക്കുകല്ലേ ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നത്? – ലിന്റാ, തിരുവല്ല

**ഉത്തരം:** 'നിങ്ങളിൽ ഉത്തമരായവർ ആരാണെന്ന് വെളിപ്പെടേണ്ടതിന് നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകേണ്ടതാണ്' (1 കൊരി. 11: 19) എന്ന് വചനം ഉണ്ട്. ഭിന്നാഭിപ്രായം പ്രകടിപ്പിക്കുന്നതുകൊണ്ട് ശത്രുത ഉണ്ടാകേണ്ട കാര്യമില്ല. സൗമ്യതയോടും വിനയത്തോടും ഭിന്നാഭിപ്രായം സ്നേഹത്തിൽ സംസാരിക്കേണ്ടത് ആവശ്യം തന്നെയാണ്. സൗമ്യത വിട്ട് ഉഗ്രവാദം ഉണ്ടാകാൻ കാരണക്കാരൻ ബർന്നബാസാണന്നാണ് എനിക്ക് മനസ്സിലാകുന്നത്. അതിനുള്ള കാരണം വായിച്ചാലും.

വിശ്വാസി ആണെങ്കിലും യേശുവിനോട് സമ്പൂർണ്ണ സമർപ്പണമില്ലെങ്കിൽ പല തലങ്ങളിലും ഈ ജീവിതത്തിൽ നമ്മൾ പരാജയപ്പെടാൻ സാധ്യതയുണ്ട്. സമർപ്പണമില്ലാത്ത ഒരു വിശ്വാസിയുടെ ഉള്ളിലെ ആഗ്രഹങ്ങൾ ചിലപ്പോൾ ധനവാനാകണമെന്നുള്ള ആഗ്രഹമായിരിക്കാം. ചിലപ്പോൾ ഉന്നതസ്ഥാനം ലഭിക്കണമെന്നുള്ള ആഗ്രഹമായിരിക്കാം. ചിലർക്ക് ചില അനാവശ്യ സ്നേഹബന്ധങ്ങൾ നില നിർത്തണമെന്നും മറ്റു ചിലർക്ക് ചില രഹസ്യപാപങ്ങൾ താലോലിക്കുന്നതുമായിരിക്കും.

സമ്പൂർണ്ണ സമർപ്പണം ഇല്ലാതെ വരുമ്പോൾ വ്യാജം നമ്മളിൽ പ്രവേശിക്കുന്നു. ഇല്ലാത്തത് ഉണ്ട് എന്നും ഉള്ളത് ഇല്ല എന്നുള്ള കപടത നാം പ്രകടിപ്പിക്കാൻ തുടങ്ങുന്നു. വ്യാജം പറയുന്നതിന് മടിയില്ലാതെ വരുന്നു. തുടർമാനമായി അനുഗ്രഹങ്ങൾക്ക് തടസ്സം ഉണ്ടാകുന്നത് കൂടാതെ നഷ്ടവും സംഭവിക്കുന്നു.

പരിശുദ്ധാത്മാവിന്റെ വലിയ പ്രവർത്തനം ഉണ്ടായിരുന്ന കാലത്ത് ബർന്നബാസിന്റെ സമർപ്പണം അപൂർണ്ണമായിരുന്നില്ല. അവന്റെ സമ്പത്ത് മുഴുവനും അപ്പൊസ്തലന്മാരുടെ കാൽക്കൽ വച്ചു. തനിക്കായി ഒന്നു മാറ്റിവച്ചില്ല (അപ്പൊ. 4:36,37). അന്ത്യോക്യായിൽ സുവിശേഷം കേട്ട് യേശു ക്രിസ്തുവിനെ സ്വീകരിച്ചവരെ സന്ദർശിക്കുവാൻ **യെരുശലേമിലെ സഭ** ബർന്നബാസിനെ ആണ് പറഞ്ഞയച്ചത്. ദൈവപ്രവർത്തനം കണ്ട് ബർന്നബാസ് സന്തോഷിച്ചു. 'എല്ലാവരും പൂർണ്ണഹൃദയത്തോടെ കർത്താവിനോടു ചേർന്നു നിൽക്കുവാൻ തക്കവണ്ണം പ്രബോധിപ്പിച്ചു' (അപ്പൊ. 11:23). പൗലോസ് അപ്പൊസ്തലന്റെ മാനസാന്തരത്തെക്കുറിച്ച് കേട്ടിട്ട് പൗലോസിനെ കൂട്ടിക്കൊണ്ട് വന്നത് ബർന്നബാസാണ്.

തുടക്കത്തിൽ വിശ്വാസികളുടെ ഇടയിൽ ബർന്നബാസും പൗലോസും എന്നാണ് അറിയപ്പെട്ടിരുന്നത്. പൗലോസ് ബർന്നബാസിനോടു കൂടെയുള്ള ഒരു പുതിയ വിശ്വാസിയായി മറ്റുള്ളവർ കരുതി. എന്നാൽ ചില നാളുകൾക്കുള്ളിൽ ബർന്നബാസും പൗലോസും എന്നുള്ളത് മാറി പൗലോസും ബർന്നബാസും എന്നായി. പൗലോസിനുള്ള ദൈവവിളിക്കനുസരിച്ച് മാറ്റമുണ്ടായി എന്നാണ് മനസ്സിലാക്കേണ്ടത്. തന്റെ സ്ഥാനം കുറഞ്ഞതിലുള്ള അതൃപ്തിയല്ലേ മർക്കൊസിന്റെ കാര്യത്തിലുള്ള അഭിപ്രായഭിന്നതയിൽ ഉഗ്രവാദമുണ്ടാകുവാൻ കാരണം എന്ന് വിചാരിക്കുവാൻ ന്യായമുണ്ട് (അപ്പൊ. പ്രവ. 15: 36,37). അങ്ങനെ അവർ വേർപിരിഞ്ഞു. ബർന്നബാസ് മർക്കൊസിനെ കൂട്ടിക്കൊണ്ട് അവിടെ ഉണ്ടായിരുന്ന **മറ്റു സഹോദരന്മാരോട് ആലോചിക്കാതെ കപ്പൽ കയറി കുപ്രൊസ് ദ്വീപിലേക്ക് പോയി (അപ്പൊ. 15:39).** എന്നാൽ പൗലോസോ, **സഹോദരന്മാരാൽ കർത്താവിന്റെ കൃപയിൽ ഭരമേല്പിക്കപ്പെട്ടിട്ട് യാത്ര പുറപ്പെട്ടു** (അപ്പൊ. 15:40). ഒരു തർക്കത്തിൽ മറ്റു സഹോദരന്മാരുടെ അംഗീകാരവും പ്രാർത്ഥനയും വിലയേറിയതാണ്.

സമർപ്പണമുള്ളവനും, രക്ഷിക്കപ്പെട്ടവരോട് സ്നേഹമുള്ളവനും, രക്ഷിക്കപ്പെടാത്തവരെക്കുറിച്ച് ഭാരമുള്ളവനും ആയിരുന്നു ബർന്നബാസ്. എന്നാൽ പൗലോസിനോടുള്ള ഒരു ചെറിയ അതൃപ്തി ഹൃദയത്തിൽ പ്രവേശിച്ചതിനാൽ പൗലോസിനോട് ചേർന്ന് പോകുവാൻ മനസ്സില്ലാതെ വൈരാഗ്യത്തോടെ പുറപ്പെട്ടുപോയി എന്നത്രേ അനുമാനിക്കേണ്ടത്. ദേമാസ് ലോകത്തെ സ്നേഹിച്ച് എന്നെ വിട്ട് തെസ്സലോനിക്യയിലേക്ക് പോയി (2 തിമൊ. 4:10) എന്നുള്ള അർത്ഥത്തിൽ പറയുന്നില്ലെങ്കിലും, ബർന്നബാസിനെക്കൊണ്ട് പിന്നീട് എന്തെങ്കിലും പ്രയോജനമുണ്ടായതായി വേദപുസ്തകത്തിൽ തെളിവ് കാണുന്നില്ല. എത്ര ഉന്നതമായ അനുഭവങ്ങൾ ഉണ്ടായാലും കൈപ്പും വൈരാഗ്യവും ലോകസ്നേഹവും മനസ്സിൽ വളരാൻ അനുവദിച്ചാൽ ആത്മീയ നഷ്ടങ്ങൾ ഉണ്ടാകും എന്ന് ബർന്നബാസിന്റെയും ദേമാസിന്റെയും ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ പൗലോസിന്റെ ചരിത്രം വിളിച്ചു പറയുന്നത് നമുക്ക് ചിന്തിക്കാം.

ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു.... ആ പാപികളിൽ ഞാൻ പ്രധാനി എന്ന് പൗലോസ് സാക്ഷീകരിക്കുന്നു. തനിക്ക് അപ്പൊസ്തലനായിരിക്കുന്നതിനുള്ള യോഗ്യത ഇല്ല എന്ന് എപ്പോഴും ഓർമ്മ ഉണ്ടായിരുന്നു. എന്നാൽ ദൈവത്തിന് തന്നോട് കരുണതോന്നിയത് മാത്രമാണ് എന്ന് പൗലോസ് മനസ്സിലാക്കി. തന്റെ സകല വിധമായ യോഗ്യതകളെയും മറന്ന്, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി മനുഷ്യരുടെ മുമ്പിൽ വെളിപ്പെട്ടു. യെഹൂദന്മാർക്കും പുറജാതികൾക്കും സുവിശേഷം നൽകുന്നതിന് താൻ കടക്കാരനാണ് എന്നുള്ള ഭാരം പൗലോസിനുണ്ടായിരുന്നു. തന്റെ സ്വന്തജനം രക്ഷപ്രാപിക്കേണ്ടതിന് താൻ ശാപഗ്രസ്തനായിത്തീരുവാനും അവൻ സന്നദ്ധനായിരുന്നു. ഉന്നതമായ ദർശനങ്ങൾ ലഭിച്ചവനെങ്കിലും പ്രാപിച്ചു എന്ന് നിരൂപിക്കുന്നില്ല എന്നത്രേ പൗലോസ് പറഞ്ഞത്. മറ്റുള്ളവരോട് പ്രസംഗിച്ചതിനു ശേഷം കൊള്ളരുതാത്തവനായിത്തീരാതെയിരിക്കേണ്ടത് തന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് വിശുദ്ധിയിൽ ജീവിച്ചു. ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസാക്ഷി ഉണ്ടായിരിക്കണമെന്നുള്ളത് പൗലോസിന്റെ ലക്ഷ്യമായിരുന്നു. പട്ടിണിയും കഷ്ടതയും പദവിയായി എണ്ണി. കാരാഗൃഹത്തിലും സുവിശേഷം അറിയിച്ചു. ചെറിയവരോടും വലിയവരോടും സുവിശേഷം അറിയിച്ചു. 'ഞാൻ കർത്താവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരിയായിരിക്കുവിൻ' എന്ന് പ്രബോധിപ്പിച്ചു (1 കൊരി. 11:1). 'എന്നിൽ നിന്ന് നിങ്ങൾ പഠിക്കുകയും സ്വീകരിക്കുകയും കേൾക്കുകയും കാണുകയും ചെയ്തിരിക്കുന്നവ പ്രാവർത്തികമാക്കുവിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' എന്നു പറയാനുള്ള ആത്മവിശ്വാസവും വിനയവും താഴ്മയും പൗലോസിനുണ്ടായിരുന്നു (ഫിലിപ്പ്യർ 4:9).

## 12 ഡിജിറ്റൽ ഇൻഡ്യാ....

സേവനങ്ങളും അവരുടെ നിരീക്ഷണത്തിലാക്കും. അതു കൊണ്ട് മെച്ചപ്പെട്ട സേവനം ഉപഭോക്താവിന് ലഭിക്കുന്നു. അതോടൊപ്പം ഒരു മന്ത്രി തല സമിതി സർക്കാരിന്റെ എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ച് ആരോഗ്യ പരിപാലനം, മാനവ വിഭവ ശേഷി, നീയമ കാര്യം, ബാങ്കിടപാടുകൾ തുടങ്ങി എല്ലാം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കി സുതാര്യമാക്കുന്നു. അങ്ങനെ ഏതൊരു പൗരനും തങ്ങളുടെ ആവശ്യങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറി ഇറങ്ങുക എന്ന വലിയ കടമ്പ ഒഴിവായി സേവനങ്ങളെല്ലാം തന്നെ വേഗത്തിലുമാകുന്നു. പ്രധാനമന്ത്രി അദ്ധ്യക്ഷനായി, പ്രധാന മന്ത്രിയുടെ ഓഫിസിന്റെ നേരിട്ടുള്ള നീയന്ത്രണത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അതിനു വേണ്ടി ഭാരതത്തിലെ എല്ലാ സർക്കാർ ഓഫീസുകളും പ്രധാനമന്ത്രിയുടെ ഓഫിസുമായി ബന്ധിപ്പിക്കുന്നതിനുള്ള ഓപ്ടിക്കൽ ഫൈബർ കേബിളിന്റെ പണി നാടെങ്ങും തുടങ്ങിക്കഴിഞ്ഞു. മികച്ച ഇ ഗവേണൻസ് നൽകാൻ പ്രാപ്തമായ അടിസ്ഥാന സൗകര്യങ്ങളും ദേശീയ തലത്തിൽ അതിവേഗ ഇന്റർനെറ്റ് പദ്ധതിയും ഇതിന്റെ ഭാഗമാണ്. 2020 ഗ്രാമങ്ങളിൽ സാർവ്വത്രിക ഫോൺ ബന്ധം വഴി ഇന്റർനെറ്റ് സൗകര്യം, 2.5 ലക്ഷം ബ്രോഡ് ബാൻഡ് കണക്ഷൻ, എല്ലാ സർവ്വകലാശാലകളിലും സ്കൂളുകളിലും പൊതുവൈഫൈ ഇന്റർനെറ്റ് സൗകര്യം. മാത്രമല്ല പൗരന്മാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം എന്നിവയും നല്കുന്നു. ദേശീയ ഓപ്ടിക്കൽ ഫൈബർ നെറ്റ്വർക്ക് ഈ പദ്ധതി നടപ്പിലാക്കേണ്ടതിന് ഏറ്റവും നൂതനമായ (GPON FTTH-Gigabit Passive Optical Network- Fibre to the Home) ഓപ്ടിക്കൽ ഫൈബർ കേബിൾ ഇന്ത്യയിലെ ഗ്രമങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ഇടുവാൻ സർക്കാർ ഉത്തരവിട്ടിരിക്കുന്നു. ഇപ്പോൾ ഇത് 68000 പഞ്ചായത്തുകളെയും വില്ലേജുകളെയും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നു. 2017-ടെ കേബിൾ ജോലികൾ പൂർത്തികരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

അങ്ങനെ കേബിൾ ജോലികൾ പൂർത്തീയായി കഴിയുമ്പോൾ ഒരു വ്യക്തിക്ക് ലഭ്യമാകുന്നത് ഒമ്പത് കൂട്ടം കാര്യങ്ങളാണ്. 1) എല്ലായിടത്തും ഹൈസ്പീഡ് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഹൈവേകളുലുടനീളം 2) ആഗോളതലത്തിലുള്ള മൊബൈൽ ഫോൺ കണക്ഷൻ ലഭ്യമാകുന്നു. ഇന്റർനെറ്റിലൂടെ ലോകത്തിൽ എവിടെയ്ക്കും ഫോൺവിളിക്കുന്നതിനുള്ള സൗകര്യം. അതിനാൽ ലോകം ഒരു ഗ്രാമം (Global Village) ആകുന്നു. ഡൽഹിയിലും ന്യൂയോർക്കിലുമുള്ളവരെ ഒരുപോലെ നമുക്ക് കാണാൻ സാധിക്കും. ഫെയ്സ്ബുക്ക്, ടിറ്റർ, ഇൻസ്ററഗ്രാം എന്നിവ നമ്മുടെ അയൽക്കാരായി മാറുന്നു. 3) എല്ലായിടത്തും ഇന്റർനെറ്റ് ലഭിക്കുന്നതിനുള്ള പദ്ധതി, ഗൂഗിളുമായി ബന്ധപ്പെട്ടുകൊണ്ട് 500 ഓളം റയിൽവേ സ്റ്റേഷനുകളിൽ വൈഫൈ സംവിധാനം കൊണ്ടുവരുന്നതിനുള്ള ശ്രമത്തിലാണ് സർക്കാർ. 4) ഈ-ഗവേൺസ് സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിലാകുന്നു. 5) ഇക്രാന്തി- സർക്കാരിന്റെ എല്ലാ സേവനങ്ങളും ഇടനിലക്കാരെ കൂടാതെ നേരിട്ട് ഉപഭോക്താവിന് ലഭ്യമാകുന്നു, അതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാകുന്നു. 6) ലോകത്തിൽ അപ്പപ്പോൾ നടക്കുന്ന സംഭവങ്ങൾ ഏവർക്കും അറിയുന്നതിന് കഴിയുന്നു. വിശുദ്ധ വേദപുസ്തകത്തിലെ വെളിപ്പാട് പുസ്തകത്തിൽ ക്രിസ്തുവിന്റെ പുനരാഗമനം കഴിയുമ്പോൾ എഴുന്നേല്ക്കുന്ന രണ്ട് സാക്ഷികളെ ലോകം മുഴുവൻ കാണും എന്ന് പറയുന്നു. അവർ പ്രസംഗിക്കുന്നതും, 1260 ദിവസം കഴിയുമ്പോൾ ആഴത്തിൽ നിന്നും കയറി വരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും. അവരുടെ കർത്താവ് കൊല്ലപ്പെട്ടതും ആത്മീകമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വിഥിയിൽ അവരുടെ ശവം കിടക്കും. സകല വംശക്കാരും, ഭാഷക്കാരും, ജാതിക്കാരും, ഗോത്രക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും (വെളിപ്പാട് 11:8,9). ഒരു കാലത്ത് അപ്രാപ്യമെന്നു തോന്നിയത് ഇന്ന് പ്രയാസകരമല്ലാതായി മാറിയിരിക്കുന്നു. ഡിജിറ്റൽ ഇൻഡ്യാ പദ്ധതി നടപ്പിലായിക്കഴിയുമ്പോൾ ഭാരതത്തിലെ ഒരോ വ്യക്തിക്കും ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സോഷ്യൽ മീഡിയാകൾ വഴി ലോകത്തിന്റെ ഏതൊരു ഭാഗത്ത് നടക്കുന്ന സംഭവങ്ങളും കാണുവാൻ സാധിക്കുന്ന വിധത്തിലേക്ക് എത്തി നില്ക്കുന്നത് വേദപുസ്തക പ്രവചനത്തിന്റെ നിവൃത്തിയാണ്. 7) ഇലക്ട്രോണിക് സാധനങ്ങൾ നിർമ്മിക്കേണ്ടതായി വരുന്നു അതു വഴി ധാരാളം ആളുകൾക്ക് ജോലി ലഭിക്കുന്നതിന് കാരണമാകുന്നു 8) വിവര സാങ്കേതിക വിദഗദ്ധരുടെ ആവശ്യമുള്ളതിനാൽ ആ വകുപ്പിലും ജോലി സാദ്ധ്യതുണ്ടാകുന്നു 9) നേരത്തെ പ്രയത്നഫലം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമം (Early Harvest Program). ഇതിന്റെ അർത്ഥം ഇപ്പോൾ സർക്കാർ സേവനങ്ങൾക്ക് നേരിടുന്ന കാല താമസം കൂടാതെ എല്ലാം വേഗത്തിലാക്കുക എന്നതാണ്. ഇതിന്റെ കീഴിൽ അനേകം കാര്യങ്ങളാണ് പ്രധാനമായും വരുന്നത്. 1) വിവര സാങ്കേതികത ഒരു കുടക്കീഴിലാകുന്നതു വഴി എല്ലാവരുമായും എപ്പോൾ വേണമെങ്കിലും ബന്ധം പുലർത്തുവാൻ കഴിയും. 2) സർക്കാരിന്റെ എല്ലാ തീരുമാനങ്ങളും ജനങ്ങളെ നേരിട്ടറിയിക്കുന്നു. ഈമെയിൽ വഴിയോ എസ്. എം. എസ് വഴിയോ ആണ് അത് സാദ്ധ്യമാക്കുന്നത് 3) ബയോ മെട്രിക് ഹാജർ നടപ്പിലാക്കുക അതു നിമിത്തം എല്ലാ ജീവനക്കാർക്കും കൃത്യസമയം പാലിക്കേണ്ടതായി വരുന്നു. അങ്ങനെ ജോലിയുടെ സമയം കൂട്ടി ആർക്കും അനാവശ്യമായി സർക്കാരോ, നേതൃത്വമോ അറിയാതെ ഒന്നും ചെയ്യുവാൻ സാധിക്കാതെ വരുന്നു. ഇതിനായി ഒരോരുത്തർക്കും രഹസ്യ നമ്പർ നല്കുകയും ആളുകളുടെ വിരലടയാളം, കണ്ണിന്റെ റെറ്റീന ഇങ്ങനെ ഒരാളെ സംബന്ധമായ എല്ലാ വിവരങ്ങളും ശേഖരിച്ച് ഡേറ്റാ ബാങ്കിൽ അത് സൂക്ഷിക്കുന്നു. 4) മാനവ വിഭവ ശേഷി വകുപ്പിന്റെ ചുമതലയിൽ സ്കൂൾ കുട്ടികളുടെ പഠന ഭാരവും പുസ്തകത്തിന്റെ ഭാരവും ഒഴിവാക്കാൻ ഏകീകൃത സിലബസ് ഉണ്ടാക്കി സ്കൂൾ പസ്തകങ്ങളും ബുക്കുകളും എല്ലാം ഇ-ബുക്ക് ആക്കുന്നു. അങ്ങനെ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ഒരു രഹസ്യ കോഡും ടാബ് മാത്രം മതിയാകും പഠനത്തിന്. സ്കൂളിലെ ഡിജിറ്റൽ ബോർഡിൽ അദ്ധ്യാപകർക്ക് ഇന്റർനെറ്റിന്റെ സഹായത്തോടെ പഠാങ്ങൾ ലഭ്യമാകുന്നു. അതിന്റെ പദ്ധതി ഇൻഡ്യ ഇപ്പോഴെ ആരംഭിച്ച് കഴിഞ്ഞു. 5) ഏറ്റവും സുരക്ഷിതമായ യാത്രയ്ക്കായി വേണ്ട ക്രമീകരണം ചെയ്യുന്നു. എന്നു പറഞ്ഞാൽ ഒരോരുത്തരും സർക്കാരിന്റെ നിരീക്ഷണത്തിലായിരിക്കും സദാ സമയം. ആധാർ കാർഡും വോട്ടർ കാർഡും ഒന്നിപ്പിച്ച് ഫോട്ടോ പതിപ്പിച്ച ചിപ്പുള്ള കാർഡ് (Electronic Photo Identity Card)പൗരന് നല്കുന്നു. അതു നിമിത്തം ആ കാർഡിൽ 18 അക്കമുള്ള രഹസ്യ നമ്പറും വ്യക്തിയെ സംബന്ധമായ പൂർണ്ണ വിവരങ്ങളും അടങ്ങിയതാണ്. 6) കറൻസി രഹിത ബാങ്കിംഗ് ഇടപാടുകൾ- എല്ലാ ഇടപാടുകളും ബാങ്കു വഴി മാത്രം കള്ളപ്പണവും മോഷണവും തടയുക എന്നതാണ് ലക്ഷ്യം എങ്കിലും പണം കൈയ്യിലില്ലാത്തിനാൽ വില്ക്കുകയും വാങ്ങുകയും ചെയ്യുക രഹസ്യ നമ്പർ അടങ്ങിയ ചിപ്പ് ഉള്ളവർക്ക് മാത്രമായി ചുരുങ്ങുന്നു കാരണം എല്ലാം ഡിജിറ്റലായി മാറി. ഒരോ പൗരനും അവരുടെ പൂർണ്ണമായ എല്ലാ വിവരങ്ങളും ആധാർ, വോട്ടർ കാർഡ്, സർട്ടിഫിക്കറ്റ്, ആധാരങ്ങൾ തുടങ്ങി എല്ലാം പേപ്പറുകളും ഡിജിറ്റലാക്കി ലോക്കറിൽ സൂക്ഷിക്കാം. ഒരിടത്തും പേപ്പറുകൾ ഒന്നും വേണ്ട എവിടെയും ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കുന്ന വിവരങ്ങൾ ഡികോഡ് ചെയ്യുവാൻ ഉള്ള സെൻസറിൽ വിരലമർത്തുക മാത്രമാണ് ഉപഭോക്താവ് ചെയ്യേണ്ടത്. ഒരു പണമിടപാടിനും ബാങ്കിൽ പോകേണ്ട മൊബൈൽ ആപ്പ് വഴി അതും സാദ്ധ്യമാകുന്നു. അതാണ് വെളിപ്പാട് പുസ്തകവും പറയുന്നത്. മൃഗത്തിന്റെ സംഖ്യയുള്ളവർക്കല്ലാതെ വില്ക്കുവാനോ വാങ്ങുവാനോ കഴിയുകയില്ല. ആർക്കും മനസ്സിലാകാതെ ജനങ്ങളുടെ നന്മയെന്ന് പറഞ്ഞ് ഒരു ലോകഭരണാധികാരിയുടെ വരവിനായി നമ്മുടെ രാജ്യവും ഒരുങ്ങുന്നു എന്നാണ് ഇതിലൂടെ മനസ്സിലാക്കുവാൻ കഴിയുന്നത്. അങ്ങനെ എങ്കിൽ യേശുക്രിസ്തു വരുവാൻ കാലമായി

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം - 29



സുനിൽ വർഗീസ്,
ബാംഗ്ലൂർ

താഴേക്ക് ഓടി പോകുന്ന കുമ്മാശ്ശന്റെ തോളിൽ കാതറിൻ കിടക്കുന്നത് ചെറുമൻ കണ്ടു. അയാൾ പിന്നാലെ അലറിക്കൊണ്ട് ഓടിയെങ്കിലും കുമ്മാശ്ശനെ കിട്ടിയില്ല. അപ്പോഴേക്കും കുമ്മാശ്ശൻ കാതറിനെ കൊണ്ടു പോയി എന്ന് എല്ലാവരും മനസ്സിലാക്കി അവരുടെ ശ്രദ്ധ അങ്ങോട്ടു മാറിയ ആ ഇടവേളയിൽ, കല്ലേറും അടിയും കൊണ്ട് അവശനായ കറമ്പൻ പാറക്കെട്ടുകൾക്കിടയിലൂടെ ഓടി രക്ഷപെട്ടു. കറമ്പനും ഓടുന്നത് കണ്ട്, മാതേവൻ അയാളുടെ കൈയ്യിലിരുന്ന കമ്പ് കറമ്പന്റെ നേരെ വലിച്ചെറിഞ്ഞു. ഏറു കൊണ്ട് വീണെങ്കിലും, കുതറി എഴുന്നേറ്റ് അയാൾ താഴേക്ക് ചാടി മരക്കൂട്ടങ്ങൾക്കിടയിൽ മറഞ്ഞു.

ഞെട്ടിത്തരിച്ചു നിൽക്കുകയായിരുന്നു ആൽബർട്ട്. കറമ്പനാണോ ഡേവിഡിനെ കൊന്നത്. ദൈവമേ.... അന്ന് അവൻ ഡേവിഡിനെ കൊന്നിട്ടാണ് തന്റെ നേരെ ഓടി വന്നത്.

എടോ ആൽബീ നിന്റെ നീലമുടിയിലെ പ്രശ്നം സങ്കീർണ്ണമാകുകയാണല്ലോ. അവർ നിന്റെ കാതറിനെ കൊന്നു കാണുമോ? വെള്ളിടിപോലെയാണ് രാജീവിന്റെ ആ ചോദ്യം ആൽബർട്ടിൽ വന്നു പതിച്ചത്. മാതേവാ പിന്നെ എന്താ സംഭവിച്ചേ...രാജീവ് തിരിഞ്ഞ് മാതേവനോടായി ചോദിക്കുന്നു.

ഒരു രാത്രി മൊത്തം ഞങ്ങൾക്ക് എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. പിന്നെ ദൈവം കുട്ടിയെ വന്നു കാണാൻ ഞങ്ങ കൂട്ടം കൂടി തീരുമാനിച്ചു. കാതറിന്റെ ബാഗിലെ പേപ്പറുകൾ മുണ്ടോട്ടിത്തറയിലുള്ള കൂട്ടത്തിൽ വായിക്കാനറിയാവുന്നവരെ കാണിച്ച് അതിൽ നിന്ന് വഴി കണ്ടെത്തിയാ ഞങ്ങൾ വന്നേ...ഒരാഴ്ച്ച അന്വേഷിച്ചതിനു ശേഷമാണ് അവർക്ക് ആൽബർട്ടിന്റെ വീട് കണ്ടെത്താനായത്.

ആൽബർട്ട് മൺകൂജയിലെ വെള്ളം എടുത്ത് ആർത്തിയോടെ കുടിച്ചു. ആൽബീ താൻ, എന്താ ചെയ്യുവാൻ പോകുന്നേ...രാജീവ് ചോദിക്കുന്നു. പോകണം രാജീവ്. ഇന്നു തന്നെ പോകണം. ഈ രാത്രിയിൽ തന്നെ പോകണം. മാതേവാ, മുനയണ്ണാ നിങ്ങൾ ഇവിടെ തന്നെ ഇരിക്കണം, ഞാൻ വീടു വരെ പോയിട്ട് വരാം. ആൽബർട്ട് മാതേവന്റേയും മുനയണ്ണന്റേയും കൈകൾ ചേർത്തു പിടിച്ചു. ഞാൻ നിങ്ങളുടെ ദൈവം കുട്ടി തന്നെയാ..പെട്ടന്നു വരും; കേട്ടോ....രാജീവ് ഒരു ഉപകാരം കൂടി നീ ചെയ്യണം. നിന്റെ വണ്ടിയിൽ ഞങ്ങളെ മുണ്ടോട്ടിത്തറ വരെ ഇന്നു രാത്രി കൊണ്ടു വിടില്ലേ...

ആൽബീ....മുണ്ടോട്ടിത്തറ വരെയല്ല...ഞാൻ കൂടെ നിന്റെ നീലമുടിയിലേക്ക് വരുന്നു...എനിക്ക് പണ്ട് നീ പറയാറുണ്ടായിരുന്ന ആ യേശുവിനെ ഇപ്പോൾ അനുഭവിക്കാൻ കഴിയുന്നുണ്ട്. നമ്മൾ അവിടെയുള്ള പ്രശ്നങ്ങൾ എല്ലാം സോൾവ് ചെയ്യുമടാ.....

നിന്റെ ലീവു കഴിയാറായില്ലേ....നീ നീലമുടിയെക്കുറിച്ചും അവിടെയുള്ള പ്രശ്നങ്ങളെക്കുറിച്ചും വേവലാതിപ്പെടേണ്ട... രാജീവ്...നീ ഞങ്ങളെ, ഞാൻ പറഞ്ഞയിടം വരെ ഇന്നു രാത്രി കൊണ്ടെത്തിച്ചാൽ മതി.

എടാ....നിന്റെ നീലമുടി പോലെ അല്ലെങ്കിലും ഞാനും കാടുകളിൽ തന്നെയാ കഴിയുന്നേ...ചിലപ്പോൾ മഞ്ഞു മലകളിൽ...ഒരു പട്ടാളക്കാരന്റെ ജീവിതരീതിയെക്കുറിച്ച് നിന്നോടു പറഞ്ഞു തരേണ്ട ആവശ്യമില്ലല്ലോ....ഞാൻ വരും ആൽബർട്ട്.... ഇപ്പോൾ നിന്റെ നീലമുടിയിൽ സഹനവും ക്ഷമയുമല്ല ആവശ്യം...ആ കുമ്മാശ്ശനേയും കറമ്പനേയും ഒന്നു പെരുമാറിയാൻ മതി. അവർ നിന്റെ വരുതിക്ക് നിൽക്കും. എന്നാലും കോളജ് കാലഘട്ടത്തിലെ നിന്റെ ശൗര്യത്തിന്റെ ഒരു അംശം വേണ്ടല്ലോ നിന്റെ നീലമുടിയെ നന്നാക്കിയെടുക്കാൻ. നിനക്കോർമ്മയില്ലേ ആൽബീ...എത്ര പോലീസുകാരേയും രാഷ്ട്രീയക്കാരേയും നമ്മൾ കൈക്കരുത്തു കൊണ്ട് നന്നാക്കിയെടുത്തിരിക്കുന്നു. ഏതോ ഓർമ്മകളുടെ വഴിത്താരയിൽ പെട്ടതു പോലെ ആൽബർട്ട് ഒരു നിമിഷം കണ്ണുകൾ അടച്ചു.

അതൊക്കെ വിട് രാജീവ്...നീ വാ...ആദ്യം എന്റെ വീട്ടിൽ പോകണം. ആൽബർട്ട് ഒന്നു കൂടി മുനയണ്ണനേയും മാതേവനേയും നോക്കിയ ശേഷം വായനശാലയുടെ പടവുകൾ ഇറങ്ങി.

*******

പതിവു പോലെ മമ്മ കരഞ്ഞു തുടങ്ങുന്നു. നീലമുടിയിലേക്ക് തിരിച്ചു പോകുവാനുള്ള തീരുമാനം അറിയിച്ചതിനു ശേഷം അത്യാവിശ്യം വേണ്ട വസ്ത്രങ്ങൾ ഹാൻഡ് ബാഗിൽ നിറയ്ക്കുകയായിരുന്നു ആൽബർട്ട്. പപ്പ, ഉണ്ടായ അരിശം മുഴുവൻ രാജീവിനോടായി പറയുന്നു. അനുഭവിക്കുവാൻ യോഗമില്ലന്ന് പരിഭവിക്കുന്നു. എന്നാലും ഈ രാത്രിയിൽ തന്നെ നിനക്ക് പോകണോ....രാവിലെ പാസ്റ്റർ വന്നിട്ട് പോയാൽ പോരേ...? മമ്മയുടെ വിതുമ്പൽ.

പറ്റില്ല, മമ്മാ...ഇപ്പോൾ പോയാലേ രാവിലെ അവിടെ ചെല്ലൂ...ഞാൻ പെട്ടന്ന് വരും. അവിടെ കുറച്ചു പ്രശ്നങ്ങൾ ഉണ്ട് അത് ഞാൻ ചെന്നാലേ തീരൂ..എന്നെ ഒന്നു മനസ്സിലാക്ക് മമ്മാ...

അപ്പോഴേക്കും രാജീവും ഇടപെട്ടു. മമ്മാ....അതിന് ആൽബി തനിച്ചല്ല പോകുന്നേ...ഞാനും ഉണ്ടല്ലോ കൂടേ....ഞങ്ങൾ ഒരുമിച്ചാണ് തിരിച്ചു വരുന്നത്.

പപ്പായോട് കൂടുതൽ തർക്കിക്കാനോ യാത്രപറയുവാനോ ആൽബർട്ട് നിന്നില്ല.

വായനശാലയിൽ നിന്ന് മുനയണ്ണനേയും മാതേവനേയും കൂട്ടി അവർ മുണ്ടോട്ടിത്തറയിലേക്ക് പുറപ്പെട്ടു.

പ്രഭാതം പൊട്ടിവിടരുന്നതിനൊപ്പം മഴയും ചാറിക്കൊണ്ടിരുന്നു, ആൽബർട്ട് കണ്ണു തുറന്നപ്പോൾ. വണ്ടി ആളൊഴിഞ്ഞ ഒരു വഴിയിൽ കിടക്കുകയായിരുന്നു. ഡ്രൈവിങ് സീറ്റിൽ രാജീവ് നല്ല ഉറക്കത്തിലാണ്. ബാക്ക്സീറ്റിൽ മാതേവനും മുനയണ്ണനും ഉറക്കത്തിലാണ്. ആൽബർട്ട് ഡോർ തുറന്ന് പുറത്തേക്കിറങ്ങി. ചുറ്റുപാടും കണ്ണുകൾ ഓടിച്ചു. ഇനിയും ഏകദേശം ഒരു മണിക്കൂർ കൂടി പോകണം മുണ്ടോട്ടിത്തറയിൽ എത്തുവാൻ. അപ്പോഴേക്കും രാജീവും ഡോർ തുറന്ന് പുറത്തെത്തി. നീ നല്ല ഉറക്കത്തിലായിരുന്നു ആൽബീ...ഇവിടെ നിന്ന് എങ്ങോട്ട് പോകണം എന്നറിയില്ലായിരുന്നു, അതാ വണ്ടി ഇവിടെ നിർത്തിയത്. നമ്മുക്ക് ഇവിടെ വെച്ച് ഒന്നു ഫ്രഷായിട്ടു പോയാൽ പോരേ.....

മുണ്ടോട്ടിത്തറയിൽ എത്തിയപ്പോഴേക്കും എട്ടുമണി കഴിഞ്ഞിരുന്നു. ഇവിടെ നിന്ന് ഇനി നമ്മുടെ വണ്ടി പോകില്ല. ഒന്നുകിൽ നടക്കണം. അല്ലെങ്കിൽ എന്തെങ്കിലും കാളവണ്ടി കിട്ടുന്നതു വരെ കാത്തു നിൽക്കണം.

കാളവണ്ടി പോകുന്ന വഴിയാണ് ഇതെങ്കിൽ നമ്മുടെ വണ്ടിയും പോകും ആൽബീ... നീ വാ...അതുപറഞ്ഞ് രാജീവ്, വണ്ടി മുന്നിൽ കണ്ട ചെമ്മൺ റോഡിലൂടെ മുന്നോട്ട് എടുത്തു. നീലമുടിയിലേക്കുള്ള കയറ്റം വരെ വണ്ടി കിതച്ചും ഞരങ്ങിയും എത്തി. ഇനി വണ്ടി മുന്നോട്ടു പോകില്ലന്നു മനസ്സിലായതോടെ രാജീവ് ആൽബർട്ടിനെ നോക്കി. നമ്മുക്ക് ഇവിടെ ഇറങ്ങാം. പഴയവഴികൾ...ഒറ്റയടി പാതയിലൂടെ നടക്കുമ്പോൾ ആൽബർട്ടിന്റെ മനസ്സ് വിതുമ്പി കൊണ്ടിരുന്നു. ഡേവിഡ് കുത്തേറ്റു വീണ സ്ഥലത്തു എത്തിയപ്പോൾ ആൽബർട്ട് വിങ്ങലോടെ നിന്നു. എന്തോ മനസ്സിലായതു പോലെ രാജീവ് അയാളെ മുന്നോട്ടു നടക്കാൻ നിർബ്ബന്ധിച്ചു. അപ്പോഴേക്കും നശിച്ചു കിടക്കുന്ന ആൽബർട്ടിന്റെ കുടമ്പ് ഇലച്ചാർത്തുകൾക്കിടയിലൂടെ കാണാമായിരുന്നു. ഓ...ഇതായിരുന്നോ നിന്റെ വീട്... രാജീവ് പാറപ്പുറത്തേക്ക് വലിഞ്ഞു കയറിക്കൊണ്ട് ചോദിച്ചു. ആൽബർട്ട് വന്നുവെന്ന വാർത്ത അപ്പോഴേക്കും കാട്ടുതീ പോലെ നീലമുടിയിൽ പടർന്നിരുന്നു. കൂട്ടത്തിലുള്ള എല്ലാവരും പല വഴികളിലൂടെ ആൽബർട്ടിന്റെ കുടമ്പിനരികിലേക്ക് വന്നു കൂടിക്കൊണ്ടിരുന്നു. **(തുടരും)**

## 10 ⇦ ഒരു വെള്ളിക്കാശിനും ഒരു കഷ്ണം .....

(പ്രവ:8:20). ഏതുവിധേനയും ധനസമ്പാദനത്തിനായി ഓടിനടക്കുന്നവരും ഏതുധനവാന്റെ അഴിമതിക്കും അന്യായത്തിനും കൂട്ടുനില്ക്കുന്ന നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ദൈവത്തിന്റെ ദാസന്മാരല്ല പകരം ഗേഹസ്സിയുടെ ദാസന്മാരാണ്. ആത്മീയതയും മാനവും മര്യാദയും വലിച്ചെറിഞ്ഞു വാരികൂട്ടിയ സമ്പത്തിന്റെ മറവിൽ മറഞ്ഞിരിക്കുന്ന നിങ്ങളോടത്ര ദൂതു പറയുന്നത്. നിങ്ങൾ ഒന്നുമില്ലാത്തവരും അടിമകളും ആയിരുന്നു. എന്നാൽ ഇന്നത്തെ സമൃദ്ധിയിൽ അഹങ്കാരത്തിന്റെ അംശവടി കൈയിലേന്തിയ ഉസ്സാമാമാരോട് ദൈവവചനം ശക്തമായി പറയുന്ന ദൂത്, ഒരു വെള്ളിക്കാശിനും ഒരു കഷണം അപ്പത്തിനുമായി നിന്റെ സന്തതികൾ ഇരക്കുമെന്നു!

വാർത്ത എത്തിക്കഴിഞ്ഞ്, ഹൊഫ്നിയും ഫീനെഹാസും കൊല്ലപ്പെട്ടു! അടുത്ത കരച്ചിൽ കേൾക്കുന്നതിന് മുന്നമേ ഏലി കഴുത്തൊടിഞ്ഞവസാനിച്ചു. അനാഥനായി മഹത്വം നഷ്ടപ്പെട്ട ഈഖാബോദ് കണ്ണ് തുറന്നപ്പോൾ മറ്റു പലരുടെയും കണ്ണു അടഞ്ഞു കഴിഞ്ഞിരുന്നു. ഇവയെല്ലാം ദൈവദാസനോടും ദൈവീക വഴിപാടുകളോടും കാണിച്ച നിന്ദകളുടെ ഫലമാണ്. എങ്കിലും ആത്മീക ശുശ്രൂഷകൾക്കു കുറവുമില്ല. കാരണം ഒരു ശമുവേൽ ശുശ്രൂഷ ആരംഭിച്ചു കഴിഞ്ഞു. യഹോവേ അരുളിചെയ്യേണമെ അടിയൻ കേൾക്കാം എന്നുപറയുന്ന ശമുവേലും കൂട്ടരും ദൈവാലയത്തിൽ, ഒരു വെള്ളിക്കാശ് തരേണമെന്നു പറയുന്ന ഗേഹസിയുടെ വേലക്കാർ മറുഭാഗത്തും! നിങ്ങൾ ആരുടെ പക്ഷത്ത്? ദൈവത്തിന്റെ പക്ഷത്തു ഉള്ളവൻ മാറിനിന്ന് ദൈവാലോചന ഏറ്റു വാങ്ങി ശുശ്രൂഷിക്കുക. വഷളനെ നിന്ദ്യനായിതന്നെ കാണുക. എന്നാൽ നന്മയും കരുണയും നിന്റെ ആയുഷ്ക്കാലമൊക്കെയും നിന്നെ പിന്തുടരും. ഈഖാബോദിനെ അല്ല ശമുവേലിനെ നമുക്കു കാണാം. ദൈവം അരുളി ചെയ്യുന്നു "എന്നെ മാനിക്കുന്നവരെ ഞാനും മാനിക്കും".

# ഭാരവാഹികൾ



പാസ്റ്റർ കെ. സി. ജേക്കബ് | പാസ്റ്റർ തോമസ് കുര്യൻ | ഡോ. തോമസ് വർഗീസ് | പാസ്റ്റർ ബിജോയ് ചാക്കോ | ബ്രദർ അലക്സാണ്ടർ മാത്യു

**മാവേലിക്കര:** ഐ. പി. സി. ആലപ്പുഴ മേഖല സൺഡേസ്കൂൾസ് അസോസിയേഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തു. സെപ്റ്റംബർ 13ന് ആലപ്പുഴ വെസ്റ്റ് സെന്റർ മിനിസ്റ്റർ പാസ്റ്റർ ഏബ്രഹാം ജേർജ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മേഖലാ ജനറൽ ബോഡിയിലാണ് 2015-18 വർഷത്തേക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. മേഖലാ ഭാരവാഹികളായി പാസ്റ്റർ കെ. സി. ജേക്കബ് (പ്രസിഡന്റ്), പാസ്റ്റർ തോമസ് കുര്യൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ മോൻസി. എം. ജോൺ (സെക്രട്ടറി), ഡോ. തോമസ് വർഗീസ് (ജോ. സെക്രട്ടറി), ബ്രദർ ജോസ് ജോൺ (ട്രഷറാർ), പാസ്റ്റർ ബിജോയ് ചാക്കോ (പബ്ലിസിറ്റി കൺവീനർ), ബ്രദർ അലക്സാണ്ടർ മാത്യു (താലന്ത് കൺവീനർ) എന്നീ എക്സിക്യൂട്ടീവ് അംഗങ്ങളെ കൂടാതെ കമ്മറ്റിയെയും തെരഞ്ഞെടുത്തു. ആലപ്പുഴ വെസ്റ്റ്, ആലപ്പുഴ ഈസ്റ്റ്, മാവേലിക്കര വെസ്റ്റ്, മാവേലിക്കര ഈസ്റ്റ്, നൂറനാട് എന്നീ സെന്ററുകൾ ചേർന്നതാണ് ആലപ്പുഴ മേഖല.

കല്ലുകടി

# കോമാളികളായി മാറുന്ന ന്യൂജനറേഷൻകാർ

ഇന്ന് മലയാള സിനിമയിലും കോമഡി പ്രോഗ്രാമുകളിലുമൊക്കെ പെന്തെക്കോസ്തുകാരെ കണക്കിന് പരിഹസിക്കുന്ന ധാരാളം കാര്യങ്ങൾ തുടർച്ചയായി വരുന്നൊരു കാലമാണിത്. പൊതു സമൂഹം പെന്തെക്കോസ്തുകാരെക്കുറിച്ച് എങ്ങനെ ചിന്തിക്കുന്നു എന്നതിന് ഒരു ഉദാഹരണമാണ് ഇത്. ഇന്ന് ഫേസ്ബുക്കിലും വാട്സ് ആപ്പിലും യുട്യൂബിലുമൊക്കെ പ്രചരിക്കുന്ന ധാരാളം ന്യൂജനറേഷൻ വീഡിയോകളും ഉണ്ട്. അത് കാണുമ്പോൾ അറിയാതെ തന്നെ നമുക്ക് നാണം തോന്നും. കുരയും ബഹളവും ചാട്ടവുമൊക്കെയായി ഒരുമാതിരി അവിയൽ പരിപാടി. ഈ അടുത്തകാലത്ത് പ്രചരിക്കുന്ന ഒരു വീഡിയോയിൽ ഒരുത്തൻ ബ്രാ.. ബ്രാ... എന്ന് ശബ്ദം ഉണ്ടാക്കുന്നു. ഇന്നാ പിടിച്ചോ എന്നു പറഞ്ഞ് ജനത്തിനിടയിലേക്ക് എന്തോ ഇടുന്നതുപോലെ ആംഗ്യം കാട്ടുന്നു. അതുപിടിക്കാൻ ആണുംപെണ്ണുമെല്ലാം കെട്ടിമറിയുന്നു. ഇതിനിടയിൽ മസിൽ പിടിച്ചു നടന്ന ഒരുത്തൻ സ്റ്റേജിൽ പ്രസംഗകനെ പൂണ്ടടക്കം പിടിച്ച് നിലത്തടിക്കുന്നു. പുറകെ പത്തുപതിനഞ്ചെണ്ണം അയാളുടെ മണ്ടയ്ക്ക് മറിയുന്നു. അല്പം കഴിഞ്ഞപ്പോൾ അതിനിടയിലൂടെ ചാടിയെഴുന്നേറ്റ് പുറത്തുവന്ന് ബ്രാ..എന്ന് മുരണ്ട ശേഷം ഇന്നാ പിടിച്ചോ എന്നു പറഞ്ഞ് വീണ്ടും പഴയ പ്രവർത്തി ആവർത്തിച്ചു. ഇതിനിടയിൽ പ്രസംഗകനോട് ചേർന്നുനിന്ന് ഇളകിക്കൊണ്ടിരുന്ന ഒരുവന്റെ പിടലിക്ക് മുൻപറഞ്ഞ മസിൽമാൻ പിടിച്ച് പുറകിലേക്ക് തള്ളുന്നതും കാണാം. ഇതെല്ലാം കണ്ട് തുള്ളിമറിയുന്ന കുറച്ചു സഹോദരിമാരും സഹോദരന്മാരും. ചിലരുടെ മുഖഭാവം കണ്ടാൽ ഇപ്പോൾ തല്ലുമെന്ന് തോന്നും. ഇതെല്ലാം ആത്മാവിന്റെ നടത്തിപ്പെന്ന പേരിലാണ് കാട്ടിക്കൂട്ടുന്നത്. യാതൊരു ഉളുപ്പും ഇല്ലാതെ നടത്തുന്ന ഇത്തരം കോപ്രായങ്ങളാണ് പൊതുസമൂഹം പെന്തെക്കോസ്തിനെ പരിഹസിക്കുവാൻ ഉപയോഗിക്കുന്നത്. പെന്തെക്കോസ്ത് എന്നുപറഞ്ഞാൽ ഇതൊക്കെയാണെന്നുള്ള ധാരണ പൊതുസമൂഹത്തിന് കിട്ടിയിരിക്കുന്നു. അതുകൊണ്ട് തന്നെ അവജ്ഞയോടെ ഈ സമൂഹത്തെ അവർ കാണുകയാണ്.

**അടിക്കുറിപ്പ്:** മത്തായി 7:22,23

# ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ കത്ത്

*കർത്താവിൽ ഞാൻ എത്രയും സ്നേഹിക്കുന്ന ദൈവദാസന്മാർക്കും എല്ലാ ദൈവജനങ്ങൾക്കും വേഗം വരുന്ന നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!*

ദൈവഹിതമായാൽ 2016 ജനുവരി 17 – 24 വരെ 92-ാമത് കുമ്പനാട് കൺവൻഷൻ നടക്കുകയാണ്. കഴിഞ്ഞ വർഷത്തെപ്പോലെ കൺവൻഷന്റെ തലേ ആഴ്ച ഉപവാസ പ്രാർത്ഥനയായും ക്രമീകരിക്കുന്നുണ്ട്. കൺവൻഷന്റെയും ഉപവാസപ്രാർത്ഥനയുടെയും അനുഗ്രഹത്തിനുവേണ്ടി ഇപ്പോൾ മുതൽ നിങ്ങൾ പ്രാർത്ഥിക്കണമെന്ന് ഓർപ്പിക്കുന്നതിനാണ് ഈ കത്തെഴുതുന്നത്. കൺവൻഷൻ ദിവസങ്ങളിൽ കുമ്പനാട്ടെത്തുന്ന എല്ലാവർക്കും ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്തു വരുന്നു.

ശക്തമായ ദൈവവചന ശുശ്രൂഷയിലൂടെ ദൈവസഭ ഉണർത്തപ്പെടണം, അത്ഭുതങ്ങളും വിടുതലുകളും നടക്കണം. സാമ്പത്തിക ആവശ്യങ്ങൾ നിറവേറണം. കാലാവസ്ഥ അനുകൂലമാകണം, ഹർത്താൽ പോലുള്ള തടസ്സങ്ങളുണ്ടാകരുത്, ലോകമെങ്ങുനിന്നും കൺവൻഷനായി യാത്ര ചെയ്യുന്ന എല്ലാവരെയും സുരക്ഷിതമായി ദൈവം പരിപാലിക്കണം.... തുടങ്ങിയ വിഷയങ്ങൾ ഇന്നുമുതൽ ഓർത്ത് സഭയായും വ്യക്തിപരമായും പ്രാർത്ഥിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഐ.പി.സി.യുടെ പ്രവർത്തനങ്ങൾ ഭരണപരമായും സഭാ വളർച്ചയിലും ആത്മീയ അന്തരീക്ഷത്തിലും അനുഗ്രഹകരമായി പുരോഗമിക്കുന്നു എന്ന് കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. ദൈവത്തെ സ്തുതിക്കുന്നു. ഭാരതത്തിൽ നോർത്ത് ഈസ്റ്റ് സ്റ്റേറ്റുകളായ നാഗാലാന്റും മിസോറാമും ഒഴിച്ച് എല്ലാ സ്റ്റേറ്റുകളിലും ഇതിനകം ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സ്റ്റേറ്റ് ഭരണസമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. എല്ലാ സ്റ്റേറ്റുകളിലും നേരിട്ട് പോയി പ്രവർത്തനങ്ങൾ സന്ദർശിക്കുവാൻ വ്യക്തിപരമായി ദൈവം എന്നെ സഹായിച്ചു. ആയിരത്തിലേറെ ലോക്കൽ സഭകളുള്ള ഐ.പി.സി. നോർത്തേൺ റീജിയനും, ഗുജറാത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 350 ലോക്കൽ സഭകളുള്ള ആശ്രാം ഫെലോഷിപ്പ് സഭയും ഐ.പി.സിയുടെ അഫിലിയേറ്റഡ് സഭകളായി പ്രവർത്തിക്കുവാൻ ജനറൽ കൗൺസിൽ അംഗീകാരം നൽകി. ഭാവിയിൽ ഭാരതത്തിലെ പല സ്വതന്ത്ര പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളും ഐ.പി.സിയുമായി ആത്മീയ ബന്ധം സ്ഥാപിച്ച് മുന്നോട്ട് പോകുവാൻ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ വർഷം ഞാൻ വളരെക്കുറച്ച് വിദേശയാത്രകളാണ് നടത്തിയത്. ആസ്ട്രേലിയാ, യു.കെ, സിംഗപ്പൂർ, ഖത്തർ എന്നീ രാജ്യങ്ങളിൽ നടത്തിയ സന്ദർശനം അവിടങ്ങളിലെ സഭാ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ മുഖാന്തിരമാക്കി.

കുമ്പനാട്ടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി സഹായിക്കുകയും ചെയ്ത എല്ലാവരോടും ഒരിക്കലൂടെ നന്ദി പറയുന്നു. സഭാ ആസ്ഥാനത്തോട് ചേർന്ന് 86 സെന്റ് സ്ഥലം വാങ്ങുവാൻ ദൈവം സഹായിച്ചു. കൂടാതെ 1 ഏക്കർ 26 സെന്റ് സ്ഥലത്തിന് വേണ്ടി 1.4 കോടിയും, 29 സെന്റ് സ്ഥലത്തിന് വേണ്ടി 30 ലക്ഷവും സഭ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. 2.4 കോടി രൂപ കൂടി ഉണ്ടെങ്കിലോ ഈ സ്ഥലങ്ങൾ നമുക്ക് രജിസ്റ്റർ ചെയ്യുവാൻ സാധിക്കൂ. പ്രാർത്ഥിക്കുക, സഹകരിക്കുക, നമ്മുടെ ദൈവം നമുക്ക് കാര്യം സാധിപ്പിച്ച് തരും.

കുമ്പനാട്ടെ ഇന്റർനാഷണൽ ബിൽഡിംഗിന്റെ പ്രവർത്തനം ഇടക്ക് മുടങ്ങിപ്പോയിരുന്നു. പല കേസുകൾ അതിനെതിരെ നൽകപ്പെട്ടു. എന്നാൽ ഗവൺമെന്റ് തലത്തിലുള്ള എല്ലാ അനുമതികളും നമുക്ക് ലഭിക്കുകയും പണികൾ പുനരാരംഭിക്കുകയും ചെയ്തത് സന്തോഷകരമാണ്. ഇതിനകം 13 മുറികളുടെ നിർമ്മാണം ഏകദേശം പൂർത്തീകരിക്കപ്പെട്ടു. കെട്ടിട നിർമ്മാണം ഏതുവിധേനയും തടയുവാൻ ചിലരിപ്പോഴും ശക്തമായി പ്രവർത്തിക്കുന്നുണ്ട്. സൻബല്ലത്തും തോബിയാവും എത്ര ശ്രമിച്ചാലും സർവ്വശക്തനായ ദൈവം കൂടെയുണ്ടെങ്കിൽ പണികൾ പൂർത്തീകരിക്കപ്പെടും. എന്നതാണ് ദൈവവചനം നമുക്ക് നൽകുന്ന ധൈര്യം. ദൈവജനം പ്രാർത്ഥിക്കുക.

ഭാരത പ്രാർത്ഥനാ യാത്രയെക്കുറിച്ച് നിങ്ങൾ അറിഞ്ഞുവല്ലോ. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷകന്മാർ ക്രൂരമായി പീഡിപ്പിക്കപ്പെടുന്നു. ഛത്തീസ്ഗഡിൽ നമ്മുടെ സഭയിലെ ഒരു സുവിശേഷകനെ ഭാര്യയുടെയും അമ്മയുടെയും മുന്നിലിട്ട് വെട്ടിനുറുക്കി കൊന്നുകളഞ്ഞു. ഞാൻ അവിടം സന്ദർശിച്ച് ആ സഹോദരിമാരെയും അനാഥരായ കുഞ്ഞുങ്ങളെയും കണ്ടു. ഉടുത്തിരുന്ന സാരി അഴിച്ച സ്വന്തം ഭർത്താവിന്റെ ശരീരഭാഗങ്ങൾ പൊതിഞ്ഞ് തനിയെ ചുമന്ന് കൊണ്ടുപോകേണ്ടി വന്ന അവരുടെ അനുഭവം എന്റെ ഹൃദയം തകർത്തു. മറ്റു പല സ്റ്റേറ്റുകളിലും നമ്മുടെ സഹോദരങ്ങൾ കൊല്ലപ്പെട്ടു. പലരും ജയിലിലടക്കപ്പെട്ടു. കാസർഗോഡ് ജില്ലയിലെ 12 ഐ.പി.സി. ശുശ്രൂഷകന്മാർ ക്രൂരമായി മർദ്ദിക്കപ്പെട്ടു. അനേകം സഭാ ഹാളുകൾ ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിൽ തകർക്കപ്പെട്ടു.



ഇങ്ങനെ കഷ്ടതയിലൂടെ കടന്നു പോകുന്ന ജനത്തെയും ദൈവദാസന്മാരെയും നേരിട്ട് കണ്ട് ആശ്വസിപ്പിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ദൈവം എന്റെ ഹൃദയത്തിൽ പ്രേരണ നൽകി. അങ്ങനെയാണ് ഭാരത പ്രാർത്ഥനാ യാത്ര ആരംഭിക്കുന്നത്. ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളിലും നേരിട്ട് ചെന്ന് പ്രാർത്ഥിച്ചു. അതാത് സ്ഥലത്ത് അതാത് സ്റ്റേറ്റ് കൗൺസിലുകൾ വലിയ പ്രാർത്ഥനാ മീറ്റിംഗുകൾ സംഘടിപ്പിച്ച് യാത്രയിൽ പങ്കാളികളായി. എല്ലാവരോടും ഹൃദയപൂർവ്വം നന്ദി പറയുന്നു. ഐ.പി.സി. സഭകൾ മാത്രമല്ല സഹോദര സഭകൾ പോലും പല സ്ഥലങ്ങളിലും ഈ പ്രാർത്ഥനയിൽ പങ്കാളികളായി. മദ്രാസിൽ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭയായ പാസ്റ്റർ ഡി. മോഹന്റെ എ.ജി. സഭയിൽപ്പോലും അവരെന്നെ ക്ഷണിച്ച് ശുശ്രൂഷക്ക് അവസരമൊരുക്കി. വലിയ ആത്മീയ ആവേശം ഇന്ത്യയൊട്ടുക്കും ഉണ്ടാകുവാൻ ഈ യാത്ര മുഖാന്തിരമായി. കേരളത്തിൽ വിപുലമായ നിലയിൽ പ്രാർത്ഥനായാത്രക്ക് ക്രമീകരണങ്ങളൊരുക്കിയ കേരളാ സ്റ്റേറ്റ് കൗൺസിലിനോട് പ്രത്യേകം നന്ദി പറയാനും ഈ അവസരം ഞാനുപയോഗിക്കട്ടെ.

സഭ ആത്മീയമായും ഭൗതീകമായും അനുഗ്രഹിക്കപ്പെടുമ്പോൾ സാത്താൻ അവന്റെ സർവ്വശക്തിയുമെടുത്ത് പോരാടുമെന്നത് യാഥാർത്ഥ്യമാണ്. ഐ.പി.സിയുടെ വികസന പ്രവർത്തനങ്ങളെ തടയുവാൻ ചിലർ കേസുകളുമായി നടക്കുന്നു. മറ്റൊരു കൂട്ടർ എനിക്കെതിരെ വളരെ മോശമായ ആക്ഷേപങ്ങൾ പ്രചരിപ്പിക്കുന്നു. മനസ്സറിവില്ലാത്തതും അവാസ്തവുമായ കള്ളപ്രചരണങ്ങൾ ഉണ്ടാക്കുന്നവരോട് ക്ഷമിക്കുവാനും ദൈവം കൃപ തരുന്നു. ദൈവം അവരെയും അനുഗ്രഹിക്കട്ടെ.

സഭയുടെ ഭരണഘടന കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് ആഗ്രഹിച്ച് നടപടികളാരംഭിച്ചതാണ്. എന്നാൽ ഒരു കാരണവശാലും ഭരണഘടനാ പരിഷ്കരണം നടക്കരുത് എന്ന് ചിന്തിക്കുന്ന ചിലർ നിരന്തരം അതിനെ തടസ്സപ്പെടുത്തുന്നു എന്നത് ഏറെ ദുഃഖകരമാണ്. സഭയുടെ ഭാവിക്ക് ഭരണഘടന പരിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്.

ഇത്രത്തോളം യഹോവ സഹായിച്ചു. ഈ ഭരണസമിതിയുടെ മൂന്നു വർഷവും നിരവധി പ്രതിസന്ധികളുണ്ടായെങ്കിലും ഐ.പി.സി.യുടെ കുതിപ്പിന്റെ വർഷങ്ങളായിരുന്നു. ധാരാളം കാര്യങ്ങൾ ചെയ്യുവാൻ ദൈവം കൃപ ചെയ്തു. തുടർന്നും ദൈവജനം ഉണർന്നു പ്രാർത്ഥിക്കുക. സഭ ദൈവത്തിന്റേതാണ്. കർത്താവിന്റെ വരവോളം വിശ്വസ്തതയോടെ കർതൃസേവ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഞാൻ നിങ്ങളെയെല്ലാവരെയും ഓർത്ത് നിരന്തരം പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ശുശ്രൂഷകളെയും ഓർത്ത് പ്രാർത്ഥിക്കുക.

എല്ലാവർക്കും ഒരിക്കലൂടെ നന്ദിയും വന്ദനവും ചൊല്ലുന്നു.

*ക്രിസ്തുവിന്റെ മഹത്വമുള്ള ശുശ്രൂഷയിൽ നിങ്ങളുടെ*

**പാസ്റ്റർ ജേക്കബ് ജോൺ**

**(ജനറൽ പ്രസിഡന്റ്)**

# തെറ്റായ പ്രവണതകൾ ഒഴിവാക്കണം: പാസ്റ്റർ വത്സൻ ഏബ്രഹാം

1. ഐ.പി.സി. ഭരണഘടന പരിഷ്കരണത്തെ കുറിച്ചുള്ള താങ്കളുടെ നിലപാട് എന്താണ്?

ഞാൻ എന്നും അതിനു വേണ്ടി നിലകൊണ്ടിട്ടുള്ള വ്യക്തിയാണ്. 2006-ൽ ഞാൻ ജനറൽ സെക്രട്ടറിയായിരിക്കുമ്പോൾ എല്ലാ റീജിയനുകൾക്കും സ്റ്റേറ്റുകൾക്കും കത്ത് അയച്ചിട്ടുണ്ട്. ലഭിച്ച മറുപടികൾ വെച്ചുകൊണ്ട് ഭരണഘടനാ ഭേദഗതിക്കുള്ള ഒന്നിലധികം ചർച്ചകൾ അന്നത്തെ ഭരണഘടനാഭേദഗതി കമ്മറ്റി കൂടി നടത്തിയിട്ടുള്ളതാണ്. നിർഭാഗ്യവശാൽ ചിലരുടെ നിസ്സഹകരണം നിമിത്തം അന്ന് അത് പൂർത്തീകരിപ്പാൻ കഴിഞ്ഞില്ല.

2. ഇപ്പോഴത്തെ ഭരണ സമിതിയുടെ തീരുമാനങ്ങളെല്ലാം വിവാദങ്ങളാകുന്നല്ലോ?

വ്യക്തമായ ആശയവിനിമയം വളരെ കുറവാണ്. മാത്രമല്ല ഉയർന്നു വന്ന മിക്ക പ്രശ്നങ്ങളും പ്രാദേശികമാണ്. ലോകം മുഴുവൻ ഒരു സാർവത്രിക കാഴ്ചപ്പാടിൽ(global outlook) ആണെന്ന വസ്തുത അറിയാത്ത മട്ടാണ്.

3. സഭയുമായി ബന്ധപ്പെട്ട് നടക്കുന്ന കോടതി വ്യവഹാരങ്ങളെ കുറിച്ച് താങ്കളുടെ അഭിപ്രായവും നിലപാടും എന്താണ്?

ഞാൻ ഇപ്പോൾ എക്സിക്യൂട്ടീവിന്റെ ഭാഗമല്ലാത്തതിനാൽ വിശദമായി കേസുകളുടെ എല്ലാ വിവരങ്ങളും എന്റെ പക്കൽ ഇല്ല. പക്ഷേ, അവയിൽ പലതും വളരെ സൗഹാർദ്ദപൂർവ്വം പരിഹരിക്കപ്പെടാവുന്നതുമാണ്. പക്ഷേ അതിന് അർത്ഥപൂർണ്ണമായ പരസ്പര ചർച്ച ആവശ്യമാണ്. എന്നാൽ അതിനുള്ള അവസരങ്ങൾ അനുവദിക്കുന്നില്ല.

4. നിലവിലുള്ള ഭരണ സമിതിയ്ക്കെതിരെ ആരോപണങ്ങൾ ഉയരുന്നുണ്ടല്ലോ? എന്താണ് താങ്കളുടെ പ്രതികരണം?

ഭരണസമിതിയെ വിശ്വാസത്തിലെടുക്കാതെ ഒരാളുടെ ഏകപക്ഷീയമായ തീരുമാനങ്ങളും അറിയിപ്പുകളും ജനങ്ങളോടുള്ള ആശയവിനിമയങ്ങളും ചിന്താക്കുഴപ്പം ഉണ്ടാക്കുന്നു. തത്ഫലമായുണ്ടാകുന്ന ആരോപണങ്ങൾക്കും ജനങ്ങളുടെ സംശയങ്ങൾക്കും വ്യക്തവും കൃത്യവുമായ വിശദീകരണം നൽകുവാൻ നേതൃത്വത്തിന് കഴിയണം.

5. ഐ.പി.സി. പ്രസ്ഥാനത്തിന്റെ ഭാവിയെ കുറിച്ച് താങ്കളുടെ കാഴ്ചപ്പാട് എന്താണ്?

ഇപ്പോൾ തെറ്റായ ദിശയിലാണ് അത് പോയ്കൊണ്ടിരിക്കുന്നത്. തെറ്റായ ദിശയിലാണ് അത് പോയ്കൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കിയാൽ യാത്ര നിർത്തി ഒരു നേരെതിരിവ് (U Turn) നടത്തി യാത്ര തുടരേണ്ടതാണ്.

6. അധികാരത്തിൽ നിന്ന് ഒഴിഞ്ഞു നിന്നപ്പോൾ എന്തു പഠിച്ചു?

"ദൈവത്തിന്റെ സംരക്ഷണം" ഞാൻ അനുഭവിച്ചു. ദൈവം എനിക്ക് തന്നതാണ് ആ വാക്ക്. കഴിഞ്ഞ ഏകദേശം രണ്ടര വർഷങ്ങളായി കൂടുതൽ ചൈതന്യപ്പെടുവാനും പല കാര്യങ്ങളും വിലയിരുത്തുവാനും മനസ്സിലാക്കുവാനും എനിക്ക് സാധിച്ചിട്ടുണ്ട്.

7. അടുത്ത തെരഞ്ഞെടുപ്പിൽ താങ്കൾ ഏതു പദവിയിലേക്കാണ് മത്സരിക്കുന്നത്? വിജയത്തെ കുറിച്ച് ശുഭപ്രതീക്ഷയുണ്ടോ?

പ്രാർത്ഥനാപൂർവ്വം ദൈവത്തിലാശ്രയിച്ചു കൊണ്ട് പ്രസിഡന്റ് സ്ഥാനത്തിലേക്ക് നില്ക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഐ.പി.സി.യിലെ ശുശ്രൂഷകന്മാരുടെയും ദൈവമക്കളുടെയും പ്രാർത്ഥന, വിവേചനം, സഹകരണം എന്നിവയുടെ അടിസ്ഥാനത്തിൽ കർത്താവ് സഭയ്ക്കു വേണ്ടി എനിക്ക് വിജയം നൽകും എന്ന് വിശ്വസിക്കുന്നു.

8. താങ്കളുടെ നേതൃത്വത്തിൽ ഉള്ള പാനലിൽ ആരൊക്കെയായിരിക്കും സ്ഥാനാർത്ഥികൾ?



താമസിയാതെ അതിന് അവസാന രൂപം കൊടുക്കുന്നതും ഏവരെയും അറിയിക്കുന്നതുമാണ്.

9. ഇപ്പോഴുള്ള തെരഞ്ഞെടുപ്പ് രീതിയെ അംഗീകരിക്കുന്നുണ്ടോ?

ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് രീതിയിൽ വന്നുകൂടിയിരിക്കുന്ന പല തെറ്റായ പ്രവണതകളും ശരിയല്ല. അതുകൊണ്ട് അവ ഒഴിവാക്കാൻ ഐ. പി. സി. ഭരണഘടന തിരുത്തേണ്ടത് ആവശ്യമാണ്.

10. കഴിഞ്ഞ ജനറൽ കൗൺസിൽ / പ്രസ്ബിറ്ററി മീറ്റിംഗുകളോടനുബന്ധിച്ച് ഹെബ്രോൻ പുരത്ത് നടന്ന അനിഷ്ട സംഭവങ്ങൾ താങ്കൾ എങ്ങനെ നോക്കി കാണുന്നു?

എന്താണ് സംഭവിച്ചതെന്ന് അവിടെ അതിന് സാക്ഷ്യം വഹിച്ച എല്ലാവർക്കും അറിവുള്ളതാണ്. എന്തായാലും സംഭവിച്ചതും അതിന് പിന്നിലുള്ള സംസ്കാരവും സംസാരരീതിയും അങ്ങേയറ്റം മോശമായിപ്പോയി.

സഭയ്ക്കു വേണ്ടി ആരും ചെയ്യുന്ന നല്ല കാര്യങ്ങളെ ഞാൻ പിൻതുണയ്ക്കുന്നു. പക്ഷേ നല്ല കാര്യങ്ങൾ ചെയ്യുന്നത് നല്ല മാർഗ്ഗത്തിൽ തന്നെയായിരിക്കണം.

ലേഖനം

# സൂപ്പർമൂണും ലോകാവസാനവും ബൈബിൾ വെളിച്ചത്തിൽ

## പാസ്റ്റർ സജി പള്ളിക്കുന്ന്

പോയ വാരങ്ങൾ ലോകമെമ്പാടും ചെയ്ത ചർച്ചയാണ് ലോകാവസാനം. ഒരു വലിയ ജന വിഭാഗങ്ങൾ ലോകാവസാനം ഈ കഴിഞ്ഞ സെപ്റ്റംബർ 28-ാം തീയതി സംഭവിക്കുമെന്ന് വാദിച്ചിട്ടുണ്ട്. അതിന്റെ കാരണം ഈ കഴിഞ്ഞ സെപ്റ്റംബർ മാസം 28-ാം തീയതി ഉണ്ടായ സൂപ്പർമൂൺ പ്രതിഭാസമാണ്. സൂപ്പർ മൂണിനെക്കുറിച്ചും അതിന്റെ അനന്തരഫലമായി ഉണ്ടാകാൻ സാധ്യത ഉണ്ടെന്ന് പറയപ്പെടുന്ന സംഭവ വികാസ വിവരണങ്ങളിൽ ജനങ്ങളിൽ പലരും അത്യധികമായ ഭീതിയ്ക്ക് അടിമപ്പെട്ടിരുന്നു എന്നതാണ് സത്യം. പലരും ലോകവസാനം പ്രതീക്ഷിച്ചിരുന്നു.

സൂപ്പർ മൂൺ...

ചന്ദ്രൻ ഒരു ദീർഘ വൃത്താകൃതിയി വീഥിയിലൂടെയാണ് ഭൂമിയെ ചുറ്റുന്നത്. ചന്ദ്രന് എല്ലാ മാസങ്ങളിലും ഭൂമിയോടുള്ള ദൂരത്തിൽ ഒരുപോലെയല്ല. എല്ലാ മാസങ്ങളിലും ഈ അകല വ്യത്യാസം വരാറുണ്ട്. 357000 കി.മീറ്ററിനും 406000കി. മീറ്ററിനും ഇടയ്ക്കാണിത് സംഭവിക്കുന്നത്. ഈ സമയം ചന്ദ്രൻ ഭൂമിയോട് 356577 കിലോമീറ്റർ അടുത്തിരിക്കും. ഭൂമിയോട് ചന്ദ്രൻ ഏറ്റവും അടുക്കുന്ന സമയം സംഭവിക്കുന്ന പൗർണ്ണമി രാത്രി ആണ് സൂപ്പർമൂൺ എന്ന് അറിയപ്പെടുന്നത്. ഈ 28ന് നടന്ന സൂപ്പർ മൂൺ സമയം ചന്ദ്രന് സാധാരണ ഉള്ളതിന്റെ വലിപ്പത്തിൽ നിന്നും 14 ശതമാനം വലിപ്പവർദ്ധനവും 30 ശതമാനം തിളക്കാധിക്യവും ഉണ്ടായിരുന്നു. ഭൂമിയുടെ പ്രതലത്തിൽ തട്ടി പ്രതിഫലിക്കുന്ന സൂര്യന്റെ കിരണം ആണ് ചുവന്ന വെളിച്ചമായി നാം കാണുന്നത്. അതായത് സൂര്യന്റെയും ചന്ദ്രന്റെയും ഇടയിൽ ഭൂമി വരുന്നു. ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുന്നതിനാൽ ചന്ദ്രഗ്രഹണം ഉണ്ടാകുന്നു. സൂര്യന്റെ രശ്മികൾ ഭൂമിയിൽ തട്ടി ഭൂമിയുടെ അന്തരീക്ഷത്തിൽ കൂടി വളഞ്ഞ് പോയി പതിക്കുന്ന കാരണത്താൽ ചുവന്ന വെളിച്ചം പ്രസരിക്കുന്നു. ഇങ്ങനെയാണ് ചന്ദ്രൻ ചുവന്ന വെളിച്ചത്തിൽ കാണപ്പെടുന്നത്. ഇതാണ് സൂപ്പർ മൂൺ എന്ന് പറയപ്പെടുന്നത്. 33 വർഷങ്ങൾക്ക് ശേഷമാണ് ഈ സെപ്റ്റംബർ 28ന് സൂപ്പർ മൂൺ നടന്നത്. പൂർണ്ണ ചന്ദ്രഗ്രഹണവും സൂപ്പർ മൂണും ഒരുമിച്ച് സംഭവിക്കുന്നത് അപൂർവ്വമാണ്. ഇരുപതാം നൂറ്റാണ്ടിൽ 5 തവണ മാത്രമാണ് ഇങ്ങനെ സംഭവിച്ചത്. 1910, 1928, 1946, 1964, 1982. 21 -ാം നൂറ്റാണ്ടിൽ ആദ്യത്തേത് ആണ് ഈ കടന്നു പോയത്. ഇനി അടുത്തത് ശാസ്ത്ര ഗണിതമനുസരിച്ച് 2033 ഒക്ടോബർ 8-ാം തീയതി നടക്കണം. എന്നാൽ ഈ കഴിഞ്ഞതിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. ഇത് ടെട്രേഡ് ആയിരുന്നു. നാല് ചുവന്ന പൂർണ്ണചന്ദ്ര ഗ്രഹണങ്ങൾക്കിടയിൽ ഒരു അപൂർണ്ണ ചന്ദ്രഗ്രഹണമില്ലാതെ നടക്കുന്നതിനെ ടെട്രേഡ് എന്ന് പറയുന്നു. അതായത് ഏകദേശം ആറ് മാസത്തിന്റെ ഇടവേളയിൽ 4 പൂർണ്ണ ചന്ദ്ര ഗ്രഹണങ്ങൾ നടന്നു. ഈ ചന്ദ്ര ഗ്രഹണത്തിന്റെ പ്രത്യേകത, ഈ 28ന് സൂപ്പർ മൂൺ ടെട്രേഡിന്റെ ഭാഗമായി നടന്നു എന്നതാണ്. ആയതിനാൽ ആണ് ഇതിനെ അപൂർവ്വങ്ങളിൽ അപൂർവ്വമെന്ന് ചിലർ വിശേഷിപ്പിക്കുന്നത്.



എന്നാൽ ഇതിന് ബൈബിളുമായി എന്താണ് ബന്ധം? ഈ സംഭവത്തെ ക്രിസ്തുവിന്റെ വരവുമായി ബന്ധിപ്പിക്കുകയും ഇത് ബൈബിൾ പ്രവചനമായി വ്യാഖ്യാനിച്ച് 2015 സെപ്റ്റംബർ 28 ന് ലോകവസാനം സംഭവിക്കുമെന്നും ക്രിസ്തു അന്ന് പുനരാഗമനം ചെയ്യുമെന്നും അമേരിക്കയിലെ രണ്ട് പാസ്റ്റർമാരായ മാർക്ക് ബിറ്റ്സും ജോൺ ഹാഗിയും പ്രവചിക്കുകയും 2013-ൽ ഇത് സംബന്ധമായി പുസ്തകം പ്രസിദ്ധീകരിക്കുകയും സൂപ്പർ മൂൺ ദിനത്തോടനുബന്ധിച്ച് പാശ്ചാത്യ മാധ്യമങ്ങൾ ഈ വിഷയം വ്യാപകമായി ചർച്ച ചെയ്തപ്പോൾ വിശ്വാസസമൂഹത്തെ ബാധിക്കുന്ന വിഷയമായി ഇത് മാറി. ഈ പാസ്റ്റർമാർ ഇത് ക്രിസ്തുവിന്റെ രണ്ടാം വരവുമായി ബന്ധപ്പെടുത്തിയത് യോവേൽ പ്രവചനം രണ്ടാം അദ്ധ്യായം 31-ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ ആണ്. അതിന് അവർ കാരണമായി കണക്ക് കൂട്ടിയത്, ടെട്രേഡ് പ്രതിഭാസം എപ്പോഴക്കെ സംജാതമായോ അപ്പോഴൊക്കെ യിസ്രായേലുമായി ബന്ധപ്പെട്ട് ചില സ്ഥിതി വിശേഷങ്ങൾ ഉണ്ടാകാറുണ്ട് എന്നാണ്. 1493ൽ സമാന പ്രതിഭാസം ഉണ്ടായപ്പോഴാണ് സ്പാനീസ് മത വിചാരണയിൽ യഹൂദ കൂട്ട കൊലപാതകങ്ങൾ നടന്നത്. 1948ൽ യിസ്രായേൽ രാഷ്ട്രം പുനസ്ഥാപിച്ചപ്പോഴും ഇത്തരം സംഭവം നടന്നു. അറബ് രാജ്യങ്ങളുമായി അരങ്ങേറിയ ഇസ്രായേലിന്റെ ആറ് ദിവസ യുദ്ധ വർഷമായ 1967ലും സമാന ചന്ദ്ര സംഭവം നടന്നു ഇങ്ങനെ അവർ കണക്ക് കൂട്ടിയപ്പോൾ 2014-15 വർഷങ്ങളിലായി സംഭവിക്കാൻ പോകുന്ന ഈ ചന്ദ്രപ്രതിഭാസം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ നാന്ദിയാണെന്നും ഈ ചതുർരക്ത ചന്ദ്രന്മാരുടെ 2014-ൽ സംഭവിച്ച പൂർണ്ണ ചന്ദ്രഗ്രഹണം യഹൂദന്മാരുടെ വിശുദ്ധവാരമായ പെസഹ സമയത്താണെന്നും ഇത് യാദൃശ്ചികമല്ലെന്നും അവർ ചിന്തിച്ചു. വാസ്തവത്തിൽ ഇത് ഇതപര്യന്തമായി നടന്ന കാര്യമായിരുന്നില്ല. കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കിടയിൽ 54 പ്രാവശ്യം ടെട്രേഡ് നടന്നു. 21-ാം നൂറ്റാണ്ടിന്റെ ഇപ്പോൾ നടന്നത് കൂടാതെ ഇനി ഏഴ് എണ്ണം കൂടി നടക്കണം. ഇനി അടുത്തത് മുകളിൽ ചൂണ്ടി കാണിച്ചത് പോലെ 2033ൽ സംഭവിക്കണം. മുൻ പ്രസ്താവിച്ച സംഭവവികാസങ്ങൾ യിസ്രായേലുമായി ബന്ധപ്പെട്ടാണ് ഈ പാസ്റ്റർമാർ പ്രവചിച്ചതെങ്കിലും കൗതുകകരമായ വസ്തുത ഈ നാല് തിങ്കൾ സംഭവങ്ങളും യിസ്രായേലിൽ ദൃശ്യമല്ല എന്നതാണ്.

ഇതിൽ നിന്നും നമുക്ക് ലഭിക്കുന്ന പാഠം ഇത്തരം മാനുഷിക കണക്ക് കൂട്ടലുകൾ ബൈബിൾ സത്യം എന്ന പോലെ പ്രസ്താവിക്കപ്പെടുമ്പോൾ ഇത് ബൈബിളിൽ സംശയരഹിതമായുള്ള കണക്കുകൾ ആണെന്ന് ബൈബിളിൽ വലിയ ജ്ഞാനമില്ലാത്ത സാമാന്യജനം ചിന്തിച്ചു പോകും. ഇതിന് നൂറ് നൂറ് ഉദാഹരണങ്ങൾ നമ്മുടെ മുമ്പിൽ ഉണ്ട്. ബൈബിളുമായി യാതൊരുബന്ധവും ഇല്ലാത്ത സംഭവങ്ങൾപോലും ബൈബിളുമായി ബന്ധപ്പെടുത്തി ബൈബിളിന്റെ വിശ്വസ്തതയെ ചോദ്യം ചെയ്യാൻ വിമർശകരുടെ മുന്നിൽ ഇട്ടു കൊടുക്കുന്നത് നാം കാണു

02

വീക്ഷണം

# അന്ധവിശ്വാസ നിരോധന നിയമം പ്രതീക്ഷകളും ആശങ്കളും



റോബിൻ സാമുവേൽ

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും പേരിൽ കുട്ടികളനുഭവിക്കുന്ന പീഡനങ്ങളുമായി ബന്ധപ്പെട്ട് പത്തനംതിട്ട എം. എൽ. എ ശിവദാസൻ നായർ ഉന്നയിച്ച ചോദ്യമാണ് 'അന്ധവിശ്വാസ നിരോധന നിയമത്തെ'പ്പറ്റിയുള്ള ചർച്ചകൾ സജീവമാക്കിയത്. മഹാരാഷ്ട്രയിൽ പാസ്സാക്കിയ നിയമത്തിന്റെ മാതൃകയിൽ കേരളത്തിലും അന്ധവിശ്വാസ നിരോധന നിയമം പാസ്സാക്കുമെന്നാണ് ഇതിനന്ന് ആഭ്യന്തരമന്ത്രി മറുപടി നല്കിയത്. പ്രസ്തുത നിയമം തയ്യാറായിക്കൊണ്ടിരിക്കുന്നതായാണ് വിവരം. ഒരു പക്ഷെ അടുത്ത നിയമസഭാ സമ്മേളനത്തിൽ ഈ നിയമം പാസ്സാക്കിയേക്കുമെന്നും കരുതപ്പെടുന്നു. ഏറ്റവുമൊടുവിൽ വിഗ്രഹാരാധനയ്ക്കും അനാചാരങ്ങൾക്കുമെതിരെ പ്രവർത്തിച്ച മുൻ കന്നട സർവ്വകലശാല വൈസ് ചാൻസലർ എം.എം. കൽബുർഗിയുടെ കൊലപാതകവും 'അന്ധവിശ്വാസ നിരോധനമിയമ'ത്തെപ്പറ്റിയുള്ള ചർച്ചകൾ വീണ്ടും സജീവമാക്കിയിരിക്കുകയാണ്.

2014-ൽ കരുനാഗപ്പള്ളിയിൽ ഹസീന എന്ന യുവതി മന്ത്രവാദ ചികിത്സയ്ക്കിടെ കൊല്ലപ്പെട്ടതോടെയാണ് സാംസ്കാരിക കേരളം മന്ത്രവാദ ചികിത്സകൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും വ്യാപകമായി പ്രതിഷേധിച്ചത്. മുൻപെങ്ങും ഇല്ലാത്തവിധം അന്ധവിശ്വാസങ്ങൾക്കെതിരെ പൊതു സമൂഹത്തിൽ സജീവമായ ചർച്ചകൾ ഉയർന്നു വന്നു. പ്രതിഷേധങ്ങൾ കൊടുമ്പിരിക്കൊണ്ടിരിക്കെ റാന്നി സെന്റ് തോമസ് കോളജ് വിദ്യാർത്ഥിയായ വടശ്ശേരിക്കര സ്വദേശി ആതിരയും പ്രാകൃതമായി നടന്ന മന്ത്രവാദ ചികിത്സയെ തുടർന്ന് മരണമടഞ്ഞത് പ്രതിഷേധങ്ങൾക്ക് ആക്കം കൂട്ടി. രാഷ്ട്രീയ പാർട്ടികൾ യുവജന സംഘടനകൾ അധ്യാപക സർക്കാർ ജീവനക്കാരുടെ സംഘടനകൾ. ശാസ്ത്രസാഹിത്യ പരിഷത്ത്, യുക്തിവാദിസംഘടനകൾ തുടങ്ങിയവയെല്ലാം പ്രതിഷേധവും ധർണ്ണകളുമായി തെരുവിലിറങ്ങി. മതനേതൃത്വങ്ങൾക്ക് പോലും മതത്തിന്റെ പേരിൽ നടക്കുന്ന അനാചാരങ്ങൾക്കെതിരെ പ്രതികരിക്കേണ്ടി വന്നു. ഇതിന്റെയൊക്കെ തുടർച്ചയായി നിരവധി സിദ്ധന്മാരും മന്ത്രവാദികളും അറസ്റ്റ് ചെയ്യപ്പെടുകയുമുണ്ടായി.

കേരളത്തിലങ്ങോളമിങ്ങോളം മന്ത്രവാദികളും ചാത്തൻ സേവക്കാരും ആത്മീയ തട്ടിപ്പുക്കാരുമൊക്കെ മതത്തിന്റെ മറപിടിച്ച് നടത്തിയ തട്ടിപ്പുകൾ ഓരോന്നായി വെളിച്ചത്തു വന്നതോടെയാണ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടച്ചു നീക്കണമെന്ന ചർച്ചകൾ രൂപം കൊണ്ടത്. അന്ധവിശ്വാസ നിരോധന നിയമം എന്ന ആവശ്യവും ഉന്നയിക്കപ്പെട്ടു. ശാസ്ത്രസാഹിത്യ പരിഷത്ത്, യുക്തിവാദസംഘം തുടങ്ങിയവ ഈ ആവശ്യം ശക്തമായി ഉയർത്തിക്കൊണ്ടുവന്നു. ഈ സംഘടനകൾ ഈയവസരത്തെ 'മത'ത്തെ അടിക്കാൻ കിട്ടിയ ഒരു 'വടി'യായിട്ടാണ് കണ്ടതെന്ന ആക്ഷേപവുമുണ്ടായിരുന്നു. പരിഷത്താകട്ടെ നിയമത്തിന്റെ ഒരു മാതൃക പോലും തയ്യാറാക്കി സർക്കാരിനു നല്കിയിട്ടുണ്ടായിരുന്നു. ഒടുവിൽ മഹാരാഷ്ട്ര മാതൃകയിൽ കേരളത്തിലും അന്ധവിശ്വാസ നിരോധന നിയമം നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കയാണ്.

ജിന്ന്, മന്ത്രവാദം, മാന്ത്രികച്ചേന, കൂടോത്രം, ആൾ ദൈവങ്ങൾ തുടങ്ങി തട്ടിപ്പുകളെല്ലാം ഇല്ലാതാക്കുന്ന തരത്തിലൊരു സമഗ്രനിയമമാണ് ഈ നിയമത്തിനുവേണ്ടി വാദിക്കുന്നവർ ആവശ്യപ്പെടുന്നത്. സന്തോഷ് മാധവൻ തുടങ്ങി നിരവധി ആത്മീയ തട്ടിപ്പുകാരുടെ തട്ടിപ്പുകൾക്ക് ഇരയായിട്ടുള്ള അല്ലെങ്കിൽ തട്ടിപ്പുകൾ തുടർന്നു കൊണ്ടിരിക്കുന്ന കേരളനാട്ടിൽ 'അന്ധവിശ്വാസ നിരോധന നിയമം' എന്ന ആവശ്യത്തിനെതിരെ അതുകൊണ്ടു തന്നെ കാര്യമായ പ്രതിഷേധങ്ങളൊന്നും ഉണ്ടായതുമില്ല. കേരളീയ സമൂഹം ഇത്തരമൊരു നിയമത്തെ സ്വാഗതം ചെയ്യുന്നുവെന്ന് വ്യക്തം.

അന്ധവിശ്വാസങ്ങൾ തടയുന്നതിന് സമഗ്രനിയമം എന്ന പേരിൽ മഹാരാഷ്ട്രയിൽ പാസ്സാക്കിയ അന്ധവിശ്വാസനിരോധന നിയമത്തിന്റെ (2013 ഡിസംബർ) ചുവടുപിടിച്ചുള്ള നിയമ നിർമ്മാണം സമഗ്രമാകില്ലെന്ന അഭിപ്രായവും ഉയരുന്നുണ്ട്. ശാരീരികമായി ഉപദ്രവം വരുത്തുന്നവ എന്നിങ്ങനെ ആചാരങ്ങളെ തരം തിരിച്ച് അവയെ നിരോധിക്കുന്ന രീതിയിലാണ് മഹാരാഷ്ട്രയിലെ നിയമം. കൂടാതെ വാസ്തുശാസ്ത്രം, കാതുകുത്ത്കല്യാണം, കിണറിന് സ്ഥാനം കാണൽ തുടങ്ങി സമൂഹത്തിൽ നിലവിലുള്ള നിരവധി ആചാരങ്ങളെ പ്രത്യേക പട്ടികയിലുൾപ്പെടുത്തി ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ സമൂഹത്തിലെ നിരവധി ആചാരങ്ങളും അന്ധവിശ്വാസങ്ങളുമായും സന്ധി ചെയ്തതുള്ള നിയമമാണത്. ലോകത്തിൽ തന്നെ ആദ്യം എന്ന പേരിൽ കൊട്ടിഘോഷിച്ചുണ്ടാക്കിയ നിയമം സമഗ്രമായിട്ടില്ലെന്ന് അന്നേ ആക്ഷേപമുണ്ടായിരുന്നു. നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റവാളികൾക്ക് 7 വർഷം വരെ തടവുശിക്ഷ നൽകുന്ന നിയമം ഹിന്ദുമതവുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങൾക്കെതിരെ മാത്രമാണ് നടപടി ശുപാർശ ചെയ്യുന്നതെന്ന് പേരിൽ ഹിന്ദുസംഘടനകൾ വ്യാപക പ്രതിഷേധമുയർത്തിയിരുന്നു. ഈ കാരണത്താലാണ് ഈ നിയമനിർമ്മാണത്തിനു വേണ്ടി ശക്തമായി പ്രവർത്തിച്ച ഡോ. നരേന്ദ്ര ദബോൽക്കർ എന്ന സാമൂഹിക പ്രവർത്തകൻ നടുറോഡിൽ വെടിയേറ്റ് മരിക്കേണ്ടി വന്നതും.

കഴിഞ്ഞ കേരള നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കുമെന്ന് കരുതിയിരുന്ന നിയമം വൈകുന്നതിന്റെ കാരണങ്ങളും ഇതൊക്കെത്തന്നെയാണ്. അന്ധവിശ്വാസങ്ങളെല്ലാം തന്നെ ഏതെങ്കിലും മതത്തോട് ചേർന്നുനില്ക്കുന്നുവെന്നതാണ് വസ്തുത. അന്ധവിശ്വാസങ്ങളെ ആര് എന്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കും എന്നതും പ്രശ്നമാണ്. ഓരോ മതത്തോടും ചേർന്നു നില്ക്കുന്ന വോട്ടുബാങ്കും അതിന്റെ രാഷ്ട്രീയവും നിയമ നിർമ്മാണത്തെ സ്വാധീനിക്കുമെന്നതിൽ സംശയമില്ല. ഭരണഘടന നിർദ്ദേശിക്കുന്ന ഏകീകൃത സിവിൽ കോഡ് പോലും നടപ്പിലാക്കാൻ കഴിയാത്ത നാട്ടിൽ ഈ നിയമവും ദുർബലമാക്കാനാണ് സാധ്യത. ഈയൊരവസരവും മുതലെടുത്താണ് കേരള യുക്തിവാദി സംഘം, ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ നിക്ഷിപ്ത താത്പര്യക്കാർ ദൈവവിശ്വാസത്തെയൊക്കെ കൈകാര്യം ചെയ്തുകളയാം എന്ന ലക്ഷ്യത്തോടെ മുന്നിട്ടിറങ്ങുന്നതും.



असाधारण भाग आठ

४८(४)] शुक्रवार, डिसेंबर २०, २०१३/अग्रहायण २९, शके १९३५ [पृष्ठ ७, किंमत :

असाधारण क्रमांक ८७.

प्राधिकृत प्रकाशन

महाराष्ट्र विधानमंडळाचे अधिनियम व राज्यपालांनी प्रख्यापित केलेले अध्यादेश व केलेले विनियम आणि विधी व न्याय विभागाकडून आलेले विधेयके (इंग्रजी अनुवाद).

In pursuance of clause *(3)* of Article 348 of the Constitution of India, the following translation in English of the Maharashtra Prevention and Eradication of Human Sacrifice and other Inhuman, Evil and *Aghori* Practices and Black Magic Act, 2013 (Mah. Act No. XXX of 2013), is hereby published under the authority of the Governor.

By order and in the name of the Governor of Maharashtra,

H. B. PATEL,
Principal Secretary to Government,
Law and Judiciary Department.

MAHARASHTRA ACT No. XXX OF 2013.

...blished, after having received the assent of the Governor in ...overnment Gazette", on the 20th December 2013

ആൾദൈവങ്ങൾ, അത്ഭുത തട്ടിപ്പുകൾ, മന്ത്രച്ചരടുകൾ, മാന്ത്രികശംഖ്, ജിന്ന് ഒഴിപ്പിക്കൽ, ധന ആകർഷണയന്ത്രം, ഉറുക്കുകൾ, കൂടോത്രം തുടങ്ങി അന്ധ വിശ്വാസങ്ങൾ അരങ്ങു തകർക്കുകയാണ്. 'ന്യൂ ജനറേഷന്റെ' പേരിൽ നടക്കുന്ന വിശുദ്ധകുരയും, ഇടിയും, ഉത്തി വീഴ്ത്തലും, ഊതിവീഴ്ത്തലുമൊക്കെ വേണമെങ്കിൽ ഈ ഗണത്തിൽപെടുത്താവുന്നതാണ്. കൂടാതെ ഒരു ജനസമൂഹത്തെത്തന്നെ പരസ്യത്തിന്റെ അകമ്പടിയോടെ സ്വാധീനിക്കുന്ന അക്ഷയതൃതീയ പോലുള്ള കോർപ്പറേറ്റ് അന്ധവിശ്വാസങ്ങളും ജനങ്ങളെ കാർന്നു തിന്നുകയാണ്. ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് ആക്ടും (1954). ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ് ആക്ടും (IPC 1890) ഉം നിലവിലുള്ളപ്പോൾ തന്നെയാണ് മാധ്യമങ്ങൾ വഴി അക്ഷയതൃതീയയും, ഇടംപിരിവലംപിരി ശംഖുമൊക്കെ പ്രചരിക്കുന്നത്.

ഒടുവിൽ ലഭിക്കുന്ന വിവരങ്ങൾ ശരിയാണെങ്കിൽ മഹാരാഷ്ട്രയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിലും കൂടുതൽ 'അന്ധ'വിശ്വാസങ്ങളാണ്' കേരളത്തിൽ വരാൻ പോകുന്ന നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐപിസി, സിആർപിസി നിയമങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന നിയമ പ്രകാരം 5000 രൂപ മുതൽ 50000 രൂപ വരെ പിഴയും 6 മാസം മുതൽ 7 വർഷം വരെ തടവും നിയമം ലംഘിക്കുന്നവർക്ക് ലഭിക്കാം. ജാമ്യം കിട്ടാത്ത വകുപ്പും അറസ്റ്റിലാകുന്നവരുടെ പേരിൽ ചാർത്തപ്പെട്ടേക്കാം. കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന നിയമം സമൂഹത്തിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടും എന്നതിൽ സംശയമില്ല. ഇപ്പോൾ നിശബ്ദമായിരിക്കുന്നവരൊക്കെ പ്രതിഷേധവുമായി വരാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. വിവാദങ്ങളും സംവാദങ്ങളുമൊക്കെ ഉയർന്നു വരികയും ചെയ്യാം. ഒടുവിൽ പാസ്സാക്കുന്ന നിയമം 'എല്ലും തോലു'മാകാനാണ് സാധ്യത. നബിക്കെതിരെയും അമൃതാനന്ദമയിക്കെതിരെയും പരാമർശമുണ്ടായതിന്റെ പേരിൽ പുസ്തകങ്ങൾ നിരോധിച്ച നാടാണല്ലോ ഇത്. അതിനാൽ തന്നെ ഈ നിയമവും എത്രമാത്രം ഫലപ്രദമായിരിക്കുമെന്നതിൽ സംശയം ബാക്കിയാണ്.

നമ്മൾ പെന്തെക്കോസ്തുകാരെ സംബന്ധിച്ചിടത്തോളം മഹാരാഷ്ട്ര മോഡൽ നിയമം യാതൊരുവിധത്തിലും നമ്മെ ബാധിക്കില്ല. നമ്മുടെ വിശ്വാസപ്രമാണങ്ങളിൽ പെടുന്നതൊന്നും തന്നെ ഈ നിയമത്തിൽ ഇല്ല തന്നെ. പക്ഷെ പ്രലോഭിച്ച് 'കടം മാറ്റാം' 'രോഗം മാറ്റാം' എന്ന് വാഗ്ദാനം ചെയ്ത് പണം തട്ടാൻ നോക്കുന്നവരൊക്കെ കുടുങ്ങിയേക്കാനാണ് സാധ്യത. മഹാരാഷ്ട്രയിലെ നിയമത്തിലുള്ളതിനേക്കാൾ അധികമായി കേരളത്തിൽ ഉൾപ്പെടുന്ന വകുപ്പുകൾ 'ന്യൂ ജനറേഷൻ' എന്ന പേരിൽ നടക്കുന്ന പലതിനെയും കുടുക്കിയേക്കാനാണ് സാധ്യത. അന്ധ വിശ്വാസങ്ങളുമായി ബന്ധപ്പെട്ട് പൊതു സമൂഹത്തിൽ നടക്കുന്ന ചർച്ചകളിലെല്ലാം തന്നെ 'അത്ഭുത രോഗശാന്തിക്കാരും' ന്യൂ ജനറേഷൻ ഗ്രൂപ്പുകളുമൊക്കെ ചർച്ചയാകുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. നിയമത്തിന്റെ വ്യാപ്തി കൂടിയാൽ 'സുഗതന്റെ കെട്ടുപൊട്ടിക്കാൻ നടക്കുന്നവരും', പത്രപ്പരസ്യം നല്കി പ്രവചിക്കുന്നവരും പ്രവചനം പഠിപ്പിക്കാൻ സ്ഥാപനം നടത്തുന്നവരുമെല്ലാം കുടുങ്ങിയതുതന്നെ.

## 03 വേദപഠനം.....

കത്തീഡ്രൽ ഭരണ സമിതിയിലെ അംഗമാണ് കാനോൻ. നിയമം കൊണ്ടും തിരഞ്ഞെടുപ്പും കൊണ്ടും ഈ സ്ഥാനം ലഭിക്കാറുണ്ട്.

8. കാർഡിനാൾ - റോമൻ കത്തോലിക്ക സഭയിൽ മാർപാപ്പ കഴിഞ്ഞാൽ അടുത്ത അധികാരമുള്ള കാർഡിനന്മാർക്കാണ്, ഈ അടുത്തക്കാലത്ത് പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുവാൻ വേണ്ടി കാർഡിനാൾമാർ ഒന്നിച്ചുകൂടിയതും മറ്റും മാധ്യമങ്ങളിൽ വായിക്കുകയും ശ്രദ്ധിക്കുകയും ചെയ്തുവല്ലോ. മാർപാപ്പയെ തിരഞ്ഞെടുക്കുന്നത് കാർഡിനന്മാരാണ്. കാർഡിനൽ പദവി മൂന്നു വിധത്തിലാണ്. കാർഡിനൽ പ്രീസ്റ്റ്, കാർഡിനൽ ഡീക്കൻസ്, കാർഡിനൽ ബിഷപ്പ് എന്നിങ്ങനെയാണ്.

9. കോ-അഡ്ജൂട്ടർ- ഒരു ഡയോസിനെ ഭരിക്കുന്നതിൽ ബിഷപ്പിനെ സഹായിക്കുന്ന ഭരണാധികാരിയാണ് കോ അഡ്ജൂട്ടർ. കത്തോലിക്ക സഭയിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം ഇവർക്കു കൂടുതൽ അവസരവും ലഭിച്ചിട്ടുണ്ട്. ബിഷപ്പ് ഇല്ലാതെ വന്നാൽ പിൻവാഴിയായി തീരുക എന്നത്, ആംഗ്ലിക്കൻ സഭയിൽ ബിഷപ്പിന്റെ അനുവാദത്തോടെ ഡയോസിസിനെ ഭരിക്കുവാൻ കോ അഡ്ജൂട്ടർക്ക് അധികാരമുണ്ട്.

10. ക്യൂറേറ്റ് - ആത്മാക്കളുടെ സൗഖ്യം എന്ന കാഴ്ചപ്പാടുള്ള ഒരു പട്ടകാരനാണ് ക്യൂറേറ്റ്. സ്വമേധയായും പ്രതിഫലേച്ഛ കൂടാതെയും ശുശ്രൂഷിക്കുന്നവരും സേവനം ചെയ്യുന്നവരുമാണ് ഇവർ.

11. ഡീൻ - ഡീൻ എന്നു പറയുമ്പോൾ സ്ഥാനങ്ങളോടുള്ള ബന്ധത്തിലാണ് അറിയാറുള്ളത്. കോളെജുകൾ, അഡ്മിഷൻ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഡീന് വലിയ സ്ഥാനമാണ്. എന്നാൽ ഇവിടെ ഡീൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബിഷപ്പിനു പിന്നിൽ ഒരു കത്തീഡ്രൽ സേവനം ചെയ്യുന്ന ആൾ, മറ്റൊരു രീതിയിൽ പറഞ്ഞാൽ കത്തീഡ്രൽ ഭരണത്തിന്റെ ഒരു ചാപ്റ്ററിന്റെ ചുമതല വഹിക്കുന്ന ആൾ.

12. മെട്രോപ്പോലിറ്റൻ - പല ഡയസീസ് ഉള്ള ഒരു പ്രോവിൻസിന്റെ അധികാരമുള്ള ബിഷപ്പിന് മെട്രോപ്പോലീറ്റൻ എന്നു പറയുന്നു. മാർത്തോമ സഭകളിലും മറ്റും ഈ പേര് (പദവി) ഉപയോഗിക്കാറുണ്ട്. ഏ.ഡി 325- ലെ നിഖ്യാ സുന്നഹദോസിനു ശേഷമാണ് ഈ പേര് പറഞ്ഞു തുടങ്ങിയത്. **(തുടരും...)**

## 01 'ആഗ്നസ് ഓഫ് ഗോഡ്'......

'ആഗ്നസ് ഓഫ് ഗോഡ്' എന്ന പേര് ലാറ്റിനിലെ "ആഗ്നസ് ഡേയി" മലയാള അർത്ഥം 'ദൈവത്തിന്റെ കുഞ്ഞാട്' എന്ന പ്രയോഗത്തിൽ നിന്ന് ഹാസ്യരൂപത്തിൽ സൃഷ്ടിച്ചതാണ്.

ഇന്ത്യയിൽ ഈ നാടകം സംവിധാനം ചെയ്തിരിക്കുന്നത് കെയ്സാദ് കൊട്ട്വാൾ ആണ്. മുംബൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കാത്തലിക് സെകുലർ ഫോറം (CSF) ഇതിന്റെ പ്രദർശനത്തിനെതിരെ മുംബൈ പോലീസ് കമ്മീഷണർ അഹമ്മദ് ജാവേദിനെ സമീപിച്ചു. "കത്തോലിക്കാ പുരോഹിതരെയും കന്യാസ്ത്രീകളെയും മോശമായി ചിത്രീകരിച്ചതു കൊണ്ടല്ല ഞങ്ങൾ ഇതിനെതിരെ പ്രതിഷേധിക്കുന്നത് മറിച്ച് ഈ നാടകം ഇന്ത്യയുടെ മതേതരത്വ സംവിധാനങ്ങൾക്കെതിരാണ്. പാശ്ചാത്യരാജ്യങ്ങളെ പോലെ ഈ നാടകം സ്വീകരിക്കാൻ ഇന്ത്യ സാംസ്കാരികമായും സാമൂഹ്യപരമായും ഇനിയും സജ്ജമായിട്ടില്ല "CSF-ന്റെ ജനറൽ സെക്രട്ടറി ജോൺ ഡയസ് മാധ്യമങ്ങളോട് പറഞ്ഞു.

ഇതിനിടയിൽ, നാടകത്തിന്റെ സംവിധായകന് ഭീഷണിയുള്ളതിനാൽ പോലീസ് സംരക്ഷണം തേടി. "കന്യകാ ജനനം എന്ന ബൈബിൾ സത്യത്തെ പരിഹസിക്കുന്നതു കൊണ്ട് ഇത് ഗുരുതരമായ വിഷയമാണെന്ന് ആർച്ച് ബിഷപ്പ് ഓസ്വാൾഡ് ഗ്രേഷ്യസ് പറഞ്ഞു.

നാടകത്തിന്റെ കഥ രൂപപ്പെടുത്തിയത് ഒരു യഥാർത്ഥ സംഭവത്തിൽ നിന്നാണെന്നുള്ള സത്യം ഒരു സമൂഹത്തെ മുഴുവൻ കരിവാരിതേക്കാൻ ഉപയോഗിക്കരുത് എന്നാണ് കത്തോലിക്കാ സഭാ നേതൃത്വത്തിന്റെ ആവശ്യം. എന്നാൽ നാടകം മുംബൈയിൽ നിരോധിക്കുകയില്ലെന്ന് മഹാരാഷ്ട്ര സർക്കാർ അറിയിച്ചതായും വാർത്ത പുറത്തുവരുന്നു.

മുംബൈയിൽ ശക്തമായ എതിർപ്പ് നേരിടേണ്ടി വന്ന ഈ നാടകത്തെ ഹൈദരബാദിലും കേരളത്തിലും ജനങ്ങൾ എങ്ങനെ സ്വീകരിക്കും എന്ന് കാത്തിരിക്കുകയാണ് മാധ്യമങ്ങൾ.

# നിത്യതയിൽ



**ജോയിമ്മ ചാക്കോ (85)**

ഐ.പി.സി വല്ല്യയന്തി ലോക്കൽ സഭാ സ്ഥാപകനും ആദ്യകാല ശുശ്രൂഷകനുമായിരുന്ന റിട്ട.അദ്ധ്യാപകൻ കടമ്മനിട്ട ചാന്തുകാവിൻ (ഇലന്തൂർ ചിറക്കടവിൽ) ശ്രീ. സി.സി.ചാക്കോയുടെ സഹധർമ്മിണി ജോയിമ്മ ചാക്കോ(85) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി.

മക്കൾ: റോസമ്മ, ലീലാമ്മ, ജെയിംസുകുട്ടി, ബാബുകുട്ടി

മരുമക്കൾ: പാസ്റ്റർ എബ്രഹാം കുര്യക്കോസ്, പാസ്റ്റർ തോമസ് ചാക്കോ, സാർലി ജെയിംസ്, ജെസി ബാബു.



**അന്നമ്മ ദേവസ്യ (96)**

**കാഞ്ഞിരപ്പള്ളി:** കപ്പാട് ചർച്ച് ഓഫ് ഗോഡ് സഭാംഗം പരിന്തിരിക്കൽ ഭവനത്തിൽ പരേതനായ പി.ഡി. ദേവസ്യയുടെ സഹധർമ്മിണി അന്നമ്മ ദേവസ്യ (96) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കപ്പാട് ദൈവസഭയ്ക്ക് തുടക്കം കുറിക്കുന്നതിനും അതിന്റെ വളർച്ചയിലും നിർണ്ണായക പങ്കുവഹിച്ച ഈ മാതാവ് എല്ലാവരാലും മാനിക്കപ്പെട്ട ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. 15-08-2015 വെള്ളിയാഴ്ച ഭവനത്തിൽ വച്ചു നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റേഴ്സ് സാബു കൊച്ചുമ്മൻ, പി.കെ. മാത്യു എന്നിവർ നേതൃത്വം നൽകി. പാസ്റ്റർമാരായ റ്റൈറ്റസ് നൈനാൻ, ബൈജു തങ്കച്ചൻ, ഷിബു എം. തോമസ്, ഷാജി കുര്യൻ, സ്കറിയ, ബിനോയി, പി.ബി. വെയ്ൽസ്, തുടങ്ങി ദൈവസഭയിലെയും ഇതരസഭകളിലെയും അനേക കർത്തൃദാസന്മാരും വിശ്വാസി പ്രതിനിധികളും അനുശോചനം അറിയിച്ചു. കൂടാതെ ചർച്ച് ഓഫ് ഗോഡ് അസി. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജി. മാത്യൂസും ദൈവവചനം ശുശ്രൂഷിച്ചു. ഭവനത്തിലെ ശുശ്രൂഷകളെ തുടർന്ന് ഈരാറ്റുപേട്ട സഭാ സെമിത്തേരിയിൽ പാസ്റ്റർ പി.ജി. മാത്യൂസ് സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു.

മക്കൾ: പരേതനായ പി.ഡി. ലൗസി, പി.ഡി. എലിസബത്ത്, ചിന്നമ്മ, തങ്കമ്മ, സാറാമ്മ, ലിസി, ജിജി (ഗുജറാത്ത്)

മരുമക്കൾ: ലീലാമ്മ, ജോർജ്ജുകുട്ടി, പാസ്റ്റർ മാത്യു, ജോൺ, ജോർജ്ജുകുട്ടി, പാസ്റ്റർ മോനച്ചൻ (ഗുജറാത്ത്)

**സാറാമ്മ (86)**

**റാന്നി:** വലിയകാവ് ചർച്ച് ഓഫ് ഗോഡ് സഭാംഗവും കാവുംമണ്ണിൽ പരേതനായ എം.എസ് മാമ്മന്റെ (പാപ്പച്ചൻ) ഭാര്യ സാറാമ്മ(86) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ വലിയകാവ് സഭയുടെ ഈട്ടിച്ചുവട്ടിലുള്ള സെമിത്തേരിയിൽ പാസ്റ്റർ എം.കുഞ്ഞപ്പി നിർവ്വഹിച്ചു. ഭവനത്തിലെ ശുശ്രൂഷയ്ക്ക് ഡിസ്ട്രിക്റ്റ് ശുശ്രൂഷകൻ പാസ്റ്റർ പി.ജി. പോളും, സഭാ ശുശ്രൂഷകൻ പാസ്റ്റർ എം.ജി. മാത്യുവും നേതൃത്വം നല്കി. പാസ്റ്റർ പി.ജി.മാത്യൂസ് പ്രസംഗിച്ചു.

മക്കൾ: ജെസ്സി, ഷേർളി, നാൻസി, മോൻസി,

മരുമക്കൾ: പാസ്റ്റർ എം.ജോൺസൺ, ബാബു, ഷിബു, ലൈനി.



**സാം വർഗീസ് (34)**

**വാകത്താനം:** മംഗലപ്പള്ളിയിലായ കരിത്തലയ്ക്കൽ പരേതനായ പാസ്റ്റർ കെ.എം. വർഗീസിന്റെ മകൻ സാം വർഗീസ് (34)കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഞാലിയാകുഴി ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി.

ഭാര്യ: നിഷ (സൗദി)

# •സഹായിക്കുക

## ഇരു വൃക്കകളും തകരാറിലായ യുവാവ്

**തൃശൂർ:** ആറുമാസമായി എറണാകുളം ലിസ്സി ആശുപത്രിയിൽ ഡയാലിസിസിനു വിധേയനാകുന്ന യുവാവ് വൃക്ക മാറ്റി വെക്കാൻ സഹായം തേടുന്നു. തൃശൂർ ചുവന്നമണ്ണ് വെട്ടുവേലിൽ വീട്ടിൽ വി. വി. ജോയി (മനോജ് 39) ആണ് ജീവൻ നിലനിർത്താൻ കരുണ വറ്റാത്ത മനസ്സുകളുടെ കനിവ് തേടുന്നത്. വൃക്ക മാറ്റിവെക്കാൻ 10 ലക്ഷത്തിലധികം രൂപ വേണ്ടിവരും. ഓട്ടോറിക്ഷാ തൊഴിലാളിയായ മനോജിന്റെ ഇപ്പോഴത്തെ ചികിത്സാ ചെലവ് ചുവന്നമണ്ണ് ഐ. പി. സി. സഭാംഗങ്ങളുടെയും മറ്റു ഉദാരമതികളുടെയും സഹായത്താലാണ് കണ്ടെത്തുന്നത്. പ്രായമായ മാതാപിതാക്കളുടെയും സഹോദരന്റെയും കുടുംബത്തോടൊപ്പം അഞ്ച് സെന്റ് സ്ഥലത്തുള്ള ഒരു ചെറിയ വീട്ടിലാണ് മനോജും കുടുംബവും താമസിക്കുന്നത്. ഭാര്യ: പ്ലെസ്സി, മകൻ: വോവസ്.

**V. V. Joy & Janet, A/c No: 67148530329, SBT Pattikkad Branch, Trissur, IFSC Code: 0000253 Mob: 9656045569**

## ഈവനിംഗ് ബൈബിൾ ക്ലാസ്

**പാമ്പാടി:** മെലീത്താ ഗോസ്പൽ മിനിസ്ട്രീസ് ക്രമീകരിക്കുന്ന ഈവനിംഗ് ബൈബിൾ ക്ലാസ് എല്ലാ ആഴ്ചയിലും തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ വൈകിട്ട് 6.30 മുതൽ 8.30 വരെ പാമ്പാടി വെള്ളിലാവുങ്കൽ ബിൽഡിംഗിൽവെച്ച് നടക്കും. വേദാദ്ധ്യാപകരായ പി.റ്റി. തോമസ്, എബി പീറ്റർ, സാജു ജോസഫ്, എബി ഏബ്രഹാം, അനിൽ കൊടിത്തോട്ടം, ജെയ്സ് പാണ്ടനാട്, സജീവ് ഏബ്രഹാം, ഷാജി മാർക്കോസ്, ഡേവിഡ് കൊച്ചുതറയിൽ, സാം റ്റി. ജോസഫ് എന്നിവർ ക്ലാസുകൾ എടുക്കും.

## ബൈബിൾ ക്ലാസ്

**കുമ്പനാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ നെല്ലിമല ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർത്ഥനയും ബൈബിൾ ക്ലാസ്സും ഒക്ടോബർ 22 മുതൽ 24 വരെ നടത്തപ്പെടുന്നു. ലോകസംഭവങ്ങൾ ബൈബിൾ വീക്ഷണത്തിൽ എന്ന വിഷയത്തെ ആധീകരിച്ചുള്ള ക്ലാസ്സുകൾ പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ ക്ലാസ്സുകൾ നയിക്കും. പാസ്റ്റർ മാമ്മൻ മാത്യു ഈ യോഗങ്ങൾക്ക് നേതൃത്വം നല്കും.

## ബൈബിൾ സെമിനാർ സമാപിച്ചു



**കോട്ടയം:** വിവിധ പെന്തെക്കോസ്ത് സഭകൾ സംയുക്തമായി നടത്തിയ ബൈബിൾ സെമിനാർ സമാപിച്ചു. സെപ്റ്റംബർ 26ന് തിരുനക്കര സുവർണ്ണ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സെമിനാറിൽ റവ. ജോയി. എം. തോമസ് (ഭോപ്പാൽ) ക്ലാസ്സുകൾ എടുത്തു. 'പ്രായോഗിക ക്രിസ്തീയ ജീവിതം - ആനുകാലിക ആവശ്യകത' എന്നതായിരുന്നു ചിന്താവിഷയം. ചർച്ച് ഓഫ് ഗോഡ് കോട്ടയം ഡിസ്ട്രിക്ട് പാസ്റ്റർ എ. ടി. ജോസഫ് കോർഡിനേറ്റർ ആയിരുന്നു. പാസ്റ്ററുമാരായ കെ. സി. ചെറിയാൻ, കെ. എ. ഷാജി, റ്റി. എം. കുരുവിള എന്നിവർ പേട്രൺസ് ആയിരുന്നു. പാസ്റ്ററുമാരായ എം. ഒ. ഏലിയാസ്, വി. ജെ. കുഞ്ഞുമ്മൻ, പി. വി. ചെറിയാൻ എന്നിവർ വിവിധ സെക്ഷനുകളിൽ അധ്യക്ഷത വഹിച്ചു. ഇവാ. എം. സി. കുര്യൻ, പി. സി. ഏബ്രഹാം, പാസ്റ്ററുമാരായ എം. എ. ഐഷ്, അനി ചാക്കോ, സോജൻ എന്നിവർ പ്രാർത്ഥിച്ചു.

## സൺഡേസ്കൂൾ നോർത്ത് മലബാർ ക്യാമ്പ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നോർത്ത് മലബാർ സോണിന്റെ സഹകരണത്തോടെ കുട്ടികൾക്കും അദ്ധ്യാപകർക്കുമായി ഇദംപ്രഥമമായി കണ്ണൂരിൽ ദ്വിദിന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 23 രാവിലെ 9 മുതൽ 24 ഉച്ചക്ക് 1 വരെ നടക്കുന്ന ക്യാമ്പ് പരിയാരം, മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ സംസ്ഥാന സെക്രട്ടറി പ്രഫ. ബ്ലസൻ ജോർജ്ജ് ഉത്ഘാടനം ചെയ്യും. പാസ്റ്റർ പി. ആർ. ബേബി, പ്രഫ. എം.കെ ശാമുവൽ, പാസ്റ്റർ സാലു വർഗീസ്, പാസ്റ്റർ സജികുമാർ കെ.പി. എന്നിവർ ക്ലാസ്സുകൾ നയിക്കും. തിമഥി ഇൻസ്റ്റിട്യൂട്ട് വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. ജീസസ് യുവർ മോട്ടീവ് പവർ (JUMP) എന്നതാണ് ക്യാമ്പ് തീം. ഗാന പരിശീലനം, ഗെയിമുകൾ, കൗൺസിലിംഗ് ക്ലാസുകൾ, ടാരി മീററിംഗ്, മിഷൻ ചലഞ്ച് എന്നിവ ക്യാമ്പിന്റെ പ്രത്യേകതകൾ ആയിരിക്കും.

പ്രായ പരിധി ഇല്ലാതെ എല്ലാകുട്ടികൾക്കും ക്യാമ്പിൽ പങ്കെടുക്കാം. അദ്ധ്യാപക പരിശീലനവും ക്യാമ്പിൽ ഉണ്ടായിരിക്കും. സൗജന്യ ഭക്ഷണവും താമസ സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. സോണൽ പ്രസിഡന്റ് പാസ്റ്റർ ബിനു പി ജോർജ്ജ്, സെക്രട്ടറി പാസ്റ്റർ പ്രസാദ് ആൻഡ്രൂസ്, എസ്റ്റിൻ സൈമൺ, ബാബു എം. കുര്യാക്കോസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.

## നവി മുംബൈ പെന്തെക്കോസ്ത് ഫെലോഷിപ്പ് സംയുക്ത ആരാധന



**നവി മുംബൈ:** നവി മുംബൈ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൻ നവിമുംബൈയിൽ ഉള്ള 55 സഭകൾ ചേർന്നുള്ള സംയുക്ത ആരാധന ഒക്ടോബർ 4-ാം തീയതി സാൻപാഢയിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ യേശുദാസ് ബെന്നിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാസ്റ്റർ ജോസഫ് ചെറിയാൻ (ഐ. പി. സി താനെ) മുഖ്യ സന്ദേശം നൽകി. പാസ്റ്റർ വി.ഐ യോഹന്നാൻ (ഏജി സൂപ്രണ്ട് മഹാരാഷ്ട്ര) കർത്തൃമേശയ്ക്ക് നേതൃത്വം നൽകി. നവി മുംബൈയുടെ വിവിധ ഭാഗങ്ങളിൽ നിന്നും 1200 ഓളം വിശ്വാസികൾ സംയുക്ത ആരാധനയിൽ സംബന്ധിച്ചു. പാസ്റ്റർ യേശുദാസൻ ബെന്നി, പാസ്റ്റർ കെ.സി.ജേക്കബ്, ബ്രദർ കെ.എം. വർഗീസ്, പാസ്റ്റർ റെജി തോമസ്, ബ്രദർ എൻ.വി. വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉള്ള കമ്മറ്റി നേതൃത്വം കൊടുത്തു.

## 01 സ്കൂൾ ഓഫ് ജേണ...

ജയ്മോഹൻ അതിരുങ്കൽ, ജോസ് ബേബി തുടങ്ങിയവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി, പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ, ബ്രദർ അജി കുളങ്ങര, പാസ്റ്റർ കെ. കെ. സജി, പാസ്റ്റർ സാബു കൊച്ചുമ്മൻ, ബിജു ജോസഫ്, സിസ്റ്റർ റജിനാ ഫിലിപ്പ് തുടങ്ങിയവർ നേതൃത്വം നൽകി.

## ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ്

### ജനറൽ കൺവൻഷനുള്ള ഒരുക്കങ്ങൾ തുടങ്ങി

**രാജസ്ഥാൻ:** ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് ജനറൽ കൺവൻഷൻ 2015, നവംബർ 12 - 15 വരെ ജയ്പൂരിലെ ജോട്ടുവാടയിൽ ഉള്ള ഇമ്മാനുവേൽ മിഷൻ സ്കൂൾ ഗ്രൗണ്ടിൽ വെച്ചു നടത്താൻ തീരുമാനിച്ചു. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. രാജസ്ഥാൻ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജോർജ് സി. വർഗീസ് പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ സാം ജോർജ്, പാസ്റ്റർ മാത്യു തോമസ്, പാസ്റ്റർ സി.ഡി. സാമുവേൽ, ഇവാ: ജിജു അലക്സ് എന്നിവരാണ് ദൈവവചനത്തിൽ നിന്ന് പ്രസംഗിക്കും. പാസ്റ്റർ പി. എം.തോമസ്, പാസ്റ്റർ എം.ജെ.രാജു, പാസ്റ്റർ ജോൺ ദേവസിയ, ഇവാ: രതീഷ് പി.ജി, ബ്രദർ ബിനു .ടി. മാത്യു, ബ്രദർ ബ്ലസൻ ജോൺ എന്നിവർ നേതൃത്വം നല്കും.

Believers Journal
Kandamkeril Bldg
Kumbanad P.O.,
Thiruvalla
Pin: 689 457

Email: beljourn@gmail.com /
Website: www.beljourn.com

ധ്യാനം

# മണലിന്മേൽ പണിയുന്ന വീടുകൾ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

വ്യക്തികളെയും വസ്തുക്കളെയും അവയുടെ പ്രവർത്തികളുടെയും കാര്യങ്ങളോടുള്ള പ്രതികരണങ്ങളുടെയും അടിസ്ഥാനത്തിൽ വേർതിരിച്ചു പരിചയപ്പെടുത്തുന്ന ഒരു ശൈലി വേദപുസ്തകത്തിൽ തുടർമാനമായി കാണാം. ഇടകലർന്നിരുന്ന ഇരുളും വെളിച്ചവും അതിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായി തിരിച്ചു കൊണ്ട് തിരുവചനത്തിലെ ആദ്യത്തെ തരം തിരിവ് ആരംഭിക്കുകയാണ്. യേശുവിന്റെ പ്രഭാഷണങ്ങളിലും ഉപമകളിലും ഇതിന്റെ ഒരു ആവർത്തനം കാണുവാൻ കഴിയും. ഇത്തരത്തിൽ ഉള്ള രണ്ടു വിഭാഗത്തെ വേർതിരിച്ചു കാണിക്കുവാൻ യേശുക്രിസ്തു പറഞ്ഞ ഒരു ഉപമ ശ്രദ്ധേയമാണ്. വിശ്വപ്രസിദ്ധമായ യേശുവിന്റെ ഒലിവുമല പ്രഭാഷണത്തിന്റെ ഒടുവിൽ വിവരിച്ചിരിക്കുന്ന ഈ ദൃഷ്ടാന്തം കാലത്തിന്റെ നേർക്കാഴ്ചയായി നമ്മോട് ഇന്നും സംവാദിക്കുന്നു. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ" എന്ന് പറഞ്ഞുകൊണ്ടാരംഭിക്കുന്ന ഗിരിപ്രഭാഷണം, അവസാനിക്കുന്നത് "അതിന്റെ വീഴ്ച വലിയതായിരുന്നു" എന്ന മുന്നറിയിപ്പോടെയാണ് (മത്തായി:7:27). വ്യത്യസ്തരായ രണ്ടാളുകൾ അവർ നടത്തിയ വ്യത്യസ്തങ്ങളായ രണ്ടു പണികൾ; ഇതാണ് ഈ ഉപമയിലെ പ്രതിപാദ്യം. കാഴ്ചയിൽ രണ്ടും ഒരുപോലെ കാണപ്പെടുമെങ്കിലും അടിസ്ഥാനപരമായ ചില വ്യത്യാസങ്ങൾ ഇരുവീടുകൾക്കും ഉണ്ടായിരുന്നു. "ആ വീഴ്ച ഭയങ്കരമായിരുന്നു" എന്ന യേശുവിന്റെ പ്രസ്താവന, അദൃശ്യമണ്ഡലത്തിലെ നിർമ്മാണ പിഴവുകളുടെ തീവ്രത വ്യക്തമാക്കുന്നു. ചൊരിയുന്ന വന്മഴയും പൊങ്ങുന്ന നദികളും അടിക്കുന്ന കാറ്റുകളുമാണ് ഇന്നലകളിൽ നടത്തിയ നിർമ്മാണത്തിന്റെ പാളിച്ചകൾ വെളിച്ചത്തു കൊണ്ട് വരുന്നത്.

എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ എല്ലാം പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകും!! ദൈവ വചനത്തിന്റെ കേൾവിയും അനുസരണവുമാണ് നമ്മെ ബുദ്ധിമാന്മാരാക്കുന്നത്. ദൈവ വചനം നമ്മിൽ ചെലുത്തുന്ന സ്വാധീനമാണ് നിർമ്മാണത്തിനായി ഒരു ദൃഢമായ അടിസ്ഥാനം തിരഞ്ഞെടുക്കാൻ നമുക്ക് ബുദ്ധി നല്കുന്നത്. കേവലം വചന കേൾവി മാത്രം സുസ്ഥിരമായ ചെറുത്തുനിൽപ്പിനായി നമ്മെ ശക്തിപ്പെടുത്തണമെന്നില്ല. കേൾക്കുന്ന ദൈവവചനം പ്രായോഗിക ജീവിതത്തിൽ അനുസരണമായി പരിവർത്തനം ചെയ്യപ്പെടുമ്പോൾ മാത്രമാണ് പ്രതികൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ അതിജീവിച്ച് ജയകരമായ ഒരു ജീവിതം സാധ്യമാകുന്നത്. "തിന്നരുത്" എന്ന വചനം ആദിമാതാപിതാക്കൾ ദൈവത്തിൽ നിന്ന് കേട്ടു എങ്കിലും ദൈനംദിന ജീവിതത്തിന്റെ പരീക്ഷണങ്ങളിൽ, കേട്ട വചനത്തിനു അനുസൃതമായി അവർ പ്രതികരിക്കാതെ പ്രലോഭകന്റെ നൂതനവാക്കുകൾക്കു ചെവികൊടുക്കുകയും അതിനെ അനുസരിക്കുകയും ചെയ്തതു നിമിത്തം അവരുടെ ഏദനിലെ നിലനില്പ്പ് ചോദ്യം ചെയ്യപ്പെടുകയും ഒടുവിൽ പുറത്താക്കപ്പെടുകയും ചെയ്തു.!! പിശാചിനോട് ചേർന്ന് മണലിന്മേൽ നടത്തിയ നിർമ്മാണം ഏറെ താമസിയാതെ ഒരു ദുരന്തമായി അവസാനിച്ചു!!

ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ല് സീയോനിൽ ഇട്ടിരിക്കെ, ക്രിസ്തുവേശു എന്ന അടിസ്ഥാനത്തിന്മേൽ പണിയുവാൻ താല്പര്യമില്ലാത്ത ലാഭമോഹികളായ നിർമ്മാണ കരാറുകാർ മണലിൻ മുകളിൽ പടുത്തുയർത്തുന്ന നൂതന കെട്ടുപണികളിലൂടെ ഒട്ടനവധിയാളുകൾ വഞ്ചിതരാകുന്നു. മറ്റൊരേശുവിന്റെയും വേറെ ഒരാത്മാവിന്റെയും സഹായത്തോടെ നടത്തുന്ന മണലിന്മുകളിലെ ഇത്തരം വിലകുറഞ്ഞ പണികൾ പ്രത്യക്ഷത്തിൽ സൗന്ദര്യമുണ്ടെന്നു തോന്നുമെങ്കിലും നിലനിൽപ്പിനുള്ള സാധ്യതകൾ ഒട്ടും തന്നെയില്ല. കാറ്റുകൾ മാറി മാറി അടിക്കുന്നതുപോലെ ഉപദേശത്തിന്റെ ഓരോ കാറ്റുകൾ ദിനംപ്രതി രൂപപ്പെടുമ്പോൾ അതിൽ പെട്ട് അലഞ്ഞുഴലുന്ന ശിശുക്കൾ ആകാതെ ക്രിസ്തു എന്ന തലയോളം വളരുന്ന ആത്മീക പക്വതയിലേക്ക് നാം പ്രവേശിക്കേണ്ടത് അനിവാര്യമാണ്. സത്യവും സങ്കൽപ്പവും തമ്മിൽ തിരിച്ചറിയാതെ നവ പ്രവണതകൾക്കുള്ളിൽ ഒരുപാടാളുകൾ അലഞ്ഞുഴലുന്ന കാഴ്ച ദുഃഖകരമാണ്. ഉപദേശങ്ങൾ, പ്രഭാഷണങ്ങൾ, വ്യാഖ്യാനങ്ങൾ, പഠിപ്പിക്കലുകൾ, പ്രവചനങ്ങൾ, വെളിപാടുകൾ, ദർശനങ്ങൾ ഇവയൊക്കെ നാം കേൾക്കുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ ദൈവീകതയുടെ മേലെഴുത്തിൽ ആയതു കൊണ്ട് ചിലപ്പോഴെങ്കിലും നാം മറ്റൊന്നും ആലോചിക്കാതെ കണ്ണുമടച്ചു പലതും വിശ്വസിക്കുക പതിവാണ്. എന്നാൽ തിരുവചനം ഇതിനെ കുറിച്ച് എന്ത് പറയുന്നു ഏത് അടിസ്ഥാനത്തിൽ ആണ് ഇത് പണിയപ്പെട്ടിരിക്കുന്നത്, ഇത്യാദി കാര്യങ്ങൾ നാം ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടിരിക്കുന്നു.

ഒരു പട്ടണവും ആകാശത്തോളമെത്തുന്ന ഒരു ഗോപുരവും സ്വപ്നം കണ്ടുകൊണ്ടായിരുന്നു പ്രളയാനന്തരഭൂമിയിലെ പ്രഥമ നിർമ്മാണം ആരംഭിച്ചത്. പക്ഷെ "നമുക്കൊരു പേരുണ്ടാക്കാം" എന്നതായിരുന്നു പണിയുടെ അടിസ്ഥാനം. പണി പുരോഗമിക്കവേ മഹാദൈവം സ്വർഗ്ഗത്തിൽ നിന്നും നേരിട്ടിറങ്ങിവന്നു ഭാഷ കലക്കി പണിമുടക്കി കളഞ്ഞു. സ്വയ പ്രശംസയ്ക്കും പേരെടുപ്പിനും ഉള്ള സകല പണികളും ദൈവം ചരിത്രത്തിൽ പൊളിച്ചിട്ടുണ്ട്. ഏത് അടിസ്ഥാനത്തിൽ ആണ് നമ്മുടെ പണികൾ പുരോഗമിക്കുന്നത് എന്ന് സ്വർഗ്ഗം നിരീക്ഷിക്കുന്നുണ്ട്. പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ കൊണ്ടുള്ള സകല പണികളും വെളിപ്പെട്ടുവരുന്ന ഒരു ദിവസമുണ്ട്. ഒരു തീയിൽ ശോധന ചെയ്യപ്പെടുന്ന ഇത്തരം പണികൾ വെന്തുപോകുന്നു എങ്കിൽ അവനു ചേതം വരും (1കൊരി:3:11–15). ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിലേക്ക് അബ്രഹാം കൂടാരം മാറ്റി മാറ്റി അടിച്ചു യാത്ര ചെയ്തപ്പോൾ നീരോട്ടമുള്ളത് നോക്കി കൂടാരം മാറ്റി മാറ്റി അടിച്ച ലോത്ത് സോദോമിൽ എത്തി. ഒരുവന്റെ പണി പാറമേൽ...... മറ്റൊരുവന്റെ പണി മണലിന്മേൽ പണിതവന്റെ സകല പണികളും ന്യായവിധിയുടെ തീയ്ക്കുമുൻപിൽ കത്തിയമർന്നു!! ദൈവത്താൽ ആരംഭിച്ചതെല്ലാം നിലനില്ക്കും- പാറമേൽ പണിത വീടുപോലെ!! ദൈവികമല്ലാത്തതെല്ലാം ഒരുനാൾ തകരും- മണലിന്മേൽ പണിത വീടുപോലെ- അതിന്റെ വീഴ്ചയും വലുതായിരിക്കും!!

ലേഖനം

# "ഒരു വെള്ളിക്കാശിനും ഒരു കഷണം അപ്പത്തിനുമായി എന്നെയും ഒരു പുരോഹിതൻ ആക്കേണമേ!"



പാസ്റ്റർ ജോൺസൺ സഖര്യാ
ഡാളസ്

ദൈവത്തെ മറന്നവരും നീചന്മാരും ഒരുമിച്ചു ദൈവാലയവും യാഗപീഠവും ജഢീക ഉല്ലാസങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾക്കുമായി കൈവശപ്പെടുത്തിയപ്പോൾ ദൈവം അതിനെതിരെ സംസാരിക്കുവാൻ തുടങ്ങി. ദൈവപുരുഷനെ ഏലിയുടെ അടുത്തേക്ക് അയച്ച് തന്റെ കുടുംബത്തിന്റെ കഴിഞ്ഞകാലങ്ങളിലെ അവസ്ഥയെ കുറിച്ച് ഓർമ്മപ്പെടുത്തി. അവർ ഈജിപ്തിലെ അടിമകൾ! ഇന്ന് എല്ലാ നിലയിലും സമൃദ്ധിയും സമ്പന്നതയും! അനുഭവമോ ദൈവഭക്തന്മാർ ആയിരിക്കേണ്ടിയവർ നീചന്മാരായി മാറി. എല്ലാ നിലയിലും അവർ ദൈവത്തെ മറന്നുകളഞ്ഞു. യാഗപീഠം ഒരു പഞ്ചനക്ഷത്ര തീൻ മേശയായി മാറ്റിമറിച്ച് തിരുവചനം ഏന്തിയ കരങ്ങളിൽ "മുപ്പല്ലി" കയറിപ്പറ്റി. യാഗവസ്തുക്കൾ സ്വഭവനത്തിലെ അടുക്കളയിലെങ്ങും അട്ടിമറിക്കപ്പെട്ടു. ദൈവത്തിനുള്ള വഴിപാടും യാഗങ്ങളും നിന്ദിക്കപ്പെട്ടു. സമാഗമന കൂടാര പരിസരങ്ങൾ സ്ത്രീ പുരുഷ സംഭോഗവേദിയായി ഒരുക്കിയെടുത്തു.

ഏലിക്കും കുടുംബത്തിനും എതിരായ കുറ്റപത്രം വായിച്ചു കേൾപ്പിച്ച ദൈവപുരുഷൻ ശിക്ഷാക്രമങ്ങളും വായിച്ചു കേൾപ്പിക്കുവാൻ മടിക്കാണിച്ചില്ല. നിത്യമായ ദൈവീക വാഗ്ദത്തങ്ങൾ എടുത്തുമാറ്റി. ആയുസ്സ് വെട്ടി കുറച്ചു. ആരോഗ്യ അനുഗ്രഹങ്ങളും വെട്ടിക്കുറച്ച് നന്മകൾ അപഹരിക്കപ്പെടുമെന്നും ജീവിച്ചിരിക്കുന്നവർ എന്നും സമാധാനം കെടുക്കുന്നവരും ആയിരിക്കുമെന്നും വിളംബരം ചെയ്തു. തലമുറകൾ ദൈവകോപത്തിന്റെ അടയാളമായി എന്നും ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്നും ദൈവപുരുഷനു പറയേണ്ടി വന്നു. അനന്തരം ഒരു വെള്ളിക്കാശിനു വേണ്ടിയും ഒരു കഷണം അപ്പത്തിനുവേണ്ടിയും എന്നേയും കൂടെ ഒരു പുരോഹിതൻ ആക്കേണമെ എന്നു കെഞ്ചുന്നവൻ നിന്റെ വീട്ടിൽ ഉണ്ടാകുമെന്നുള്ള ദൈവീക അരുളപ്പാടു കേട്ട ഏലിയുടെ മനോഭാവം എന്തായിരുന്നുവോ?

1 ശമുവേൽ 2:36-ാം വാക്യം ദൈവദാസന്മാർ വളരെ ഭയത്തോടു വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവർ ആയിരിക്കേണം. കാരണം ദൈവപ്രമാണങ്ങൾക്കു എതിരെ അധികനാളുകൾ ആർക്കും തുടരുവാൻ സാധിക്കുകയില്ല. പ്രായവും പരിചയും പാരമ്പര്യങ്ങളും പലപ്പോഴും മാനിക്കപ്പെട്ടുവെങ്കിലും അതിനു അവസാനമുണ്ടാകും. ദൈവാലോചന കേട്ട് അനുസരിച്ചേ മതിയാകൂ. ഏലിയുടെ മക്കൾ പാപങ്ങൾ ചെയ്തു കൂട്ടുമ്പോൾ കണ്ണടച്ച് പ്രാർത്ഥിച്ചു കൊണ്ടുമാത്രമായിരിക്കുന്ന ഒരു പുരോഹിതനെ അല്ല ഇന്നു ആവശ്യമായിരിക്കുന്നത്.

**ദൈവാലയത്തിലെ നീചന്മാർ!**

എന്തൊരു വൈരുദ്ധ്യം! ഭക്തന്മാരുടെ സ്ഥാനത്ത് നീചന്മാരോ? നീചന്മാർ എന്ന പദത്തിന്റെ വിവിധ തർജ്ജിമകൾ നാം പഠിച്ചാൽ അതിന്റെ അർത്ഥം ആഭാസന്മാർ, അധമന്മാർ എന്നൊക്കെയാണ്. ദൈവാലയത്തിൽ ഇങ്ങനെയൊക്കെ കണ്ടാൽ ആർക്കാണു സന്തോഷിക്കുവാൻ സാധിക്കുന്നത്. ഉപമകളിൽ കൂടി സംസാരിക്കുന്ന കർത്താവ് പറഞ്ഞ കാര്യങ്ങൾ ഓർമ്മയിലുണ്ടല്ലോ. സ്വർഗ്ഗരാജ്യം എല്ലാവക കടൽ ജീവികളേയും വഹിക്കുന്ന ഒരു വലയാണ്. ഈ സ്വർഗ്ഗരാജ്യം സ്വർഗ്ഗമല്ലെന്നു ഏവർക്കും അറിയാമല്ലോ. ഈ സ്വർഗ്ഗരാജ്യമാകുന്ന വലയിൽ നല്ലതും ചീത്തയുമുണ്ട്. നല്ലതിനെ ചേർക്കുകയും ചീത്തയായതിനെ എറിഞ്ഞു കളയുകയും ചെയ്യുന്നതിനുള്ള സമയം അടുക്കാറായി. കാരണം ഈ വല കരയോടു അടുത്തു കഴിഞ്ഞു. അതുകൊണ്ട് നല്ലതു ചീത്ത ആകാതിരിക്കുവാൻ സൂക്ഷിക്കുക.

നീചന്മാരുടെ സംഖ്യ ഈ വലയിൽ വർദ്ധിക്കുന്നുണ്ടോ എന്നതാണ് നമ്മുടെ ചിന്താവിഷയം. ഉണ്ടെന്നുള്ളത് സത്യമാണ്. അതുകൊണ്ടാണല്ലോ "അപ്പം ഒന്നാകകൊണ്ട് പലരായ നാം" പല പാനലുകൾ ആകുന്നത്. സാക്ഷ്യം പറച്ചിൽ സാക്ഷി പറച്ചിലായിട്ട് കോടതികളിലേക്കു മാറിയതു ഭക്തന്മാർ ആയതു കൊണ്ടല്ലല്ലോ. എന്റെ സമ്പത്തും ദൈവം എനിക്കു തന്നതൊക്കെയും പോലീസിനും വക്കീലിനും കൊടുക്കേണ്ടിവരുന്നതിന്റെ കാരണം മനസ്സിലാക്കുവാൻ ഇനിയും മൂലഭാഷയിലെ നിഘണ്ടു പരിശോധിക്കേണമോ? നീചന്മാർ പ്രസ്ഥാനങ്ങൾ കൈവശപ്പെടുത്തി കഴിഞ്ഞു. എന്നാൽ ഈ വലയ്ക്കകത്തു കുറെ നല്ലമീനും ഉണ്ട് അവർ ദൈവത്തിന്റെ ജനമാണ്. അവരാണു ദൈവത്തിന്റെ സഭ. അവരെ ഒരുക്കുന്നതും നയിക്കുന്നതും പരിശുദ്ധാത്മാവാണ്.

ഈ നീചന്മാർ ബലാല്ക്കാരികൾ ആണ്. പ്രസ്ഥാനത്തിന്റെ എല്ലാ കസേരകളും കൈക്കലാക്കുവാൻ ഇവർ കളിക്കുന്ന കസേര കളികൾ കണ്ടാൽ ആത്മീകൻ അവരുടെ ഇടയിൽ നിന്നും ഓടി അകലേണ്ടതാണ്. ഈ നീചന്മാരുടെ നോട്ടം യാഗവസ്തുവിന്റെ കൊഴുത്ത ഭാഗങ്ങളാണ്. ഇതിനുവേണ്ടി നേരിട്ട് പലപ്പോഴും ഈ നീചമേധാവികൾ ഇറങ്ങാറില്ലെങ്കിലും ഇവരുടെ അനുയായികൾ ഇവർക്കു വേണ്ടി എന്തും ചെയ്യാൻ തയ്യാറാണ്. കാരണം ഇതു അവരുടെയും കൂടെയുള്ളവരുടെയും സമ്പാദന മാർഗ്ഗമാണ്. പണം, ഊമകത്തുകൾ, ഗുണ്ടായിസം എന്നീ "മുപ്പല്ലി" ഇവരുടെ കൈവശം ആവശ്യം പോലെയുണ്ട്. ഇവരുടെ നില്പു കണ്ടാൽ മാന്യൻ ആണെന്നു തോന്നിയാലും കിടക്കുമ്പോൾ പാപികളായി മാറുകയാണ്. (1ശമു:2:22) ഇവർക്കു സമാഗമന കൂടാരം ഒരു നിശാക്ലബ്ബ് ആയി കാണുവാൻ ഒരു പ്രയാസവുമില്ല. അതേ കൂടാരത്തിൽ പകൽ മുഴുവനും ശുശ്രൂഷയുമാണ്.

ഊതുന്നു, ഉറങ്ങുന്നു, വീഴുന്നു, വിറയ്ക്കുന്നു, ചിരിക്കുന്നു, കുരയ്ക്കുന്നു, ശർദ്ദിക്കുന്നു അവയവങ്ങൾ കൈക്കലാക്കി ഓടിക്കുന്നതുപോലെ കാണിക്കുന്നത് ഒരുവൻ മറ്റൊരുവനെ തല്ലുവാൻ വരുമ്പോൾ മറ്റുചിലർ അവനെ പിടിക്കുന്നതുപോലെ സ്റ്റേജിൽ വലിയ ഉരുട്ടിപിടിത്തം. ഇരിപ്പിടം എടുത്തുകൊണ്ട് നടക്കുക പഴയകാലങ്ങളിൽ വസ്ത്രം കല്ലിൽ അടിച്ചു കഴുകും പോലെ തലയിൽ തുണി അലക്കു ശുശ്രൂഷ! ഇങ്ങനെ പോകുന്നു ഈ കാലങ്ങളിലെ ശുശ്രൂഷാ രീതികൾ. ഇതാണോ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ! ഇതാണോ ബാധകൾ! അതെ ഇതാണ് ബാധകൾ! ഫറവോന്റെ മുമ്പിൽ മോശെയ്ക്കു മാത്രമല്ല ഫറവോന്റെ മന്ത്രവാദികൾക്കും ഒരേ അടയാളം കാണിക്കുവാൻ സാധിക്കും. എന്നാൽ മന്ത്രവാദികളുടെ ക്രിയകൾ പരിശുദ്ധാത്മാവിൽ ഉള്ളതല്ലയെന്നു നാം മനസ്സിലാക്കണം. ആട്ടിൻ കാഷ്ഠവും കുരുമുളകും തമ്മിൽ തിരിച്ചറിയുവാൻ സാധിക്കാത്ത ആധുനിക തലമുറ ആരാധനയുടെ മറവിലും ശുശ്രൂഷകളുടെ മറവിലും നടക്കുന്ന തട്ടിപ്പും വെട്ടിപ്പും മനസ്സിലാകാതെ ചതിയിൽ അകപ്പെടുന്നു. ആരും ഗണ്യമാക്കുന്നതുമില്ല!

ധന സമ്പാദനത്തിനായി ആത്മീക ശുശ്രൂഷകൾ ചെയ്യുന്നവർ മനസ്സിലാക്കുക. നിങ്ങൾ ചെയ്യുന്നതു ദൈവീകശാപത്തിന്റെ ശുശ്രൂഷയാണ്. പണം കൊടുത്തു അർഹതയില്ലാത്തെടുത്തു കയറുന്നതും ശുശ്രൂഷിക്കുന്നതും നാശയോഗ്യമാണു അല്ലായിരുന്നുവെങ്കിൽ പത്രോസ് ശീമോനെ അനുമോദിച്ചേനെ (അ.

05

## കാലികം

# തെരുവ് നായകൾ വാഴുന്ന കേരളം



സജി നെടുങ്കണ്ടം
9495669391

2008 ഡിസംബർ മാസം 28-ാം തീയതി ഞായറാഴ്ച മലയാള മനോരമ പത്രത്തോടൊപ്പം ലഭിച്ച ‘ശ്രീ’ എന്ന മാസികയിൽ മലയാള മനോരമയുടെ ന്യൂസ് ഫോട്ടോഗ്രാഫർ 2008-ൽ പകർത്തിയ വാർത്താചിത്രങ്ങളിൽ നിന്നുള്ള 12 മികച്ച ചിത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ എട്ടാമത്തെ പേജിൽ മനോരമയുടെ തൃശൂർ ഫോട്ടോഗ്രാഫർ ജോസ്കൂട്ടി പനയ്ക്കൽ പകർത്തിയ “ഡോഗ്സ് ഓൺ കൺട്രി”......!! എന്ന് അടിക്കുറിപ്പ് നൽകിയ ഒരു ചിത്രം ഏറെ ശ്രദ്ധിക്കപ്പെട്ടു. വർക്കല ക്ലിഫ് ബീച്ചിൽ സൺബാത്ത് നടത്തുന്ന വിദേശ വനിതയ്ക്ക് ചുറ്റും വെയിൽ കായുന്ന തെരുവു നായ്ക്കളെ കാണാം. ആ മണൽപരപ്പിൽ അർദ്ധനഗ്നയായി കമിഴ്ന്നു കിടന്ന് ഇളം വെയിൽ കൊള്ളുന്ന വിദേശ വനിതയ്ക്ക് ചുറ്റും എട്ട് നായ്ക്കൾ കിടക്കുന്ന ചിത്രമാണ് പുറത്തു വന്നത്. ആ ക്യാമറ കണ്ണ് ഒപ്പി എടുത്ത ചിത്രത്തിന്റെ ഇതിവൃത്തത്തിൽ നിന്നും ദൈവത്തിന്റെ സ്വന്തം നാടായ കേരളം തെരുവ് നായ്ക്കൾ വാഴ്ച നടത്തുന്ന നാടാണ് എന്ന് തെളിയിക്കുകയായിരുന്നു. ഏതാണ്ട് 7 വർഷം പിന്നിട്ട് 2015 ആയപ്പോഴെയ്ക്കും കേരളത്തിന്റെ ഓരോ തെരുവും നായുടെ പിടിയിൽ ഒതുങ്ങി നാട്ടുകാരെ കടിച്ചു കീറാനും തുടങ്ങി. നരനായാട്ടുകാരും, മതതീവ്രവാദികളും, മയക്കുമരുന്ന് മാഫിയയും ക്രൂരന്മാരായ തസ്കരന്മാരും കേരളം വാഴുന്ന ഈ നവയുഗത്തിൽ പൊറുതിമുട്ടി ജനം നരകയാതന കഴിക്കുമ്പോഴും കുരുന്നുകളെ നിഷ്ക്കരുണം കടിച്ചു കീറുന്ന പേപ്പട്ടിയെ പോറ്റാനും തെരുവിൽ ഉപരോധം സൃഷ്ടിക്കുന്ന മൃഗ സ്നേഹികളെ കുറിച്ച് ഓർക്കുമ്പോൾ ലജ്ജതോന്നുന്നു. കാളകൂടത്തിൽ മുക്കി ഉണക്കിയ പച്ചക്കറിയും തിന്ന്, കാറി തുപ്പി മലിനമായ ജീവവായു ശ്വസിച്ചും ആയുർ ആരോഗ്യം നഷ്ടപ്പെട്ട മലയാളി ജനത പൊറുതിമുട്ടിക്കഴിയുമ്പോൾ കുരുന്നു മക്കളെ കടിച്ചു കീറുന്ന ഈ ശ്വാനസമൂഹത്തെ ശൂന്യമാക്കാൻ ഭരണശിരാകേന്ദ്രം വാഴുന്ന വകുപ്പ് തലമന്ത്രിമാർക്കും വഴിപോലെ കാര്യങ്ങൾ നീക്കാൻ കഴിയുന്നില്ല. തെരുവ്നായ് ശല്യത്തിന് ശാശ്വത പരിഹാരം കാണാൻ ഭരണതലത്തിലുള്ളവർക്ക് കഴിയണം. അമാന്തിച്ചാൽ കേരളത്തിലെ പട്ടണം മുഴവൻ പട്ടികൾ സ്വന്തമാക്കും.

ദുരുപദേശ കുത്തകകളുടെ ഹോൾസെയിൽ വ്യാപാരികൾ പൊടിപൊടിച്ചിരുന്ന കാലത്ത് കേരളത്തിൽ കുര, ശർദ്ദി, അട്ടഹാസം, ഉന്തിവീഴ്ത്തൽ, ഊതിവീഴ്ത്തൽ ഈ വിധ ശുശ്രൂഷകൾ നിലനിന്നിരുന്നു. ഏതായാലും കേരളസമൂഹം നേരിടുന്ന തെരുവ് നായ ശല്യം രൂക്ഷമായ ഈ സന്ദർഭത്തിൽ ന്യൂജന്മാരുടെ കുരകൂടി ഉണ്ടായിരുന്നു എങ്കിൽ ദൈവത്തിന്റെ സ്വന്തം നാട് അവർ കുളം തോണ്ടുക തന്നെ ചെയ്തേനെ. എന്നാൽ ഈ അടുത്തിടയ്ക്ക് മനസിലായത് പുത്തൻ ഉണർവ്വുകാർ കുരയ്ക്കും, ശർദ്ദിക്കും മാർക്കറ്റ് ഇടിഞ്ഞതിനാൽ കളം മാറ്റി ചവിട്ടിയിരിക്കുന്നു. പകരം പേപിടിച്ച നായെപോലെ ബാധ കേറി തുള്ളുന്നു. താത്ത്വികമായ നിലപാടുകളില്ലാതെ കൂത്തരങ്ങായി കൂത്തുക്കാഴ്ചയായി കേരളക്കര മുഴുവൻ തുള്ളിക്കളിച്ചു നടന്ന ന്യൂജനറേഷൻ കൂട്ടുകാർ ഓരോന്നായി തകർന്നു കൊണ്ടിരിക്കുന്നു. ദുരുപദേശകരെ പ്രതിരോധിക്കാൻ കർമ്മനിരതരായ കഴിവുറ്റ എഴുത്തുക്കാരും, പത്രപ്രവർത്തകരും പ്രാർത്ഥിക്കുന്നവരും ഒരുപോലെ അണിചേർന്നപ്പോൾ കൾട്ടുകൾ കളം വിടുകയാണ്. കേരളത്തിലെ ഓരോ മുക്കിലും മൂലയിലും കുരച്ച് നടന്ന് പാവപ്പെട്ട വിശ്വാസി സമൂഹത്തെ ചൂക്ഷണം ചെയ്തിരുന്നവരിൽ പലരും പണി നിർത്തി ഒതുങ്ങി കഴിഞ്ഞു. എന്നാൽ “സ്വന്തം ശർദ്ദിയിലേക്ക് തിരിഞ്ഞ നായെപ്പോലെ ആകാതിരിപ്പാൻ വിശുദ്ധന്മാർ സൂക്ഷിക്കുക. പുത്തൻ അടവുനയങ്ങൾ പുറത്തെടുത്ത് ദൈവവചനം തെറ്റായി വ്യാഖ്യാനിച്ചും അത്ഭുതത്തിന്റെ മറപിടിച്ച് ചൂഷണം നടത്തുന്ന ദുരുപദേശ ലോപികളെ പെന്തെക്കോസ്തു സമൂഹം തിരിച്ചറിയണം!! ആട്ടിൻ തോൽ ധരിച്ച ചെന്നായ്ക്കളാണ് അവർ”. അവരിലെ ഭക്തിയുടെ വേഷം കണ്ടാൽ പഴിപറയാൻ ഒരു പഴുതും കാണില്ല. എന്നാൽ നിരന്തര സംസർഗ്ഗത്താലും ഫലത്താലും വൃക്ഷത്തെ തിരിച്ചറിയാം. കൃപാവര പ്രാപ്തന്മാർ എന്ന് സ്വയം അവകാശപ്പെട്ട ഇവരുടെ മുമ്പിൽ സാധാരണ വിശ്വാസികൾ കഴുത്ത് നീട്ടിയതിന്റെ പരിണിതഫലം പിന്നത്തേതിൽ പല പെൺകുഞ്ഞുങ്ങൾക്കും മനസ്സിലായിട്ടുണ്ട്. ഉണർവ്വിന്റെ തീ ഇറക്കുന്ന ഇത്തരക്കാരെ വിശ്വാസിസമൂഹം സൂഷ്മമായി പഠിച്ച് തട്ടുകേട് സംഭവിക്കാതെ തടി രക്ഷപ്പെടുത്തുക. സ്വന്തം സഭയിലെ ഇടയന് ഉണർവ്വ് കുറവാണെങ്കിലും വചനത്തിനു വേണ്ടി നിൽക്കുന്നവനെങ്കിൽ പിന്നീട് ദൈവം അദ്ദേഹത്തെയും ഉപയോഗിക്കും എന്ന് അറിയുക.

“നായ്ക്കളെ സൂക്ഷിപ്പീൻ” എന്ന് ബൈബിൾ നമ്മെ ഉപദേശിക്കുന്നു. ഈ വാക്യം കേരളം വാഴുന്ന ഉപദ്രവകാരികളായ തെരുവ് നായെക്കുറിച്ചല്ല. അതിനെയും സൂക്ഷിക്കണം. കാരണം കേരളത്തിലെ വിശാലമായ ഓരോ തെരുവും ഈ ശ്വാനസമൂഹം അടക്കിഭരിക്കുന്നു. എന്നാൽ ഒരു കാലത്ത് കുരപ്പിച്ചും, പിന്നീട് ശർദ്ദിപ്പിച്ചും കുറെക്കഴിഞ്ഞപ്പോൾ ഊതിവീഴ്ത്തിയും ഉന്തിവീഴ്ത്തിയും, മുഴമാറ്റിയും മുടന്തു മാറ്റിയും അലറിതുള്ളി ഒടുക്കം ഒരു ബാധയായി മാറിയ ഈ ന്യൂജനറേഷൻ കൾട്ടുകളെ കേരളത്തിലെ പെന്തെക്കോസ്തുകാർ സൂക്ഷിക്കണം. പാമ്പ് പുളയുന്നതു പോലെ നിലത്ത് ഉരുണ്ട് പിരിഞ്ഞുള്ള ആരാധന വചനവിരുദ്ധമാണ്. വചനം നന്നായി പഠിക്കാൻ വിശ്വാസിസമൂഹം ഉത്സാഹിക്കണം. “സത്യവചനം യഥാർത്ഥമായി പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും ദൈവദാസന്മാർക്ക് കഴിയണം. മണലിന്മേൽ അടിത്തറ ഇട്ടുള്ള നവ ഉണർവ്വു പ്രസ്ഥാനങ്ങൾ അടുത്ത കാറ്റിലും മഴയിലും കളം വിട്ടുപോകും. എന്നാൽ ക്രിസ്തുവാകുന്ന പാറമേൽ അടിത്തറ ഇട്ട് അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ അടിയുറച്ച് ക്രിസ്തീയ ജീവിതം കരുപ്പിടിപ്പിക്കുന്ന ദൈവജനം കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കും. അവർക്ക് കൊടുങ്കാറ്റിനെയും പേമാരിയേയും പേടിക്കേണ്ടതില്ല..... കാരണം അടിത്തറ ക്രിസ്തുവാകുന്ന പാറയിലാണ്. അതുകൊണ്ട് കേരളക്കരയെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്ന തെരുവ്നായ്ക്കളെ സൂക്ഷിക്കുക.. .. കൂടാതെ വിരുത് തെറ്റിക്കുന്ന ദുരുപദേശശ്വാനന്മാരെയും ഗൗരവ ബുദ്ധിയാൽ സൂക്ഷിച്ചൊഴിയുക. കാരണം പട്ടണത്തിലെ ഓഡിറ്റോറിയവും പിള്ളാർ പന്തു കളിക്കുന്ന ഗ്രൗണ്ടും ആധുനിക തുള്ളലുകാർ അടങ്കം ഭരിക്കുകയാണ്. വീഴാതെ നിൽക്കുക... കൂടെ കടി ഏൽക്കാതെയും.......!!

## കണ്ടതും കേട്ടതും

# ചില ‘ഇടയായിത്തീരലുകൾ’

ജയ്മോഹൻ അതിരുങ്കൽ, 9567759748




അടുത്ത സമയത്ത് ഒരു ‘സ്മരണിക’ (souvenir) കണ്ടു. സാധാരണയായുള്ള സ്മരണികകളുടെ മട്ടും ഭാവവും നമുക്കറിയാമല്ലോ. അത്രതന്നെ. ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയുടെ ഒരു ഡിസ്ട്രിക്റ്റിന്റേതാണ് ഉല്പന്നം. ഒരു ‘എബ്രായ പെരൊക്കെ നൽകി, ആളുകളെ അമ്പരപ്പിക്കുന്ന ഈ പ്രസിദ്ധീകരണത്തിൽ ധാരാളം അക്ഷരത്തെറ്റുകളുണ്ട്.

ഇതിലൊരു ദൈവദാസന്റെ ഓർമ്മക്കുറിപ്പുണ്ട്. മൂന്നു പേജിലായി എഴുതിയിരിക്കുന്ന ഈ കുറിപ്പിൽ ഇരുപത്തൊന്ന് “ഇടയായി” ഉണ്ട്! ഒരു പേജിൽ ശരാശരി ഏഴു വീതം ‘ഇടയായി’കൾ!! ഉദാഹരണമായി നോക്കുക:“അഞ്ചു വർഷം അവിടെ പ്രവർത്തിക്കുവാൻ ഇടയായി. ഇരുപത്തൊൻപതു പേർ സ്നാനപ്പെട്ടു ദൈവസഭയോടു ചേരുവാൻ ഇടയായി. ദൈവസഭ അനുഗ്രഹിക്കപ്പെടുവാൻ ഇടയായി”. ഈ മൂന്നു വാചകവും തുടരെ വന്നതാണ്. നേരേ മറിച്ച്, ഇവ ഇങ്ങനെയെഴുതിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെയെന്നു നോക്കുക: “അഞ്ചു വർഷം അവിടെ പ്രവർത്തിച്ചു. ഇരുപത്തൊൻപതു പേർ സ്നാനപ്പെട്ട് ദൈവസഭയോടു ചേർന്നു. ദൈവസഭ അനുഗ്രഹിക്കപ്പെട്ടു.”

യിസ്രായേലിനു പ്രമാണം കൊടുക്കുമ്പോൾ, ‘അധികാംഗൻ’ (ലേവ്യ. 21:18), അതായത് ‘പതിഞ്ഞതോ പൊന്തിനിൽക്കുന്നതോ ആയ മൂക്കുള്ളവൻ’ (പി. ഒ. സി. ബൈബിൾ) ദൈവസന്നിധിയിൽ യാഗാർപ്പണം ചെയ്യരുതെന്നു പറയുന്നു. ഇതുപോലെയാണു പെന്തെക്കോസ്തുകാരുടെ ചില ഭാഷാപ്രയോഗങ്ങൾ. അധികപ്പറ്റായ ഇത്തരം പ്രയോഗങ്ങൾ പ്രസംഗത്തിലും എഴുത്തിലുമുണ്ട്.

“അമേരിക്കയിൽ നിന്നു തോമാച്ചായൻ വന്നിട്ടുണ്ട്” – ഇതൊരു അറിയിപ്പാണ്. “അമേരിക്കയിൽ നിന്നു തോമാച്ചായൻ വരുവാൻ തക്കവണ്ണമിടയായിത്തീർന്നു”– ഇതും അറിയിപ്പുതന്നെ. ഇതിലേതാണു നല്ലത്?

എനിക്കൊരു സഹോദരനെയറിയാം. അദ്ദേഹം സാക്ഷ്യം പറയാനെഴുന്നേറ്റാൽ, എത്ര ചെറിയ സാക്ഷ്യമാണെങ്കിലും അഞ്ചാറ് ‘ഇടയായിത്തീർന്നു’ വരുമെന്നു തീർച്ചയാണ്.

ഒരിക്കൽ പ്രസംഗത്തിലെ ‘ഇടയായികൾ’ പരിധിക്കപ്പുറത്തേക്കു കടക്കുവാനിടയായിട്ടുണ്ട്. അങ്ങനെയൊരിക്കൽ ‘ഇടയാകാനിടയായി’യെന്നും പറഞ്ഞുകളഞ്ഞു’ (ഞങ്ങൾ പണ്ടു നടത്തിയ ഒരു സുവിശേഷയോഗത്തിന്റെ അനൗൺസ്മെന്റിൽ, “യോഗാനന്തരം കത്തുന്ന നരക’മെന്ന ഫിലിം പ്രദർശനമുണ്ടായിരിക്കുന്നതായിരിക്കുന്നതായിരിക്കുന്നതാണ്” എന്നൊരു ‘മൈക്കു കൊതിയൻ’ വിളിച്ചു പറഞ്ഞതോർക്കുന്നു). ഇങ്ങനെയുള്ള ‘ഇടയായിപ്പാസ്റ്റർമാരെ’ ഒന്നു തിരുത്തിയാൽ, അവരുടെ കോപം കാണുവാനിടയാകുമെന്നതുകൊണ്ട് അതു വേണ്ടെന്നു തീരുമാനിക്കുവാനിടയായി.

ഞാൻ ചിലരുടെ ഭീമാബദ്ധങ്ങൾ കുറിച്ചു കൊടുത്തിട്ടുണ്ട്. കോന്നിയിലുണ്ടായിരുന്ന ഒരു പാസ്റ്റർ, അതിരുങ്കൽ സഭയിലെ ഒരു യോഗത്തിൽ പ്രസംഗിച്ചു. ‘ഡ്രമ്മിസ്റ്റ്’ (ഡ്രം കൊട്ടുന്നയാൾ) എന്നു പലതവണ പറഞ്ഞു. യോഗാനന്തരം ഞാനത് എഴുതിക്കൊടുത്തു: – ‘ഡ്രമ്മിസ്റ്റ്’ തെറ്റ്, ‘ഡ്രമ്മർ’ (drummer) ശരി. അദ്ദേഹത്തിനതു വലിയ കാര്യമായൊന്നും തോന്നിയില്ല. വേറൊരു മണ്ടത്തരവും അദ്ദേഹം പറഞ്ഞിരുന്നു. അതും ആ കുറിപ്പിൽ ഓർമ്മിപ്പിക്കാൻ ഞാൻ വിട്ടുപോയില്ല.

ഏതു കാര്യത്തിന്റെയും കൂടെ ist ചേർത്താൽ അതു കൈകാര്യം ചെയ്യുന്നയാളാകുമെന്നൊരു ധാരണയുണ്ട്. അതുകൊണ്ടാണു ‘തിയോളജിസ്റ്റ്’ എന്ന് എം. വി. ചാക്കോ സാറിനെ വിശേഷിപ്പിച്ചത്. തിയോളജി പഠിച്ചയാൾ തിയോളജിയനാണ്, ജ്യോത്സ്യൻ പഠിച്ച വ്യക്തി ‘അസ്ട്രോളജിയനാ കുന്നില്ല, അത് ‘അസ്ട്രോളജർ’ ആണ്. ‘ജ്യോതിശാസ്ത്രജ്ഞനെ ‘അസ്ട്രോണമർ’ എന്നും വിളിക്കുന്നു. അമേരിക്കൻ ബഹിരാകാശസഞ്ചാരി ‘ആസ്ട്രോനോട്ട്’ (Astronaut) ആകുമ്പോൾ, എല്ലാവരും അതല്ല. റഷ്യൻ ബഹിരാകാശസഞ്ചാരിയായ യൂറി ഗഗാറിനെ ‘കോസ്മോനോട്ട്’ എന്നേ വിളിക്കാവൂ. നമ്മുടെ രാകേശ് ശർമ്മയും Cosmonaut ആണ്. അദ്ദേഹം റഷ്യക്കാരുടെ കൂടെയാണല്ലോ ചന്ദ്രനിൽ പോയത്. അന്ന് ഇൻഡ്യയ്ക്കു പതിനഞ്ചുകോടി രൂപയാണുപോലും അതിനു ചെലവായത്!

“കടന്നുവന്നവർക്കുള്ള നന്ദിയും സ്വാഗതവും” കേട്ടു കേട്ടു മടുത്തുവെന്നു പറഞ്ഞാൽ മതി. നദിയും കടലുമൊക്കെത്താണ്ടി വരുന്നവരാണു ‘കടന്നുവരുന്നവർ’ അതിക്രമിച്ചു വരുന്നവരെയും (trespassers) അങ്ങനെ പറയുമെന്നു കേട്ടിട്ടുണ്ട്. ‘സന്നിഹിതരായവർക്ക്’, ‘ആഗതരായവർക്ക്’ എന്നു പറഞ്ഞാൽ അതല്ലേ നല്ലത്?

ലളിതമായ ഭാഷിൽ പ്രസംഗിച്ചാൽ അതു കേൾക്കാൻ കൊള്ളാം. ഒരുപാടു ബുദ്ധിമുട്ടി, ‘ഢന്നുവരിഖാ, ഖർത്ഥാവു നിന്നെ വിഢ്ഡുവിക്കും’ എന്നൊക്കെ എന്തിനാണു പറയുന്നത്? ‘നീ’ എന്നതു നീചമായ സംബോധനയാണ്. ഭാര്യയെയോ മക്കളെയോ ഒക്കെയേ അങ്ങനെ വിളിക്കാവൂ. സഭായോഗത്തിൽ പ്രസംഗിക്കുമ്പോൾ ‘നീ’യെന്ന് പറയരുത്. പൊതുസ്ഥലത്ത് ഒട്ടുമേ പാടില്ല. നമ്മൾ മാത്രമാണു മറ്റുള്ളവരെ മൈക്കിലൂടെ ‘നീ’യെന്നു വിളിക്കുന്നത്.

വേറൊരു പാസ്റ്ററുണ്ട്. അദ്ദേഹം എന്തു പറഞ്ഞാലും ‘സന്ദർഭോചിത’മെന്നു പറയും. “സന്ദർഭോചിതമായി നമുക്കു സ്തോത്രക്കാഴ്ചയർപ്പിക്കാം, സന്ദർഭോചിതമായി സാക്ഷ്യം പറയാം”! ഇങ്ങനെ സന്ദർഭോചിതമായിട്ടല്ലെങ്കിലും, കൂടെകൂടെ ‘സന്ദർഭോചിതം’ പറയും. എന്താണതിലെ യുക്തിയെന്ന് എനിക്കറിഞ്ഞുകൂടാ.

ഒരാൾ അനൗൺസ് ചെയ്യുന്നതു കേട്ടു. “ഈ കൺവൻഷനിൽ ചില സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ നല്ല നല്ല പുസ്തകങ്ങളും അതിന് ഉപോദ്ബലകമായ കാസറ്റുകളും ലഭിക്കുന്നതാണ്”. എന്തു പറഞ്ഞാലും ഉപോദ്ബലകം പറഞ്ഞു കളയും.

**നീക്കിബാക്കി:** ‘സാഹിത്യവാരഫലം’ എഴുതിയ പ്രഫസർ എം. കൃഷ്ണൻ നായരാണെന്നു തോന്നുന്നു, ഒരിക്കലെഴുതി, ‘ഒരിടത്തൊരു സുവിശേഷപ്രസംഗം നടക്കുന്നെന്ന് അറിയിപ്പു കേട്ടു. സുവിശേഷപ്രസംഗമല്ലേ; കേട്ടകളയാമെന്നു കരുതി അവിടെ നിന്നു. പ്രസംഗകൻ മൈക്കിലൂടെ ‘എടാ, പാപീ’ എന്നു വിളിച്ചു. പിന്നെ അവിടെ നിന്നില്ല. പ്രസംഗം കേൾക്കാതെ പോന്നു ‘ഇത്ര നീചമായ ഭാഷ ഉപയോഗിക്കാൻ എങ്ങനെ കഴിയുന്നു’വെന്ന് അദ്ദേഹം ചോദിച്ചതായാണ് ഓർമ്മ.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 19

BELIEVERS JOURNAL

PUBLISHED ON 10/10/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub. ₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ഡിജിറ്റൽ ഇൻഡ്യാ പദ്ധതി ഇന്ത്യ കുതിക്കുന്നു



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

തിരുവല്ല പട്ടണത്തിന് മുകളിലൂടെ പറക്കുന്ന ആളില്ല വിമാനം ഏവരേയും നിരീക്ഷിക്കുന്നു. ജനങ്ങളിൽ ആർക്കും ഇത് ഒരു വലിയ കാര്യമായി തോന്നിയില്ല എന്നും കാണുന്ന ഒരു സാധാരണ സംഭവം മാത്രം. അല്പം സമയത്തിനുള്ളിൽ ആ വിമാനം ആരും അറിയാതെ ഒരു വ്യക്തിയെ ശ്രദ്ധിച്ച് അദ്ദേഹത്തെ പിൻതുടരുന്നു. പ്രസ്തുത വ്യക്തിയുടെ ഫോട്ടോ എടുത്തു ആർക്കോ അയച്ചു അത് ആരും അറിഞ്ഞില്ല. അല്പസമയത്തിനകം പോലിസ് വാഹനം ചീറിപാഞ്ഞ് വന്ന് ആളില്ല വിമാനം ഫോട്ടോ എടുത്ത വ്യക്തിയെ അറസ്റ്റ് ചെയ്തു കൊണ്ട് പോകുന്നു. കാരണം അനേകം നാളുകളായി പോലിസ് അന്വേഷിക്കുന്ന പിടികിട്ടാപ്പുള്ളിയാണ് അതു വഴി നടന്ന് പോയത്. ആർക്കും അത് മനസ്സിലായില്ലെങ്കിലും രഹസ്യമായി ആളുകളെ നിരീക്ഷിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന നൂതന സംവിധാനത്തിന്റെ നീയന്ത്രണ മുറിയിലെ കമ്പ്യൂട്ടറിന്റെ വിവര ശേഖരത്തിൽ ഒരോ വ്യക്തിയെക്കുറിച്ചും പൂർണ്ണ വിവരം ഉണ്ട് അത് കൊണ്ടാണ് ഇത് സാദ്ധ്യമായത്. ഇത് എന്റെ ഒരു ചിന്ത എങ്കിലും നാളെ ഇത് സംഭവിക്കാതിരക്കാൻ തരമില്ല കാരണം സാങ്കേതിക വിദ്യയുടെ കുതിച്ചു ചാട്ടത്തിന് പ്രചുര പ്രചരണം നേടിയ നൂറ്റാണ്ടിലാണ് നാം ജീവിക്കുന്നത്. കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽ ഫോണുമൊക്കെ ആശയ വിനിമയത്തിനായി മാറ്റി നിർത്തുവാൻ കഴിയാത്ത വിധം മനുഷ്യന്റെ നിത്യജീവിതത്തിന്റെ ഭാഗമായി മാറി. അതിവേഗത്തിൽ ഏവർക്കും ആശയ വിനിമയം നടക്കാവുന്ന തരത്തിൽ ഭൂലോകത്തെ ഒരു കുടക്കീഴിൽ കൊണ്ടുവരും വിധം ഇന്റർനെറ്റ് സൗകര്യത്തിന് വിഷയമല്ലാതായിരിക്കുന്നു. നദീതട സംസ്കാരങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ മാനവ മുന്നേറ്റം കാലങ്ങൾക്കപ്പുറം വിവരസാങ്കേതിക വിദ്യയിലൂടെ അത്യുന്നതിയിൽ എത്തിയിരിക്കുകയാണ്. അറിവ് മനുഷ്യ വികസനത്തിന്റെ നാഴികകക്കല്ലായി മാറിയതോടെ വികസനം ഇന്ന് വിരൽത്തുമ്പിലെത്തിയിരിക്കുന്നു. അതിനാൽ സർക്കാർ ഫയലുകളും നടപടിക്രമങ്ങളും വേഗത്തിൽ തീർപ്പാകുന്നതിന് നമ്മുടെ സർക്കാർ വീഭാവനം ചെയ്യുന്ന അഭിമാന പദ്ധതിയാണ് ഡിജിറ്റൽ ഇൻഡ്യ പ്രോഗ്രാം. ഇന്ത്യയിലെ ഓരോ പൗരനും അവർക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ സേവനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ട് വന്ന് ഏകീകരിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ഒരോ പൗരനും അവർക്കാവശ്യമുള്ള സേവനങ്ങളെ ഇന്റർനെറ്റിന്റെ സഹായത്തോടെ മറ്റാരുടേയും സഹായം കൂടാതെ സാധിച്ചെടുക്കുന്നതിനു വേണ്ടിയുള്ള ക്രമീകരണമാണ് സർക്കാർ ചെയ്ത് വരുന്നത്. 2015 ജൂലയ് മാസം 1-ാം തീയതി പ്രധാനമന്ത്രി നരേന്ദ്രമോദി ഈ പദ്ധതിക്ക് ഉത്ഘാടനം ചെയ്തു. നഗരങ്ങളിലും ഗ്രാമങ്ങളിലും അതിവേഗ ഇന്റെർനെറ്റ് ലഭ്യമാക്കി അതിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടിസ്ഥാനമായും മൂന്ന് കാര്യങ്ങളാണ് ഡിജിറ്റൽ ഇന്ത്യാ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമാക്കുന്നത് 1) കമ്പ്യൂട്ടർ സൗകര്യങ്ങളുടെ അടിസ്ഥാന സൃഷ്ടി (The Creation of Digital Infrastructure) 2) സേവനങ്ങളുടെ സുതാര്യത, എല്ലാ സേവനങ്ങളും ഇന്റർനെറ്റ് വഴി കൈമാറുക ( Delivering Services Digitally) 3) കമ്പ്യൂട്ടർ സാക്ഷരത (Digital Literacy).ഡിജിറ്റൽ ഇന്ത്യ പദ്ധതിക്ക് പിന്തുണതേടി സാങ്കേതിക വിദ്യയിലെ ഭീമൻമാരായ ആപ്പിൾ സിഇഒ ടിം കുക്ക്, മൈക്രോസോഫ്റ്റ് സിഇഒ സത്യ നാഡെല്ല, ഗൂഗിൾ സിഇഒ സുന്ദർ പിച്ചായി എന്നിവരുമായി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. ജനങ്ങളുടെ ജീവിതരീതി തന്നെ മാറ്റുന്നതിന് സാങ്കേതിക വിദ്യയ്ക്ക് സാധിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ന് ജനങ്ങൾക്കുണ്ടായിരിക്കുന്ന മാറ്റം കാലങ്ങൾക്കു മുൻപ് ചിന്തിക്കാൻ പോലും കഴിയുമായിരുന്ന ഒന്നല്ല.




സാങ്കേതിക വിദ്യയെന്നു പറയുന്നത് പ്രതീക്ഷകൾക്കും അവസരങ്ങൾക്കുമിടയ്ക്കുള്ള ഒരു പാലമാണെന്നും അദ്ദേഹം പറഞ്ഞു. എല്ലാവർക്കും ഒരുപോലെ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ സാധിക്കത്തക്ക രീതിയിൽ ഇന്ത്യയിൽ പൊതു വൈഫൈ കൂടുതൽ പ്രദേശങ്ങളിൽ കൊണ്ടുവരുന്നുണ്ട്. സൈബർ സുരക്ഷയ്ക്ക് എല്ലാ പ്രധാന്യങ്ങളും നൽകിക്കൊണ്ട് ഇത് സാധ്യമാകും. കോർപ്പറേറ്റുകൾ മുതൽ ചെറുപ്പക്കാർ വരെ ഇതിന്റെ ഭാഗമാകുന്നു. ഓഫിസുകളിലെല്ലാം തന്നെ വിവരങ്ങൾ ഡിജിറ്റലാക്കി കംപ്യൂട്ടറുകളിൽ സൂക്ഷിക്കുന്ന സംവിധാനം കൊണ്ടുവന്ന് പേപ്പർ വിമുക്തമായ ഓഫിസുകളായി മാറ്റുവാനുള്ള ശ്രമത്തിലാണ് സർക്കാർ. എല്ലാവർക്കും ഇന്ത്യയുടെ വളർച്ചയിൽ പങ്കാളിയാകാൻ സാധിക്കും. ഇതിലേക്ക് എത്തുന്നതിനായി ഞങ്ങൾ ഡിജിറ്റൽ ഇന്ത്യ പദ്ധതി കൊണ്ടുവന്നുവെന്നും മോദി വ്യക്തമാക്കുന്നു.

ഏതൊരു ഉപഭോക്താവിനും രണ്ടു തരത്തിലാണ് സേവനദാതാക്കളിൽ ഡിജിറ്റൽ ഇൻഡ്യാ പദ്ധതയിൽ നിന്ന് സേവനം ലഭ്യമാകുക. വാർത്തവിനിമയ വിവര സാങ്കേതിക വകുപ്പിന്റെ മേൽനോട്ടത്തിൽ ഉള്ള ഒരു സമിതി സേവനങ്ങൾക്ക് നേതൃത്വം വഹിച്ച് എല്ലാവിധ

04

# സ്കൂൾ ഓഫ് ജേണലിസം ഉദ്ഘാടന സമ്മേളനം



മുഖ്യ പ്രഭാഷണം:
ഡോ. പോൾ മണലിൽ



അനുഗ്രഹ പ്രഭാഷണം:
പാസ്റ്റർ കെ. സി. ജോൺ



അദ്ധ്യക്ഷൻ:
പാസ്റ്റർ പി. ജി. മാത്യൂസ് (പ്രസിഡന്റ്)




ലോഗോ പ്രകാശനം: പാസ്റ്റർ എം. കുഞ്ഞപ്പി
സമീപം പാസ്റ്റർ പി. പി. കുര്യൻ



ആശംസ:
പാസ്റ്റർ രാജു ആനിക്കാട്



പ്രസ്താവന:
പാസ്റ്റർ സാംകുട്ടി മാത്യു (ജനറൽ സെക്രട്ടറി)



പരിചയപ്പെടുത്തൽ:
പാസ്റ്റർ ജെ. ജോസഫ് (വൈസ് പ്രസിഡന്റ്)



സ്വാഗതം:
പാസ്റ്റർ ജെയ്സ് പാണ്ടനാട് (സെക്രട്ടറി)

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.